



ANDHRA INSCRIPTIONS


Indian history



JANUARY 1, 2012

DR SUVARNA NALAPAT TRUST
[Company address]

ആന്ധ്ര ലിഖിതങ്ങൾ


INDIA
2nd CENTURY CE
Bokhara
SOGDIANA
Kashgar
Yarkand
Khotan
Oxus
KANISHKA'S EMPIRE
Parushapura
KASHMIR
Indus
Ganges
Jumna
SINDH
Minnagara (?)
Pataliputra
MAGADHA
Barbarikon
MALWA
Western Satraps
Ujjain
SURASHTRA
Narbada
Junagarh
Tapti
Mahanadi
Paithan
Godaveri
ANDHRA
KALINGA
Kistna
CHOLA
Cauvery
CHERA
PANDYA
Probable Extent of Kushan Dominions under Kanishka
Western Satraps
English Miles
0 50 100 200 300 400 500 600
65
70
75
80
85
90
40
35
30
25
20
15
10
5

ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

3610 ലിഖിതങ്ങൾ

1. വാറങ്കൽ ജില്ല 142
2. കടപ്പ ജില്ല 1010
3. കുർണൂൽ ജില്ല 1068
4. കരിംനഗർതാലൂക്ക് 80
5. നൽഗൊണ്ട 270
6. മെഹ്ബൂബ് നഗർ,ചിറ്റൂർ മുതലായവ 1000
7. ആകെ 3610

ശിലാശാസനങ്ങൾ കൂടാതെ നാൽപ്പത് താമ്രപത്രവും കിട്ടി.എല്ലാം എപ്പിഗ്രാഫിക്ക ആന്ധ്രിക്കയിൽ പ്രസിദ്ധീകരിച്ചവയാണ്. മഹാമേഘ വാഹന(ഖരവേല) ഗുണ്ടുപള്ളി ശാസനം, ചിരി ചാന്തമുലയുടെ കേശനിപ്പള്ളി ലിഖിതം, വിക്രമേന്ദ്ര രണ്ടാമന്റേയും ഗോവിന്ദവർമ്മന്റേയും വിഷ്ണുകുണ്ഡിൻ ശാസനങ്ങൾ, കർണ്ണാടകകവി പമ്പന്റെ ഇളയ സഹോദ രൻ ജിനവല്ലഭന്റെ കുർക്ക്യാലലിഖിതം, മുഡുഗൊ ണ്ട ചാലൂക്യ വംശത്തിലെ കുസുമാദിത്യന്റെ കുക്കനൂരു പ്ലേറ്റ്, കാകതി ഗണപതിദേവന്റെ സഹോദരി മയിലാംബയുടെ ബയ്യാരം തടാക ലിഖിതം, ആദ്യകാകതീയമുഖ്യന്മാരുടെ ശനിഗരലി ഖിതം, റേനാതി ചോളരാജാവ് ശ്രീമനോഹരശ്രീ കന്തന്റെ പെഡച്ചപ്പള്ളി പ്ലേറ്റുകൾ, കാകതി രുദ്ര മാതേവിയുടെ മരണം രേഖപ്പെടുത്തിയ ചന്ദുപട്ടല ലിഖിതം, പല്ലവനൃപതുംഗവർമ്മന്റെ ചിറ്റൂർ

പ്ലേറ്റുകൾ, വെങ്കി ചാലൂക്യചോളരാജാവ് പരാന്തകന്റെ മല്ലാവരം പ്ലേറ്റ്, വിശേ്വശ്വരപുത്രൻ നൃസിംഹർഷിയുടെ കവിതാരൂപമായ ഉർസുഗുട്ട ലിഖിതം, ചാലൂക്യരാജകുമാരൻ നിരവദ്യന്റെ കൊരവൈ എപ്പിഗ്രാഫിനെ കുറിച്ച സെമിനാർ പ്രബന്ധങ്ങൾ, ഘണ്ഡശാലയിൽ ലഭിച്ച പ്രാകൃത ലിഖിതങ്ങൾ, പ്രാകൃതലിഖിതങ്ങളിലെ ആദ്യകാല ആന്ധ്രതെലുങ്ക്, ചാലൂക്യകുമാരതൈലപദേവന്റെ റൈച്ചൂരു പ്ലേറ്റ്, ദായഗജകേസരിയുടെ ഖണ്ഡവല്ലി പ്ലേറ്റ്, ഇവയെല്ലാം ആന്ധ്രചരിത്രത്തിലേക്ക് വെളി ച്ചം വീശുന്നു.

പഴയ പ്രാകൃതലിഖിതങ്ങളിലെ തെലുങ്ക്

എഡി 575നു ശേഷമേ തെലുങ്ക് ഭാഷ ഉണ്ടായി ട്ടുള്ളു എന്ന അഭിപ്രായത്തിന് പഴയ പ്രാകൃത ലിഖിതങ്ങളിലെ തെലുങ്ക് എതിരാണ്. തെലുങ്കുഭാഷ ക്രിസ്തുവർഷാരംഭത്തിൽതന്നെ മറ്റ് ദ്രാവിഡഭാഷ കളിൽനിന്ന് സ്വതന്ത്രവും വ്യത്യസ്തവുമായി നില നിന്നതിന് ഈ ലിഖിതങ്ങൾ തെളിവാണ്. അന്നത്തം ലിഖിതഭാഷയിൽ പ്രാകൃതം, തെലുങ്ക്, സംസ്കൃതം ഇവയുടെ മിശ്രമാണ് കാണുന്നത്. 1-2നൂറ്റാണ്ട് ബിസിയിലെ ലിഖിതങ്ങളിൽ വേപൂരു , നാഗഭൂ മുതലായ വാക്കുകൾ വേത്തൂരു പ്രഭാകരശാസ്ത്രി യും മല്ലംപള്ളി സോമശേഖരശർമ്മയും കണ്ടെത്തി. തെലുങ്കുവാക്കുകൾ അക്കാലത്ത് തന്നെ ഉണ്ട് .575 റേനാട്ടി ചോള എറിക്കലൈ മുത്തുരാജുകാലമാവു മ്പോഴേക്ക് ഭാഷക്ക് ഒരു വ്യാകരണവും ഉണ്ട്. (K.A. Nilakantha Sastry and M. Venkataramayya, EpigrapUa Indka, XXVII, pp. 225-28)

1. മാലക്കൊണ്ട ഗുഹാലിഖിതം. ബിസി 3ആം നൂറ്റാണ്ട് അശോകൻ ബ്രാഹ്മി. പ്രകാശം ജില്ല യിലെ കണ്ടുക്കൂർ താലൂക്കിൽ മാലക്കൊണ്ട ഗ്രാമത്തിലെ പാർവ്വതീഗുഹയുടെ പൊന്തിനി ൽക്കുന്ന പുരികഭാഗത്താണ് ലിഖിതം. ശിരി (ശ്രീ) വിരി സേത്തിയുടെ സമ്മാനമാണ് വിഷ യം. അരവാഹ(ല)കുലസന്മദസേത്തിപുതസ ശിരി വിരി സേത്തിനോ ദാന. അരവാലകുലത്തിലെ സമ്മതനായ സേത്തിയുടെ പുത്രനാണ് ഇദ്ദേഹം. മുമ്പ് കാഞ്ചീപുരം മുത ൽ നെല്ലൂരു വരെയുള്ള ഭാഗം അരുവാടതലൈ എന്നാണ് അറിഞ്ഞിരുന്നത്. വിദ്യാസമ്പന്നരായ അറിവാളർകുലമാണ് അവിടെ ഉണ്ടായിരുന്നത്. ടോളമി അറുവർനോയ് (എഡി 2ആം നൂറ്റാണ്ട് വരെ) എന്ന് വിളിച്ചു. അറവാളു എന്നത് ഈ തമിഴുവാക്കിന്റെ തെലുങ്ക് ഉച്ചാരണമാണ്. കർഷകരുടെ അരിവാളും, അറം അഥവാ ധർമ്മവും അറിവും ഈ പദത്തിൽ കാണാം.
2. കലിംഗത്തിലെ സാലിഹുണ്ഡം പാത്രക്കഷ്ണം. നാക്കു ദാനം എന്നാണ് കാണുന്നത്. ഇതിലെ ക്കു എന്നത് തെലുങ്കിലെ അജന്തഭാഷയാണ്. final vowel sound characteristicc of Telugu, an ajantabhSsha .നശബ്ദം ആഗമമാണ്. അതിനു മുമ്പ് ഒരു നാമം ഉണ്ടായിരിക്കണം. ലിഖിതം 2ആം നൂറ്റാണ്ട് ബിസിയിലെയാണ്.

3 ശതവാഹനവെള്ളിനാണ്യലിഖിതം. ഗൌതമിപു ത്രശതകർണ്ണി മുതൽ ഉണ്ട്. ക്ഷത്രപനാണ്യം ത്രിലിപിയിലാണ് (ഗ്രീക്ക് ,ഖരോഷ്ടി, ബ്രാഹ്മി) ദ്വിഭാഷയാണ് (പ്രാകൃതം സംസ്കൃതം). എന്നാൽ

ശതവാഹന രുടേത് ഒറ്റ ലിപി (ബ്രാഹ്മി), ദ്വിഭാഷ (പ്രാകൃ തം ,തെലുങ്ക്). സാമന്തരായ ക്ഷത്രപർ വിദ്ദേ ശികളും ചക്രവർത്തിമാരായ ശതവാഹനർ ഇന്ത്യക്കാരുമാണെന്നതിന് ഇത് തെളിവായി കാണാം. . **പുലുമാവി 2ആമന്റെ നാണ്യം ഒരു വശം രാണോ വാസേതിപുതസ ശിരി പുലുമാവിസ**

മറുവശം. അരഹനാക്കു വാഹിത്തിമാകനാക്കു തിരുപുലുമാവിക്കു


ശ്രീശതകർണ്ണിനാണ്യം ഒരു വശം രാണോ വാസിത്തിപുതസ സിരി സാതകണിസ മറുവശം അരഹനാക്കു വാഹിത്തിമകനാക്കു തിരുഹതകണിക്കു

യജ്ഞശ്രീശതകർണ്ണിനാണ്യം ഒരുവശം രാണോ ഗൌതമിപുതസ സിരി യാനസതകണിസ

മറുവശം അരഹനാക്കു ഗോതമിപുതാക്കു തിരുയാനഹാതകണിക്കു

അരഹനാക്കു, മാകനാക്കു, പുതക്കു തെലുങ്കുപദം. തിരു തെലുങ്കും തമിഴും പദം. അരഹനാക്കു എന്നത് അരശനുക്ക് എന്ന തമിഴ് പദം . അരശു രാജാവാണ്. മകനെന്നത് പുത്രൻ (മലയാളത്തിലും തമിഴിലും). രാണോ അഥഴാ റാണാ എന്ന് അരഹനു പകരം ഉപയോഗിക്കുന്നത് കാണുക. തിരു അഥവാ ശ്രീ എന്നത് ശതകർണ്ണിമാരുടെ ദൈവീകസ്വഭാവം പറയുന്നതിന്നാണ്. ശിഖയും കർണ്ണകുണ്ഡലങ്ങളും ഉള്ള

ചിത്രവും യജ്ഞശ്രീ, അർക്കശ്രീ മുതലായ പേരുകളും ഈ ദൈവീകത കുറിക്കുന്നു. ഡോ എ കെ നാരായണൻ കണ്ടെടുത്ത ഒരു നാണ്യത്തിൽ സുദർശനചക്രം ഉണ്ട്. അതിന്നു ചുറ്റുമാണ് വാസിഷ്ഠിപുത്രശതകർണ്ണിനാമം.



ആദ്യത്തെ തെലുങ്കുപദം കാണുന്നു എന്നതുമാത്രമല്ല ആദ്യമാ യി ദേശിരാഗമായ മാത്രാഛന്ദസ്സ് ദ്വിപദജാതി രാഗദ കാണുന്നതും ഈ നാണ്യലിഖി തങ്ങളിലാണെന്ന് പണ്ഡിതന്മാരുടെ അഭിപ്രായം.

ഇക്ഷ്വാകുലിഖിതങ്ങളിലെ തെലുങ്കുപദങ്ങൾ:-

2-3 നൂറ്റാണ്ടുകളിലെ ഇക്ഷ്വാകു പ്രാകൃതലിഖിത ങ്ങളിലും തെലുങ്കു പദങ്ങളുണ്ട്. തലവരി, തൽവ ര എന്നീ പദങ്ങളെ ഉയർന്ന ഉദ്യോഗസ്ഥനെന്ന് വോഗൽ വിശദീകരിക്കുന്നു. മലയാളത്തിലെ ദള വ, തമിഴിലെ തലൈവർ ഇതെല്ലാമാണ് തൽവര. സൈന്യത്തിന്റെ തലഭാഗത്ത് അഥവാ മുന്നിലുള്ള നായകനാണ് അദ്ദേഹം. കർണ്ണാടകത്തിൽ തലാരി അഥവാ തലവര എന്നാണ്. ഇവർ ഗ്രാമപ്പഞ്ചായ ത്തുകളിലെ മുൻസിഫ് അഥവാ കരണം എന്നറി യപ്പെട്ടിരുന്നു. നിരവധി തലവരന്മാർക്ക് ഉപരി മഹാതലവരെ നിയമിച്ചിരുന്നു. ഇക്ഷ്വാകുലിഖി തങ്ങളിൽ തലവരി മഹാതലവരി എന്നാണ് കാണുന്നത്.

എഴുവല ചാന്തമുലയുടെ 2 ലിഖിതങ്ങളിൽ എലി എന്ന പ്രാകൃതപദം കാണാം. എലു എന്ന ധാതുവിൽനിന്ന് ഉണ്ടായ എലുക എന്ന തെലുങ്കു പദത്തിൽനിന്നാണ് ഈ വാക്ക് വന്നതെന്ന് പ്രൊ ഫ സർക്കാർ വിചാരിക്കുന്നു.എഴുമല ചന്തമുല യുടെ സഹോദരനായ(സ്റ്റെപ്പ് ബ്രദർ) മഹാസേനാ പതി കുമാരന്റെ സ്മരണാർത്ഥം നാട്ടിയ ഛായാ സ്തംഭത്തിലാണ് ഇത് കാണുന്നത്. ഇക്ഷ്വാകുരാ ജാവ് മാതരീപുത്രശ്രീ വീരപുരുഷദത്തന്റെ മഹി ഷിയായിരുന്ന മഹാവല്ലഭിക യഖിലാനികയുടെ മകനാണ് ഈ കുമാരൻ. ഏലിക എഴുവലശ്രീ യുടെ സേവനത്തിലുള്ള നഹാസേനാപതി

എലി ഭവുലദാസം തക്യസ (ദക്ഷസ) എന്നാണ് പരാമർശം. രാജാവിന്റെ 13ആം ഭരണവർഷത്തി ലാണ് സ്തംഭം നാട്ടിയത്.

മറ്റൊരു സംസ്കൃതലിഖിതത്തിൽ എലിശ്രീ എ ന്നാണ്. സർവ്വദേവാധിവാസമായ ശിവക്ഷേത്രപ്രാ സാദം നിർമ്മിച്ചതാണ് ലിഖിതം പറയുന്നത്. എഴുവലശ്രീയുടെ 11ആം ഭരണവർഷത്തിൽ എലിശ്രീയാണ് പ്രാസാദം നിർമ്മിച്ചത്. അദ്ദേഹം വിശേഷണതലവര അഥവാ മഹാതലവര ആണ്. ഗണ്ഡിയുടെ മകനും സേനാപതി അണക്കേയുടെ പേരക്കുട്ടിയുമാണ് എലിശ്രീ എന്ന് ഡോ ഛബ്ര. അദ്ദേഹം വേലേന്തിയ കാർത്തികേയനെന്ന കുമാ രുവിന്റെ പരമഭക്തനാണ്. കാർത്തികേയപ്രീതി ക്കാണ് ശിവക്ഷേത്രപ്രാസാദനിർമ്മിതി. ശുഭമതി രകകോത് സർവ്വദേവാധിവാസം എന്ന മംഗലാ ന്തം സർവ്വ ദേവന്മാർക്കും എന്ന അർത്ഥത്തിലാ ണ്. ദേവീപ്രാസാദവും കുമാരപ്രാസാദവും അണക്കേ നിർമ്മിച്ചതാണ്. കാർത്തികേയപ്രാസാദം പലനിലകളിലായി (തല വരവര) ഗാണ്ഡി പണിതു. അവസാനം എലിശ്രീ എന്ന ഏലികശ്രീ അതിനെ ശ്രീവിശാലമാക്കി. നിരവധി തൂണുള്ള മണ്ഡപവും ഭദ്രം എന്ന മുഖമണ്ഡപവും ഉള്ള പലനിലകളുള്ള നിർമ്മിതി യെ ശ്രീവിശാലമെന്ന് പറയുന്നു. ദേവിക്കും കുമാരനും ശിവനും (സർവ്വേദേവകൂടിയാണ് ഈ അവസാനത്തെ നിർമ്മിതി. 3 ഘട്ടങ്ങളിലായി ക്ഷേത്രം പണിതതിന്റെ രേഖ (എഴുമുല ചന്ദമു ലയുടെ കാലം വരെ) ഇപ്രകാരം തന്നിരിക്കുന്നു. അണിക്കേ രാജാവിന്റെ മാതാമഹിയുടെ വംശ ത്തിലാണ്. കൃഷ്ണാനദിയുടെ തെക്കേ കരയിലെ യേലേശ്വരം

ഏലേശ്വരത്തിന്റെ തദ്ഭവമാണ്. എഹവലേശ്വര എന്നാണ് ഇതിന്റെ മറ്റൊരു നാമം.

എലിയൻകാട് എന്ന രാജനാമവും ഏ(ഈ)ഹാ പുരേശ്വരി എന്ന ക്ഷേത്രനാമവും, വനവാസി ചുത്തു ശതകർണ്ണിയോടും കൂപകശ്രീയോടും എഴുമുല ചന്തമുലക്കുള്ള ബന്ധവും നേരത്തെ ചൂണ്ടിക്കാട്ടിയത് ഓർക്കുക. കേരള ആന്ധ്രബന്ധം വ്യക്തമാവും. അതിന്റെ പഴക്കവും ബോദ്ധ്യ മാവും.

വിക്രമാദിത്യ 1 കോൽഹാപുരം പ്ലേറ്റുകൾ:-

രണ്ട് പ്ലേറ്റ് വരാഹലാഞ്ചന (ചാലൂക്യ)കൊണ്ട് ബന്ധിച്ചിരിക്കുന്നു. 23 സെ മീ നീളം 7.3 സെമീ വീതിയുള്ള ദീർഘചതുരത്തിലുള്ള പ്ലേറ്റ്. 21 വരി ലിഖിതം .സംസ്കൃതഭാഷ. തെലുഗുകന്നഡ ലിപി (ആദിമചാലൂക്യ) ഷ മ എന്നിവ തമ്മിൽ മാറ്റി എഴുതിയിരിക്കുന്നു ഉദാഃ- നൃപതിമണ്ഡലം നൃപതിഷണ്ഡലം. ഋകാരത്തിനു ശേഷമുള്ള വ്യഞ്ജനം ഇരട്ടിക്കുന്നു. കാർത്തികേയനിലെ ത ഇരട്ടിക്കുന്നു. പൌർണ്ണമാസ്യാം എന്നതിലെ ണ ഇരട്ടിക്കുന്നില്ല. ചാലൂക്യാനാം, കുലമലങ്കരിഷ്യോ ഇവയിലെ ലകാരം വ്യക്തമാണ്. പഴമ കാരണം പലതും സന്ദർഭാനുസാരം മനസ്സിലാക്കേണ്ടി വരുന്നു. ഉദാഃ- വിജയസംതരേ വിജയസംവത്സ രേ സത്തന്ഥശ വിജയരാജസംവത്സരേ. സപ്ത ദശ 17ആം ഭരണവർഷം. വിക്രമാദിത്യ 1 കിരീട ധാരണം 654-55 എഡി. ലിഖിതം 672 എഡി.
കാർത്തികപൌർണ്ണമി. ബാദാമി ചാലൂക്യപ്രശ സ്തിയോടെ ലിഖിതാരംഭം. പുലികേശി 1 മുത ലുള്ള

വംശാവലി ഉണ്ട്. കീർത്തിവർമ്മൻ 1 മുത്തശ്ശനും പുലികേശി 2 അഛനുമാണ്. മാന വ്യാസഗോത്രമാണ് ചാലൂക്യരെന്നും ഹാരീതിപുത്രരായ ചാലൂക്യർ സപ്തമാതൃകകളാൽ പോഷിപ്പിക്കപ്പെട്ട് പാലനം ചെയ്യപ്പെട്ടവരാണെന്നും പറയുന്നുണ്ട്. കാർത്തികേയനാൽ സംരക്ഷിക്കപ്പെടുന്നു. നാരായണകൃപയാൽ വരാഹലാഞ്ചന ലഭിച്ചവരാണ്. സകല രാജാക്കന്മാരും അവരുടെ കീഴിലാണ്. ചാലൂക്യകുലാഭരണമായ പുലികേശി 1 അശ്വമേധശേഷം അവഭൃതസ്നാനം ചെയ്ത് കുലത്തെ പവിത്രമാക്കി. ശ്രീകീർത്തിവർമ്മ പൃഥ്വീവല്ലഭമഹാരാജാ വിക്രമാദിത്യന്റെ മുത്തശ്ശിനാണ്. കീഴടക്കിയ വനവാസി വരെ അദ്ദേഹത്തിന്റെ കീർത്തി പരന്നു. നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുത്ത് അദ്ദേഹം പൃഥ്വീവല്ലഭനായി.ചിത്രകാന്തം എന്ന ദിവ്യാശ്വത്തിലേറി ഒറ്റക്ക് അദ്ദേഹം ബന്ധുരാജാക്കന്മാരെ ജയിച്ച് പരമേശ്വരനെന്ന നാമം നേടി. 17ആം ഭരണവർഷം പൃഥ്വീപതി രാജാവിന്റെ അഭ്യർത്ഥനപ്രകാരമാ9. ണ് ദാനം. സ്വാമിയുടെ പേരക്കുട്ടിയും, ഭാരദ്വാജഗോത്രത്തിലെ സോമശർമ്മന്റെ പുത്രനുമായ മാദുരേന്ദുവിന് 108 നിവർത്തനം ഭൂമി കൃഷ്ണവെണ്ണനദി യുടെ വടക്കേ കരയിലെ കൊറ്റാറ്റയിലാണ് കൊടുത്തത്. (കൊറ്റാറ്റസീമ ഇപ്പോളില്ല.)

പ്ലേറ്റ് 1 രണ്ടാം പുറം

1.ജയത്യാവിഷ്കൃതം വിഷ്ണോർവരാഹ ക്ഷോഭിതാർണ്ണവം ദക്ഷിണോന്നത ദംഷ്ട്രാഗ്ര വിശ്രാന്തഭുവനം വപുഃ

2. ശ്രീമതാം സകലഭുവനസംസ്തൂയമാന മാനവ്യസഗോത്രാണാം സപ്തലോക

3. സ്വസ്തി! മാതൃഭി സപ്തമാതൃഭിവർദ്ധിതാനാം കാർത്തികേയപരിരക്ഷണ പ്രാപ്തല്യാണപരം

4. പരാ ഭഗവന്നാരായണ പ്രസാദസമാസാദിത വരാഹ ലാഞ്ചനേക്ഷണക്ഷണ

5. വശീകൃതശേഷമഹീഭൂതാം ചാലൂക്യാനാം കുലമലങ്കരിഷ്ണോ രാശ്വമേധാവഭൃതസ്നാന

6 പവിത്രീകൃതഗാത്രസ്യ ശ്രീപോലികേശിവല്ലഭ മഹാരാജസ്യ പ്രപൌത്രഃപരാക്രമാക്രാന്ത വ-

7 വനവാസ്യാദി പരനൃപതിമണ്ലപ്രണിബദ്ധ വിശുദ്ധകീർത്തേഃ ശ്രീ കീർത്തിവർമ്മ പൃഥിവവീവല്ല-

8. ഭമഹാരാജസ്യ പൌത്രഃ സമരസംസക്ത സകലോത്തരാപഥേശ്വര ശ്രീഹർഷവർദ്ധനപരാ

രണ്ടാം പ്ലേറ്റ് ആദ്യപുറം

9. ജയോപലബ്ബ പരമേശ്വരാപര നാമധേയസ്യ ശ്രീസത്യാശ്രയ ശ്രീപൃഥ്വീവല്ലഭമഹാരാജാധിരാജ

10. പരമേശ്വരസ്യ പ്രിയതനയഃ രണശിരസി രിപുനരേന്ദ്രാൻ ദിശി ദിശി ജിത്വാ സ്വവംശജാം ലക്ഷ്മീം പ്രാപ്യ

11. (ച)പരമേശ്വരതാം അനിവാരിതവിക്രമാദി ത്യഃ അപി ചൈക ഏവ ചിത്രകഷ്ടാകാഖ്യ ദിവ്യാശ്വേന സ-

12. ർവ്വവന്ദായാദാവിജേത്യ സ്വവിക്രമാക്രാന്ത സകലമഹിമണ്ഡലാധിരാജ്യാ വിക്രമാദിത്യ സത്യാ-

13. ശ്രയശ്രീപൃഥിവീവല്ലഭ മഹാരാജാധിരാജ പരമേശ്വരി സർവ്വാനാജ്ഞാപയതി വിദിത
14. മസ്തു വോസ്മാഭി സ്വരാജ്യ വിജേ യ സത്തത്സശസംവത്സരേ പൃഥ്വീപതി രാജേന വിജ്ഞാപിതേ കാർത്തിക
15. പൌർണാമാസ്യാം മാതാപിതോരാത്മനശ്ച പുണ്യയശോഭിവൃദ്ധയേ ഭാരദ്വാജസ ഗോത്രായ ശ്രീ
16. സ്വാമി പുത്രായ സോമശർമ്മാണേ തത്സുപുത്രായ വാങ്ഢങ്ഗണ്ഡു ഭടു കൃഷ്ണ വേണിനസ്ത്യോത്തരതടേ കോട്ടാത്ത സീ-

രണ്ടാം പ്ലേറ്റ് രണ്ടാം പുറം

17. മസ്യാനി ആദിരാജമാനേന അഷ്ടോത്തര ശതം നിവർത്തനം ക്ഷേത്രം ച ദത്തം അസ്മദ്വംശൈ രന്യശ്ച
18. പരിപാലനീയ സ്യോപഘാതകാ പഞ്ചമഹാ പാതക സംയുക്താ ഭവന്തി ഉക്തഞ്ച ഭ-
19. ഗവദാദേ വേദവ്യാസനേ വ്യാസേന ബഹുഭിർവസുധാ ഭൂതാ രാജഭി സ്സഗരാദിഭി യസ്യ യസ്യ
20. യദാഭൂമി തസ്യ തസ്യ തദാ ഫലം .സ്വദത്താം പരദത്താം വാ യോ ഹരേത വസു-
21. ന്ധരാം ഷഷ്ഠിം വർഷസഹസ്രാണി വിഷ്ഠായാം ജായതേ ക്രിമിഃ

ശ്രീകണ്ഠശ്രീമനോഹരചോളന്റെ പെദ്ദചപ്പല്ലി പ്ലേറ്റ്

ഗ്രാമത്തിലെ അകുലപതി നരസിമ്മയ്യനാണ് ഇവ ലഭിച്ചത്. ഈ കർഷകൻ കോട്ടപ്പടിമടി ചേനു എന്ന സ്ഥലം കുഴിക്കുമ്പോഴാണ് ഇവ ലഭിച്ചത്. 3 പ്ലേറ്റു ണ്ട്. താമ്രപത്രലിഖിതങ്ങളാണ്. വൃത്താകൃതിയിലു ള്ള സീലിൽ താമരപ്പൂദളം കൊത്തിയിട്ടുണ്ട്. സീലി ന്റെ ഉൾഭാഗത്ത് വാലുവളച്ച് പുറം തൊടുന്ന സിംഹമുണ്ട്. സിംഹം ചെറിയ വേദിമേൽ ഇട ത്തോട്ട് തിരിഞ്ഞ് നിൽക്കുന്നു. മുകളിൽ സൂര്യചന്ദ്ര ന്മാർ താഴെ അഞ്ചിതളുള്ള താമരയും മുകുളവും. 18.5 സെമീ നീളം, 6.8 സെമീ വീതി, 2 മിമീ കനം. ആദ്യത്തെ രണ്ട് പ്ലേറ്റിലും ഇരുവശവും ലിഖിതം. മൂന്നാമത്തേതിൽ ഒരുവശം മാത്രം. £ എന്നും 0= എന്നും ജകാരം എഴുതിയിരിക്കുന്നു. അ ആ ഇ ഈ ഐ എന്നീ സ്വരങ്ങളുപയോഗിക്കുന്നു. ഖ പഴയ രീതിയിൽ £ എന്നും പുതിയ രീതിയിലും എഴുതുന്നു, ച വ ഇവ വ്യത്യാസം ഇല്ലാതെ കാണാം. ഉദാഃ ധൃതാശ്വശ്ച. എരേയമ്മ, ചോള, എളംചോള, ലച്ചിനവന്റ്റു മുതലായ പദങ്ങളിലെ രളലയോരഭേദം വ്യക്തമല്ല. ന്റ്റു ര ഇല്ലാതെ കൂട്ടക്ഷരമായി എഴുതിയിട്ടുണ്ട്. 6-8 നൂറ്റാണ്ടിലും 9ആം നൂറ്റാണ്ടിലും ഈ അക്ഷരം തെലുങ്കുഭാഷ യിലുണ്ടായിരുന്നു. മ അനുസ്വാരമായി എഴുതുന്നു.

ആദ്യത്തെ 11 വരി സംസ്കൃതശ്ലോകമാണ് പിന്നെ സംസ്കൃതഗദ്യം.

ലിഖിതം ആരംഭിക്കുന്നത് ഗംഗയിലൊഴുകുന്ന വഞ്ചി പോലെ ചന്ദ്രക്കല ചൂടുന്ന ശിവനെ സ്തുതി ച്ചാണ്. ബ്രഹ്മപുത്രനായ മരീചിയുടെ പുത്രൻ കശ്യപൻ. വിവസ്വാൻ, വൈവസ്വതമനു, ഇക്ഷ്വാ കു, വികുക്ഷി, കാകുത്സൻ,അനേനസ്സ്, പൃഥു,വിശ്വ ഗ,

ആന്ധ്രക, യുവനാശ്വ, ദൃഢാശ്വ, ഭഗീരഥ, ഹര്യശ്വ, നികുംഭ, ബൃഹദശ്വ, അനാരണ്യ, ദിലീപ, രഘു,ദശരഥ, രാമ,കുശ, സമ്രാട്ട്, അർദ്ധസാമ്രാട്ട്, പദസാമ്രാട്ട്, ചോളരാജാക്കന്മാരെന്ന് വംശവൃക്ഷം തരുന്നു. കരികാലനാണ് ചോളരാജകുലത്തിന്റെ ശിരസ്സിലെ ഭൂഷണം. ചോളവംശത്തിൽ സുന്ദരനന്ദ ൻ, നവരാമൻ,എരേയമ്മൻ, വിജയകാമൻ, വീരാ ർജ്ജുനൻ, അഗ്രനിപിഡുഗു, കോക്കുലി, മഹേന്ദ്രവ ർമ്മൻ, ഇളംചോളൻ , നൃപകാമൻ, ശ്രീകന്തശ്രീമ നോഹരനെന്നിവർ ജനിച്ചു. ശ്രീകന്തശ്രീമനോഹരൻ മൂഗവാടിയിലെ കരുവൂരുഗ്രാമം സൂര്യഗഹണ സമയത്ത് ബ്രഹ്മദേയമായി ഏകഭോഗമായി, കശ്യപ ഗോത്രം ആപസ്തംബസൂത്രത്തിലെ മാസോപവാസി യും ക്രമയിതനുമായ ക്രാംജഗുണ്ഡയ്യ ബ്രാഹ്മണനു കൊടുത്തു. പിന്നീട് ഇത് 10 പേർ ഭാഗിച്ചെടുത്തു. ഇവരിൽ 9 പേരും ആപസ്തംബസൂത്രക്കാരായതു കൊണ്ട് ആപസ്തംബധർമ്മസൂത്രം പഠിപ്പിക്കുന്ന അഗ്രഹാരമായിരുന്നിരിക്കണം.

1. മാധവശർമ്മൻ കശ്യപഗോത്രം 6 ഭാഗം
2. വെണ്ണയ്യശർമ്മൻ കശ്യപഗോത്രം 2ഭാഗം
3. മാരശർമ്മൻ കശ്യപഗോത്രം 4 ഭാഗം
4. ഗുണ്ടയ്യശർമ്മൻ കശ്യപഗോത്രം 2 ഭാഗം
5. ....കൊണ്ഡിന്യഗോത്രം 1 ഭാഗം
6. മുപ്രോൾ ഗ്രാമത്തിലെ മാരേയശർമ്മൻ
   കൌശികഗോത്രം 1 ഭാഗം
7. മാവുന്ദുരുവിലെ ജന്നേയശർമ്മൻ
   കൌണ്ഡിന്യഗോത്രം 1 ഭാഗം
8. ഗോമദുവിലെ തിരുവശർമ്മൻ
   കൌണ്ഡിന്യഗോത്രം 1 ഭാഗം

9. ചേന്ദരൂരുവിലെ രേച്ചയ്യശർമ്മൻ ഹരിതഗോത്രം 1 ഭാഗം
10. പാബുദിന്ദിയിലെ പിഡ്ഡയ്യശർമ്മൻ കൌശികഗോത്രം 1 ഭാഗം

വങ്കിപ്പറ്റുവിലെ മറ്റൊരു ബ്രാഹ്മണനും ഉണ്ട്. അദ്ദേഹത്തിന്റെ നാമം ഗോത്രം സൂത്രം ഭാഗം ഇവ പറയുന്നില്ല. ലിഖിതം എഴുതിയത് ബപ്പയിതുല സർവ്വദാസു. കടപ്പ,ചിറ്റൂർ ജില്ലകൾ 6- 9 നൂറ്റാണ്ടുവരെ ഭരിച്ചത് റേനാതിചോളന്മാരാണ്. ശ്രീകാന്തശ്രീമനോഹരചോളൻ റേനാതിചോളശാഖയിലാണ്. പുണ്യകുമാരന്റെ മാലേപ്പാടു പ്ലേറ്റിന് ആം നൂറ്റാണ്ടാണ് പഴക്കം ഇതിനുശേഷമാവണം ഈ പ്ലേറ്റ്. 9ആം നൂറ്റാണ്ടെന്ന് കരുതുന്നു. കരികാലചോളവംശത്തിലാണ് ശ്രീകാന്തമനോഹര ചോളൻ.ബ്രഹ്മാവിൽനിന്ന് ആരംഭിച്ച മിത്തോളജി ക്കൽശാഖ ചരിത്രപരമായ ചോളനിലാണ് അവസാ നിക്കുന്നത്. വൊല്ലാല എപ്പിഗ്രാഫിൽ ചോളമെന്ന ശിലാസസ്യം വംശത്തെ പ്രയാസങ്ങളിൽനിനിന്ന് രക്ഷിച്ചതിനാലാണ് ചോളനാമം .ഇത് വിശ്വസനീയ മല്ല. ഇവിടെ വംശം സുന്ദരനന്ദനിലാണ് തുടങ്ങുന്ന ത്. ശ്രീകണ്ഠചോളന്റെ മദ്രാസ് മ്യൂസിയം പ്ലേറ്റിലും ഇവിടെയും കൊടുത്ത വംശാവലി താരതമ്യപ്പെ ടുത്തുക.

മദ്രാസ് മ്യൂസിയം പ്ലേറ്റ്	പെദ്ദചെപ്പല്ലി പ്ലേറ്
1 സുന്ദരനന്ദ 2.നവരാമ 3എരേയമ്മ 4 വിജയകാമ 5വീരാർജ്ജുന	1.സുന്ദരനന്ദ 2 നവരാമ 3 എരേയമ്മ 4.വിജയകാമ 5 വീരാർജ്ജുന

6.അഗ്രനിപിഡുഗു 7.കോകുലി 8. മഹേന്ദ്രവർമ്മൻ 9.എളംചോള 10.നൃപകാമ 11.ദിവാകര 12. ശ്രീകന്തചോളാധി രാജ	6 അഗ്രനിപിഡുഗു 7കോക്കുലി 8 മഹേന്ദ്രവർമ്മ 9 എളംചോള 10 നൃപകാമ 11 ശ്രീകന്തശ്രീമനോ ഹര

ദിവാകരനാമം ഈ പ്ലേറ്റിലില്ല. നൃപകാമന് ദിവാകരൻ,ശ്രീമനോഹരനെന്ന് 2 മക്കളുണ്ടായിരുന്നിരിക്കാമെന്നും ദിവാകരനെന്ന ജ്യേഷ്ഠന്റെ പുത്രൻ ശ്രീകണ്ഠചോളാധിരാജനും ശ്രീകണ്ഠശ്രീമ നോഹരനും ഒരാളല്ലെന്നും കരുതപ്പെടുന്നു. പുണ്യ കുമാരന്റെ മാലേപ്പാട്ട്, ദൊമ്മരിനന്ദ്യാല പ്ലേറ്റുകളി ൽ രേനാഡുചോളന്മാർക്ക് സുന്ദരനന്ദശാഖ, ധനഞ്ജ യവർമ്മശാഖ എന്ന് രണ്ട് ശാഖ കാണുന്നു. ഇതി ലാണ് പല്ലവംശവും പെടുന്നത്. കശ്യപഗോത്രത്തി ലെ നന്ദിവർമ്മന് സിംഹവിഷ്ണു, സുന്ദരനന്ദ, ധനഞ്ജയവർമ്മനെന്ന് മൂന്നു മക്കൾ. ധനഞ്ജയവ ർമ്മന്റെ മകൻ ചോളമഹാരാജ. (മഹേന്ദ്രവിക്രമ വർമ്മൻ, നവരാമൻ, മുദിതശിലാക്ഷരൻ). ഇദ്ദേഹ ത്തിന് രണ്ട് മക്കൾ, ഗുണമുദിതനും, പുണ്യകുമാ രനും (പോർമുഖരാമൻ).സുന്ദരനന്ദന്റെ താവഴിയാ ണ് ഇവിടെ പറയുന്നത്.

തിപ്പലൂർ എപ്പിഗ്രാഫിൽ ചിർപ്പുലി തലസ്ഥാനമാ ക്കി രേനാഡു വാഴുന്നത് പുണ്യകുമാരനാണ്. പെദ്ദ ചെപ്പല്ലി തന്നെയാണ് ചിർപ്പുലി. (മദനപ്പള്ളി താലൂ ക്ക് ചിറ്റൂർ) പുണ്യകുമാരശാഖയോളം പ്രശസ്തി യോ

രാജാധികാരമോ ഇവർക്ക് ഇല്ല, 9ആം നൂറ്റാ ണ്ടുവരെ ഇവർക്ക് ഭരണം തുടരാനായിട്ടും ഇല്ല. നന്ദിവർമ്മനും സിംഹവിഷ്ണുവും പല്ലവന്മാരാണ്. അവരുടെ സാമന്തരായിട്ടാണ് ഈ ശാഖ ഭരിച്ചത്. പിന്നീട് ഇവർ വിജയാദിത്യ മുതലായ നാമങ്ങളോ ടെ ചാലൂക്യസാമന്തരും ആയിരുന്നു. 7ആം നൂറ്റാ ണ്ടിൽ ഇവർക്ക് സ്വതന്ത്ര ഭരണം ഉണ്ടായിരുന്നതാ യി അനുമാനിക്കണം. ഇക്ഷ്വാകുശാഖയിലെ വികു ക്ഷി കന്മഷപാദശാഖയായതിനാലാവാം ഇവരെ കരികാലന്മാരെന്ന് വിളിച്ചത്. (തമിഴിൽ കരികാലൻ സംസ്കൃതത്തിലെ കന്മഷപാദനാണ്). ഒന്നാം പ്ലേറ്റു വംശാവലിയാണ്. രണ്ടാം പ്ലേറ്റ് ദാനവും ഭൂമി ഭാഗം ചെയ്ത് ബ്രാഹ്മണർക്ക് കൊടുത്തതും പറയു ന്നു. ഇതിലെ കരുവൂർ തമിഴകത്തെ കൊങ്ങുചേര ഭൂമിയാണ്.

മഹാബലി ബാണരശന്റെ ചദല്ല എപ്പിഗ്രാഫ്

പുംഗനൂർചൌഡെപ്പള്ളെ റോഡിൽ പുംഗനൂരിൽനി ന്ന് 4 മൈൽ മാറി തടാകത്തിനടുത്താണ് കണ്ടത്. പഴയ കന്നഡ ലിപി. 9ആം നൂറ്റാണ്ടിലെ ഭാഷ. ദീർഘചതുരം , 11 വരി. മഹാവലി ബാണരശകാ ലത്ത് ബഡുഗബലി 12000 ത്തിലെ വല്ല (ആരോ) വാഴുമ്പോൾ പെർമാനടി ഗംഗനു വേണ്ടി ബാണ രശൻ നോലംബ, രാച്ചമല്ല,മയിന്തടി ഇവർക്കും സോരെമടിയുടെ ശത്രുക്കൾക്കും എതിരെ പട നയിച്ചു. കാളപ്പന്റെ മകൻ കുങ്കനൂരിലെ മാധവ രശൻ നിരവധി ശത്രുക്കളെയും കുതിരകളേയും വധിച്ച് വീരമൃ്യൃത്യു വരിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിന് രാജാവ് 3 കമ്പം നിലം കൊടുത്തു.

ചിറ്റൂർ,കോലാർജില്ലകളിൽ 9ആം നൂറ്റാണ്ടിൽ മഹാബലിവംശമായ ബാണന്മാർ പ്രബലമായിരു ന്നു. ബാണ,ഗംഗ,നോലംബ,വൈഡുംബചരിത്രത്തിൽ സോരമടി യുദ്ധം നിർണ്ണായകമായിരുന്നു.

സോരമടി കോട്ട നോലംബ, രാച്ചിമല്ല, മയിന്തടിമാരാണ് കാത്തിരുന്നത്. ഗംഗാപെരുമാനടിപക്ഷത്ത് ബാണരും വൈഡുംബരും ഇവരോട് എതിർത്തു. മായിന്തടി മാഹേന്തിരവിക്രമനാണ്. പല്ലവനരസിംഹവർമ്മന്റെ 24ആം ഭരണവർഷത്തിൽ ഇദ്ദേഹം ഉണ്ട്. ഇതുവെച്ചാണ് കാലഗണന സാധിക്കുന്നത്.

യുദ്ധം ഗംഗ പെരുമാനടിയും മറ്റൊരു സിംഹാസനാധികാരിയായ രാച്ചമല്ലനും തമ്മിലാണ്. നോലംബി മഹേന്ദ്രനും ചേർന്നതോടെ അതിന് ആഭ്യന്തരകലഹഛായ വന്നു. ബാണന്മാർ ഗംഗാപെരുമാനടിയോടു ചേർന്ന് രാച്ചമല്ല, നോലംബന്മാരെ നേരിട്ടു. ഗംഗവംശത്തിൽ മൂന്നു രാച്ചമല്ലന്മാരെ കാണാം. 816-850 വരെ ഭരിച്ച രാച്ചമല്ലനാവണം സോരമടി യുദ്ധത്തിലുള്ളതെന്ന് എം വെങ്കടരാമയ്യ. ഇഗ്ഗി ലിഖിതപ്രകാരം രാച്ചമല്ല 2 , സഹോദരൻ ബുഡുഗ 1, നീതിമാർഗ്ഗ 2, എരേയപ്പ ഇവരോടൊ പ്പം മഹേന്ദ്രനോലംബനുമായ യുദ്ധം ജയിച്ചിട്ടുണ്ട്. നീതിമാർഗ്ഗ 2 മഹേന്ദ്രാന്തകനെന്ന പേരും വഹിക്കുന്നു. സോരേമടിയിലെ രാച്ചമല്ലൻ ഗംഗാരാജാവ് രാച്ചമല്ല 1 ആവണം.

ലിഖിതത്തിലെ ഗംഗപെരുമാനടി ആരാണ്. ബാണന്മാർ ഗംഗരുമായി സ്ഥിരം ശത്രുതയിലാണ്. അവരിലെ ഒരു ശാഖയുമായി വിവാഹം കൊണ്ട് സൌഹൃദം ഉണ്ടായതിന് തെളിവു കാണുന്നു. തിരുവല്ലം ലിഖിതം രണ്ടെണ്ണം ബാണ വിദ്യാധരൻ

ശിവമാരൻ 2 വിന്റെ പുത്രൻ പൃഥ്വീപതി 1 അരൈയരുടെ മകളുടെ ഭർത്താവാണ് എന്ന് പറയുന്നുണ്ട്. ഈ ബാണവിദ്യാധരൻ ,ബാണവിദ്യാ ധരജയമേരു വിക്രമാദിത്യ 1 ആണ്. ഇദ്ദേഹത്തിന്റെ പുത്രനാണ് വിജയാദിത്യ 2 പ്രഭുമേരു. ശിവമാര പുത്രനായ പൃഥ്വീപതി 1 രാച്ചമല്ല 1 ന്റെ (816-850) കസിനുമാണ്.

പല്ലവരാജാവ് വിജയനരസിംഹവർമ്മന്റെ 24ആം ഭരണവർഷം രാച്ചിമല്ലന്റെ സുഹൃത്ത് മഹേന്ദ്ര മഹേന്ദ്രവിക്രമനെന്ന നോലംബരാജാവിനെ പറയുന്നു. കമ്പവർമ്മനു മുമ്പും നൃപതുംഗവർമ്മനു സമകാലീനനായും (862) ജീവിച്ച വിജയനരസിം ഹവർമ്മൻ രാച്ചിമല്ലനു സമകാലീനനുമാണ്. ബംഗാവാടി ലിഖിതം സോരേമാടി യുദ്ധത്തിൽ നോലംബമഹേന്ദ്രവിക്രമൻ പങ്കെടുത്തതായി പറയുന്നുമുണ്ട്. അതിനാൽ ഈ ലിഖിതത്തിന്റെ കാലം 9ആം നൂറ്റാണ്ടെന്ന് നിർണ്ണയിക്കുന്നു.

അതായത് , പൃഥ്വീപതി 1ന്റെ പുത്രീഭർത്താവായ ബാണരാജാ വിദ്യാധര ജയമേരു വിക്രമാദിത്യ 1 ഗംഗാപെരുമാനടിയുടെ ഭാഗത്ത് നിന്ന് എ‍ി 825ലാണ് രാച്ചമല്ലനോട് സോരേമാടിയുദ്ധം ചെയ്തത്.

വജ്രഹസ്ത മൂന്നാമന്റെ നന്ദബലഗ പ്ലേറ്റുകൾ

ശ്രീകാകുളം ജില്ലയിലെ ബോബിലി താലൂക്കിൽനിന്ന്. 5 എണ്ണം. സീലിൽ തൂണിന്മേലിരിക്കുന്ന നന്ദി. ഇരുവശം കിഴക്കൻ ഗംഗന്മാരുടെ ചിഹ്നം. നന്ദിയു ടെ ഇടത്ത് വാളും കയറും. ഇടത്തുകാലിനു മുന്നി ൽ സൂര്യൻ. വലത്ത് ചന്ദ്രനും മത്സ്യവും ശംഖും

പെരുമ്പറയും അവ്യക്തമായ ഒരു വസ്തുവും. 55 വരി. സംസ്കൃതശ്ലോകത്തിലാണ്. ചില വരികൾ ഗദ്യത്തിലുണ്ട്. 11ആം നൂറ്റാണ്ടിലെ കലിംഗനാഗരി ലിപി. വജ്രഹസ്തന്റെ മറ്റു ലിഖിതങ്ങളിലും ഇതാ ണ് കാണുന്നത്. മഹാശബ്ദത്തിന് മഹാസവ്ദ എ ന്നും, ശകാബ്ദേ എന്നതിന് ശകാവ്ദേ എന്നും ഋഷ ഭത്തിന് വൃഷഭ എന്നും മറ്റും കാണുന്നുണ്ട്. പഞ്ച എന്നതിന് അനുസ്വാരമാക്കി പംച എന്നും ലാഞ്ചന ക്ക് ലാംഞ്ചന എന്നും കാണാം.നന്ദപാലങ്ക (നന്ദബല ഗ) ഗ്രാമവും സംവാവിഷയത്തിലെ താഡിവാട യും അനന്തവർമ്മ വജ്രഹസ്തൻ ചോമയാപുത്രൻ പോതായന് തന്റെയും മാതാപിതാക്കളുടേയും യശ സ്സിനായി ദാനം കൊടുത്തതാണ് വിഷയം. ശകം 981 ഫാൽഗുനശുക്ലപഞ്ചമിക്കാണ് ദാനം. 981 എന്ന തിന് ചന്ദ്രവസുനന്ദ എന്നാണ് വാക്ക് ഉപയോഗി ക്കുന്നത്. 1059 ഫെബ്രുവരി 17നാണ് ഇത്.രാജാവ് കലിംഗനഗരത്തിൽനിന്നാണ് ശാസനം പുറപ്പെടുവി ച്ചത്. ഇത് ശ്രീകാകുളം ജില്ലയിലെ മുഖലിംഗമാണ്. ലിഖിതാരംഭം വജ്രഹസ്തന്റെ എല്ലാ ലിഖിതത്തിലു മെന്നപോലെ കിഴക്കൻഗംഗപ്രശസ്തിയോടെയാണ്. സത്യം ഔദാര്യം ദയ വീരം ഇവകളാൽ ഗംഗർ ലോകപ്രശസ്തിരാണെന്നും ആത്രേയഗോത്രമാണെ ന്നും കാണാം. കലിയുഗദോഷം സദാചാരത്താൽ ഇവർ ഇല്ലാതാക്കി. രാജചിഹ്നങ്ങളായ ശംഖും പെരുമ്പറയും പഞ്ചമഹാശബ്ദവും വെളുത്ത ഛത്രവും സ്വർണ്ണച്ചാമരവും ഗോകർണ്ണസ്വാമിയുടെ അനുഗ്രഹത്താൽ ലഭിച്ചു. അവ മഹേന്ദ്രപർവ്വത ത്തിൽ സ്ഥാപിച്ചു. യുദ്ധവിജയികളായ ഇവർ ത്രികലിംഗസ്വാമികളാണ്.

ഗുണമഹാർണ്ണവപുത്രനായ വജ്രഹസ്ഥ 1ൽനി ന്നാണ് വംശാവലി തുടങ്ങുന്നത്.

1. ഗുണമഹാർണ്ണവ
2. വജ്രഹസ്ഥ 1 (44 വർഷം)
3. മൂന്നു മക്കൾ ഗുണ്ടാമ 1 (3 വർഷം) കാമാ ർണ്ണവ 1 (35 വർഷം) വിനയാദിത്യ (3 വർഷം)
4. കാമാർണ്ണവപുത്രൻ അനിയംഗഭീമനെന്ന വജ്ര ഹസ്ഥൻ 2 (35 വർഷം)
5. മൂന്നു പുത്രന്മാർ. കാമാർണ്ണവ 2(6 മാസം). ഗുണ്ടാമ 2 (3 വർഷം), ഒന്നുവിട്ട സഹോദരൻ മധുകാമാർണ്ണവ (18 വർഷം)
6. കാമാർണ്ണവ 2 വിവാഹം ചെയ്തത് വൈഡും ബകുടുംബത്തിലെ വിനയമഹാദേവിയെയാണ്. ഇവരുടെ മകൻ അനന്തവർമ്മൻ വജ്രഹസ്ഥൻ 3. കിരീടധാരണം ശകം 960,

മുമ്പുകാലത്തെ രാജാക്കന്മാർ അഞ്ചായി വിഭജി ച്ച ഭൂമിയെ വജ്രഹസ്ഥൻ 1 ഏകീഭവിപ്പിച്ചു. വജ്രഹസ്ഥൻ 2 ഭൂമിയുടെ കൽപ്പവൃക്ഷവും ഗംഗാവംശത്തിന്റെ ഏറ്റവും വലിയ അഭിമാന ഭാജനവു മായിരുന്നു. അദ്ദേഹത്തിൻ്റെ പുത്രൻ കാമാർണ്ണവൻ ശത്രുക്കളെ ശാന്തരാക്കി. സഹോദ രൻ ഗുണ്ടാമ കാമദേവസദൃശനായിരുന്നു. ശകം 960 ഋഷഭരാശി, ധനുലഗ്നം ശുക്ലതൃതീയ, രോഹി ണി നക്ഷത്രം ഞായറാഴ്ചയാണ് വജ്രഹസ്ഥ മൂന്നാമന്റെ കിരീടധാരണം. ഇത് ഋഷഭമാസത്തിന് യോജിക്കായ്കയാൽ പണ്ഡിതന്മാർ മേഷരാശി എന്നാക്കി ഏപ്രിൽ 9 , 1038 എന്ന് ഗണിച്ചി രിക്കുന്നു. ത്രിവർഗ്ഗത്തിനും നീതിക്കും തുടെ രാജാവ് ഭരിച്ചിരുന്നതായി രേഖപ്പെടുത്തിയിരി ക്കുന്നു.

പ്രജകൾ സന്തുഷ്ടരായി രോഗമോ അപ കടങ്ങളോ പാപമോ ഇല്ലാതെ ജീവിച്ചു.

കിഴക്കൻഗംഗരുടെ ക്രോണോളജി:-

വജ്രഹസ്ത 1 (896-940)

ഗുണ്ടാമ 1 (940-943)

കാമാർണ്ണവ 1 (943-978)

വിനയാദിത്യ (978-981)

വജ്രഹസ്ത 2 (981-1016)

കാമാർണ്ണവ 2 (1016)

ഗുണ്ടാമ 2 (1016-1019)

മധുകാമാർണ്ണവ (1019-1038)

വജ്രഹസ്ത 3 കിരീടധാരണം 1038

ഗംഗന്മാരുടെ കാലം 498 എഡിയിലാണ് തുടങ്ങിയത്. എന്നാൽ, 397-500 വരെ അവരുടെ ലിഖിതങ്ങളുണ്ട്. 998 എഡിയിലെ അനന്തവർമ്മന്റെ (വജ്രഹസ്ത 2) ലിഖിതം പിതാവ് കാമാർണ്ണവ നെ പറയുന്നു.

1018-1019 എഡിയിലെ ദേവേന്ദ്രവർമ്മന്റെ സിംഹിപുരം ഗ്രാന്റ് പിതാവ് അനന്തവർമ്മനെ പറയുന്നു. ദേവേന്ദ്രവർമ്മൻ ഗുണ്ടാമ 2 അല്ലെങ്കി ൽ മധുകാമാർണ്ണവനാവണം. പിതാവ് അനന്തവർമ്മൻ വജ്രഹസ്ത 2 ആവണം. ഗംഗാവംശ ത്തിലെ രാജാക്കന്മാർ അനന്തവർമ്മനെന്നും ദേവേന്ദ്രവർമ്മനെന്നും നാമം ഒന്നിടവിട്ട് സ്വീകരിച്ചിരുന്നതിനാൽ ലിംഹിപുരം ഗ്രാന്റിലെ ദേവേന്ദ്രവർമ്മൻ മധുകാമാർണ്ണവനാകാനാണ് കൂടുതൽ

സാദ്ധ്യത. 1026ലെ ചിയാക്കോളേ പ്ലേറ്റിലെ രാജാവ് തന്റെ പിതാവ് അനന്തവർമ്മനാണെന്ന് (വജ്രഹസ്ത 2) പറയുന്നുണ്ട്.

വജ്രഹസ്ത മൂന്നാമന്റെ പേരക്കുട്ടിയാണ് അനന്ത വർമ്മചോഗംഗദേവ. അദ്ദേഹത്തിന്റെ ലിഖിതങ്ങ ളിൽ കൂടുതൽ പൂർവ്വികനാമങ്ങളുണ്ട്. ചന്ദ്രനി ൽനിന്ന് വംശാവലി ആരംഭിക്കുന്നു. വീരസിംഹ പുത്രനായ കാമാർണ്ണവൻ ആദ്യമായി കലിംഗ ദേശത്തേക്ക് വന്നതായും ഗോകർണ്ണസ്വാമിയുടെ പ്രീതിയാൽ രാജചിഹ്നം ലഭിച്ചതായും പറയുന്നു. വംശാവലി ഇപ്രകാരമാണ്ഃ

1. വീരസിംഹൻ
2. അഞ്ച് മക്കൾ. കാമാർണ്ണവ 1(36) ദാനാർണ്ണവ (40) ഗുണാർണ്ണവ 1, മാരസിംഹ , വജ്രഹസ്ത 1
3. ദാനാർണ്ണവപുത്രൻ കാമാർണ്ണവ 2 (50)
4. രണാർണ്ണവ 2 (5)
5. രണ്ട് മക്കൾ വജ്രഹസ്ത 2 (15) കാമാർണ്ണവ 3 (19)
6. കാമാർണ്ണവപുത്രൻ ഗുണാർണ്ണവ 2 (27)
7. അഞ്ച് മക്കൾ. പോതാങ്കുശ (15), വജ്രഹസ്ത 3, ഗുണ്ടാമ 1 (7). കാമാർണ്ണവ 4(25), വിനയാദിത്യ(3)
8. വജ്രഹസ്തപുത്രൻ ലരിംഗലാംഗുശൻ (12), കാമാർണ്ണവപുത്രൻ വജ്രഹസ്ത 4 (35)
9. കാമാർണ്ണവ 5 (6 മാസം) ഗുണ്ടാമ 2 (3),മധുകാമാർണ്ണവ 6(19)
10. മധുകാമാർണ്ണവപുത്രൻ വജ്രഹസ്തൻ 5 (33)

ഈ വംശാവലി ശരിയാണെങ്കിൽ, കലിംഗത്തിലെ ഗംഗാഭരണം എഡി 726ൽ തുടങ്ങി. ഗംഗാഭരണം 498 എഡിയിലും.

വജ്രഹസ്ത 3 ന്റെ അഛൻ മാതാപിതാക്കൾ കാമാർണ്ണവനെന്നും വൈഡുംബവിനയമഹാദേവി എന്നും ദേവേന്ദ്രവർമ്മ രാജരാജന്റേയും അനന്തവർമ്മചോഡഗംഗന്റേയും ചില ലിഖിതങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിശാഖപട്ടണം, കോർണ്ണിപ്ലേറ്റുകളിൽ മാത്രം മധുകാമാർണ്ണവനാണ് പിതാവെന്ന് പറയു ന്നു. അനന്തവർമ്മചോഡഗംഗന്റെ ഈ ലിഖിതങ്ങ ളിൽ മാത്രം ഈ പിഴവ് എങ്ങനെ വന്നു. പൌരാണികവംശാവലി രേഖപ്പെടുത്തിയതും തെലുങ്കു കന്നഡ ലിപിയിലുള്ളതുമായ ലിഖിതങ്ങളിലേ ഈ തെറ്റ് വന്നിട്ടുള്ളു. നാഗരിലിപിയിൽ പൌരാണിക വംശാവലി ഇല്ലാതെ ഉള്ള ഗ്രാന്റുകളിലെല്ലാം വജ്രഹസ്ത മൂന്നാമന്റെ ലിഖിതത്തിലെ പോലെ തന്നെയാണ്. മധുകാനാർണ്ണവന് കാമാർണ്ണവനാമം ഉണ്ടായിരുന്നു. അദ്ദേഹത്തെ തെലുഗുകന്നഡലിഖിതങ്ങളിൽ കാമാർണ്ണവ 6 എന്ന് വിളിക്കുന്നു.

അനന്തവർമ്മ ചോഡഗംഗന്റെ മുഖലിംഗം പ്ലേറ്റുകൾഃ-

5 എണ്ണം. സീലിൽ ഇരിക്കുന്ന നന്ദി. 136 വരി. വിവിധവൃത്തങ്ങളിലുള്ള സംസ്കൃതപദ്യം. രേഫത്തിനു ശേഷം വ്യഞ്ജനം ഇരട്ടിക്കുന്നു. മഹാരാജാധിരാജ പരമേശ്വരി പരമഭട്ടാരക പരമവൈ ഷ്ണവ പരമബ്രാഹ്മണ്യനെന്ന അനന്തവർമ്മചോ ഡഗംഗൻ മാതാപിതാക്കളുടെ ചരണം ആരാധി ക്കുന്നവനാണ്. അദ്ദേഹമാണ് 33ആം ഭരണവ ർഷത്തിൽ ലിഖിതം എഴുതിച്ചത്. ശകവർഷം 1030. മൂന്നുഭാഗമാണ് ലിഖിതം. 1 പൌരാണികവംശാ വലി. 2 ചരിത്രവംശാവലി. 3 ഗ്രാന്റ്

പൌരാണികവംശാവലിഃ- അനന്തനാഗം, ബ്രഹ്മാവ്, അത്രി, ചന്ദ്രൻ, പുരൂരവസ്, ബുധൻ ആയു നഹുഷ, യയാതി, തുർവ്വശു, ഗാംഗേയ,വിരോചന, സംവേദ്യഭാസ്വന്ത, ദത്തസേന, സൌമ്യ, അംശുദത്ത, ചിത്രാംബര, ശാരധ്വജ, ധർമ്മ, പരീക്ഷിത്ത്, ജയസേന, ജയവീര്യ, ഋഷധ്വജ, പ്രഗത്ഭ, കോലാഹല, വിരോചന, 81 രാജാക്കന്മാർ.

ചരിത്രവംശാവലിഃ- 81ആം രാജാവ് വീരസിംഹൻ. പാണ്ഡ്യ,സപ്തകൊങ്കണ, കേരള, കർണാട,ലാടരാജാക്കന്മാരെ വിറപ്പിച്ച പരാക്രമി. ഏതുകാലത്താണ് വീരസിംഹൻ ഗംഗാവാടി ഭരിച്ചതെന്ന് തെളിവില്ല. വീരസിംഹന്റെ 5 മക്കളിൽ രാളായ കാമാർണ്ണവൻ സഹോദരന്മാരോടു കൂടി രാജ്യം വിട്ട് കലിംഗത്തിലെത്തി മഹേന്ദ്രപര്വ്വതത്തിൽ സ്ഥാനം ഉറപ്പിച്ചു. കലിംഗാധിപതി ശബരാദിത്യനെ വധിച്ച് ദന്തപുരം തലസ്ഥാനമാക്കി ഭരണം തുടങ്ങി. ദാനാർണ്ണവനെ യുവരാജാവാക്കി, രാജകീയമായ കാന്തിക കൊണ്ട് അലങ്കരിച്ചു. അംബാവാടി ഗുണാർണ്ണവനും, സ്വേതമണ്ഡലം മാരസിംഹനും കന്തകനിവർത്തിനി വജ്രഹസ്തനും കൊടുത്തു. 35 വർഷം ഭരിച്ച കാമാർണ്ണവനെ കിഴക്കൻ കലിംഗഗംഗവംശകർത്താവെന്ന് വിളിക്കുന്നു. ഗോകർണ്ണസ്വാമിഭക്തനായ ദാനാർണ്ണവൻ ആത്രേയഗോത്രക്കാരനാണ് , 40 വർഷം ഭരിച്ചു, കദംബകുലത്തെ നശിപ്പിച്ചു.ദാനാർണ്ണവ പുത്രനായ രണ്ടാം കാമാർണ്ണവൻ തന്റെ തല സ്ഥാനമായ ത്രിവിഷ്ടപനഗരത്തിൽ മധുകേശ്വര ക്ഷേത്രം പണിതു 50 വർഷം ഭരിച്ചു, 5 വർഷം മാത്രം ഭരിച്ച രണ്ർണ്ണവപുത്രൻ വജ്രഹസ്ത 2 , പതിനഞ്ച് വർഷം ഭരിച്ചു. പിന്നീട് സഹോദരൻ കാമാർണ്ണവ 3 ഭരിച്ചു. 19 വർഷം ഭരിച്ചു മകൻ ഗുണാർണ്ണവൻ 27 വർഷം

ഭരിച്ചു. പിന്നെ പോതാങ്കുശൻ (15 വർഷം) സഹോദരപുത്രൻ കലിംഗാങ്കുശൻ (12 വർഷം) ഭരിച്ചു. പിന്നീട് പിതൃസഹോദരപുത്രനായ ഗുണ്ടമാരാജാ 7 വർഷം തുടർന്ന് നാലാം കാമാർണ്ണവൻ 25 വർഷം. വിന യാദിത്യൻ മൂന്നു വർഷം. മൂത്ത സഹോദരപു ത്രനായ വജ്രഹസ്ത 3 അതിന്നുശേഷം 35 വർഷം. മകൻ 5ആം കാമാർണ്ണവൻ 6 മാസം

അനുജൻ ഗുണ്ടമാ 3 വർഷം

മധുകാമാർണ്ണവ 19 വർഷം മകൻ വജ്രഹസ്ത 33 വർഷം. തൂലികയും വാളും ഒരേപോലെ പ്രയോ ഗിക്കുന്നവനായിരുന്നു ഇദ്ദേഹം. ത്രികലിംഗാധിനാഥ ബിരുദം വഹിച്ചിരുന്നു, മകൻ രാജരാജൻ 8 വർഷമേ ഭരിച്ചുള്ളൂ. ചോളസമുദ്രത്തിൽ മുങ്ങിയ വെങ്കി വിജയാദിത്യനെ ഇദ്ദേഹം രക്ഷിച്ചു. ദ്രാവി ഡാഹവത്തിൽ (യുദ്ധം) ജയിച്ച് രാജലക്ഷ്മിയെ എന്നപോലെ രാജേന്ദ്രചോഡപുത്രി രാജസുന്ദരി യേയും വരിക്കാൻ അദ്ദേഹം വിജയാദിത്യനെ സഹായിച്ചു.

രാജരാജന്റെ മൂത്തമകനാണ് അനന്തവർമ്മ ചോഡ ഗംഗൻ. ശകവർഷം 999 കുംഭമാസം ശുക്ലപക്ഷ തൃതീയ മിഥുനലഗ്നം രോഹിണിനക്ഷത്രത്തിലായി രുന്നു കിരീടധാരണം. അദ്ദേഹം ആദ്യം ചെയ്തത് രാജ്യം നഷ്ടമായ ഉലൽക്കലരാജാവിനെ സിംഹാസ നത്തിലിരുത്തുകയാണ്. പടിഞ്ഞാറ് വെങ്കിരാജാവി നേയും തന്റെ സിംഹാസനത്തിലിരുത്തി. കിഴക്കും പടിഞ്ഞാറുമുള്ള ഈ രണ്ടു വിജയസൂചകമായി രണ്ടുവരി മാല അണിഞ്ഞു. ഗോരുഷവാഹവി ഷയത്തിലെ രാഷ്ട്രകൂടപ്രമുഖരെയെല്ലാം വിളിച്ചു

കൂട്ടി, ദൌവാരിക,പുരോഹിത,അമാത്.,യുവരാജ, സന്ധിവിഗ്രഹികളുടെ സാന്നിദ്ധ്യത്തിൽ ഈ ഗ്രാന്റ് കൽപ്പിച്ചുഃ- ഗോരുഷവാഹവിഷയത്തിലെ ഗ്രാമഗ്രാസമായ ലൊഡലു അഥവാ പ്രോലാവരം ഗ്രാമം കാശ്മീരദേശത്തിലെ പണ്ഡിതനായ നാഗഭട്ടനും നാലു മക്കൾക്കും കരമൊഴിവായി കൊടുത്തു. നേരത്തേ ശക 998ൽ അഛൻ ദേവേന്ദ്രവർമ്മൻ രാജരാജൻ ഗ്രാമഗ്രാസമായി കൊടുത്തത് ഇപ്പോൾ കരമൊഴിവാക്കി. (സർവ്വോപദ്രവരഹിതം) കാശ്മീരബ്രാഹ്മണരുടെ വംശം ഇപ്രകാരം തരുന്നു.

1. ഭട്ടോത്പല. ഭാര്യ ശുഭകാരി
2. നാഗഭട്ട (കശ്യപഗോത്രം) ഭാര്യ കുമാരി
3. മക്കൾ .ബാണപതി, പോതമശർമ്മ, ഉത്പ്പലൻ, സോമനാഥൻ

പോതമശർമ്മയുടെ സത്ക്കർമ്മങ്ങളെ ബഹുമാനിക്കാനും സ്വന്തം മാതാപിതാക്കളുടെ ധർമ്മത്തിനുമാണ് ദാനം. ഉത്തരായനപുണ്യകാലത്തിലാണ് ദാനം കൊടുത്തത്.പ്രോലാവരത്തിന്റെ അതിരുകളെല്ലാം മലകളാണ്. കിഴക്കേ മലയുടെ വടക്ക് മലമുകളിലായി ത്രികൂടക്ഷേത്രം കാണാം. വടക്ക് നദിയുണ്ട്, രാജരാജ ദേവേന്ദ്രവർമ്മന്ലിഖിതം എഴുതിയത് ജാതവേദിഭട്ടനാണ്. വല്ലനാ ചാര്യപുത്രൻ ബദ്ദെനാചാര്യനാണ് രചിച്ചത്. ഖഗുണഅംബരഇന്ദു (ൊ030)ശകം ഉത്തരായനസംക്രാന്തി, 1108 എഡിക്കാണ് ശാസനം.

ഭൂലോകമല്ലന്റെ കാലത്തെ യദ്ചേർല ജൈനശാസനം.

മെഹബൂബ് നഗറിലെ യദ്ചേർല,ബാഡേപള്ളി ഇവക്കിടയിലെ തടാകക്കരയിലാണ് കണ്ടെത്തിയത്. 42 വരിയുണ്ട്.ശിലയുടെ മുകളിലുള്ള ചിഹ്നങ്ങൾഃ- നടുവിലായി കാലു മടക്കിയിരിക്കുന്ന മുനി. ഇരുവശവും ചാമരം പിടിച്ച അനുയായികൾ. അവരുടെ താഴെ ചാമരം കാണാം. മുകളിൽ മൂന്ന് തട്ടുള്ള കുട.മുകളിൽ വലത്ത് വശം സൂര്യൻ. അതിനു മുകളിൽ പശുവും ചന്ദ്രനും. ജൈന പ്രാതിഹാര്യങ്ങളിൽ ചിലതാണ് ഇവ. ഹൈന്ദവ ചിഹ്നങ്ങളുമാണ്. പശു കാമധേനുവാണ്, ഭൂമിയാ ണ്. അതിനാൽ ഭൂമി സൂര്യനും ചന്ദ്രനും നടുക്ക് വരുന്ന ചന്ദ്രഗ്രഹണം സൂചിപ്പിക്കുന്നു. ലിപി 12ആം നൂറ്റാണ്ടിലെ പഴയ കന്നഡലിപിയാണ്. രലയോരഭേദം ഉണ്ട്. ഭാഷ കന്നഡ. പദ്യവും ഗദ്യവും ഉണ്ട് ആദ്യത്തേയും അവസാന ത്തേയും ശ്ലോകങ്ങൾ സംസ്കൃതമാണ്. ത്രൈലോക്യ നാഥനും സ്യാദ്വാദം പഠിപ്പിച്ചവനുമായ ജിനനെ ആദ്യശ്ലോകം വാഴ്ത്തുന്നു. സർവ്വജ്ഞചക്രവർത്തിയായ ഭൂലോക മല്ലനെ കല്യാണം വാഴുന്നവനായി സ്തുതിക്കുന്നു. ഭൂലോകമല്ലന്റെ ഇളയ സഹോദരനായ തൈലപ നാഥൻ കണ്ടൂർനാട് വാഴുന്നു. ശകം 1047 ക്രോധന വർഷം . ഫാൽഗുനം പൌർണ്ണമി. ബൃഹസ്പതി വാരം സോമഗ്രഹണം. (എഡി 1125. 1126 ഫെബ്രു വരി 19 വ്യാഴം)

(8 പ്രാതിഹാര്യം. 1 ദിവ്യതരു , സിംഹാസനം, ത്രികൂടഛത്രം, ചുറ്റും പ്രകാശവലയം, ദിവ്യധ്വനി, പുഷ്പവൃഷ്ടി, രണ്ട് ചാമരം, ദിവ്യസംഗീതം ഇവയാണ്)

ദുഗ്ഗവാട്ടി എപ്പിഗ്രാഫ് (ത്രിഭുവനമല്ലദേവ വിക്രമാ ദിത്യ 6)1126 ഡിസംബർ 16 വരെ വിക്രമാദിത്യ നാണ്

ഭരിക്കുന്നതെന്ന് കാണിക്കുന്നു. ഭൂലോകമല്ല സോമേശ്വരമൂന്നാമന്റെ പടഞ്ചേരു ഗ്രാന്റിൽ 1127 ഫെബ്രുവരി 10നാണ് കിരീടധാരണം. ക്രോധനസം വത്സരത്തിൽ ചന്ദ്രഗ്രഹണം ഉണ്ടായിട്ടില്ല. ഭൂലോ കമല്ലന്റെ ഭരണകാലത്ത് 2 ചന്ദ്രഗ്രഹണം ഉണ്ടായി. ഒന്ന് 1132 മാർച്ച് 3 വ്യാഴം. മറ്റൊന്ന് 1133. ഫെ ബ്രുവരി 21 ചൊവ്വ. അത് വിരോധിസംവത്സരത്തി ലായിരുന്നു. ലിപികൻ വിരോധിയെ ക്രോധി എന്നെഴുതിയതാവണം ക്രോധന എന്ന് എടുത്ത് കാലഗണനയിൽ സംശയം ഉണ്ടാക്കിയത്. ഈ ലിഖിതത്തിലെ കാലം തെറ്റാണെന്ന് സമർത്ഥിച്ചിരി ക്കുന്നു.

യുവരാജാ തൈലപൻ കണ്ടൂർനാട് ഭരിക്കുമ്പോൾ വീരബലാഞ്ചിഗ (വീരവളഞ്ചിയ)സമുദായത്തിലെ ബമ്മിസെട്ടി എന്ന കച്ചവടക്കാരൻ 23ആം തീർത്ഥങ്ക രൻ പാർശ്വനാഥനുവേണ്ടി ഗംഗാപുരത്ത് ചൈത്യാ ലയം (ബസതി) പണിതു. മേഘചന്ദ്രസിദ്ധാന്തദേവ ന്റെ കാലു തൊഴുതശേഷമാണ് നിർമ്മിതി. വണിക സംഘം ബസതി സംരക്ഷിക്കാനായി ചില നികുതി കളും കപ്പങ്ങളും ഓരോ കച്ചവടസ്ഥാപനത്തി ൽനിന്നും ഈടാക്കി. കൂടാതെ ധാന്യം,ഇഞ്ചി, എണ്ണ വെറ്റില ഇവക്ക് പ്രത്യേകം നികുതി ഉണ്ടായിരു ന്നു. ബൊമ്മിസെട്ടിയും ഗംഗാപൂരിലേയും അടുത്ത ഗ്രാമങ്ങളിലേയും കച്ചവടക്കാരും ഇവ കൃത്യമായി കൊടുത്തുപോന്നു. ഒരു പ്രത്യേകഗുരുവിനെ നിയ മിക്കുമ്പോൾ അദ്ദേഹത്തിന്റെ ഗണവും ഗഛവും പറയാറുണ്ട്.ആന്ധ്ര,കർണ്ണാടകദേശങ്ങളിലും ഇതാണ് പതിവ്. ഇവിടെയും മേഘചന്ദ്രന്റെ മൂലസംഘം പറയുന്നു. തെക്കേ ഇന്ത്യയിലെ ജൈനറെക്കോഡു കളിലെല്ലാം മൂലസംഘം

പറയുന്നുണ്ട്. ശ്രാവണബ ലഗോളയിലെ 1398ലെ ലിഖിതത്തിൽ ആരഹതബലി യിലെ മൂലസംഘം നാലായി വിഭജിച്ചത് പറയു ന്നു. സേന, നന്ദി, ദേവ,സിംഹ എന്നാണ് നാലു സംഘം. മൂലസംഘത്തിന്റെ മറ്റൊരു ശാഖ കാനൂ ർസംഘം. കൊണ്ടക്കുണ്ട സന്യാസികളാണ് അത് ഉണ്ടാക്കിയത്. ക്രാനൂർ അഥവാ കാനൂർഗണത്തിന്റെ ഒരു ഉപശാഖയാണ് മേഷപാഷാണഗഛം. ഈ പ്രസിദ്ധഗഛത്തിന്റെ ഗുരുവായിരുന്നു മേഘചന്ദ്രഭ ട്ടാരകനെന്ന സിദ്ധാന്തദേവൻ. എഡി 1122ലെ മേദ രാജന്റെ ഗോവിന്ദപുരം ലിഖിതത്തിലാണ് ക്രാനൂ ർഗണത്തേയും മേഷപാഷാണഗഛത്തേയും ആദ്യമാ യി പരാമർശിച്ചിട്ടുള്ളത്. അതിൽ ബാലചന്ദ്രമുനി യുടെ ശിഷ്യൻ മേഘചന്ദ്രഭട്ടാരകൻ, അദ്ദേഹത്തിന്റെ ശിഷ്യൻ പത്മനന്ദി, അദ്ദേഹത്തിന്റെ ശിഷ്യൻ മേഘ ചന്ദ്രസിദ്ധാന്തദേവനെന്നാണ് പരമ്പര. 1125ലെ കോ ലാനുപാകലിഖിതം മേഘചന്ദ്രന് മലധാരി, സിദ്ധാ ന്തദേവനെന്നീ ബിരുദം പറയുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ മലനന്ദിസൂരി, പത്മപ്രഭശ്രീമുനി, മാധ വേന്ദു. ഇവരിൽ മാധവേന്ദു അഗ്രശിഷ്യനും സിദ്ധാ ന്തദേവനുമാണ്. ഈ ലിഖിതത്തിലെ മേഘചന്ദ്രഭട്ടാ രകനും , ഗോവിന്ദപുരം ലിഖിതത്തിലെ മേഘചന്ദ്ര സിദ്ധാന്തദേവനും കോലനുപാകലിഖിതത്തിലെ മേഘചന്ദ്രനും ഒരാളാവണം. (12ആം നൂറ്റാണ്ട്) ഇദ്ദേഹമാണ് 23ആം തീർത്ഥങ്കരനെ പ്രതിഷ്ഠിച്ചത്. ഈ മൂന്നു ലിഖിതം വെച്ച് ഗുരുപരമ്പരയെ ഇപ്രകാരം നിർണ്ണയിക്കുന്നു.

കാനൂർഗണം മേഷപാഷാണഗഛം ഗുരുപരമ്പര.

1. ബാലചന്ദ്രമുനി

2. മേഘചന്ദ്രഭട്ടാരകൻ
3. പത്മനന്ദി
4. മേഘചന്ദ്ര (മലധാരി, സിദ്ധാന്തദേവ)
5. മൂന്നു ശിഷ്യന്മാർ. മലനന്ദിസൂരി, പത്മപ്രഭശ്രീ മുനി, മാധവേന്ദു സിദ്ധാന്തദേവൻ.

ഗംഗാപൂരിലെ പാർശ്വനാഥബസതി ഗോല്ലത്തഗുഡി ബസതിയാണ്. ഗൊല്ലത്തഗുഡിയിൽ ആർക്കിയോളജിക്കൽ വിഭാഗം ഖനനം നടത്തിയിട്ടുണ്ട്. 12ആം നൂറ്റാണ്ടിലാണ് ഇത് നിർമ്മിച്ചതെന്നു കണ്ടു. വീരവളാഞ്ചിയസംഘത്തിലെ ബമ്മസെട്ടി നിർമ്മിച്ച ചൈത്യം ഇപ്രകാരം ചരിത്രപരമായ 12ആം നൂറ്റാണ്ടിലേതാണ് എന്ന് തെളിഞ്ഞു.രാജധാനി കല്യാണപുരം ഗുൽബാർഗയിലെ കല്യാണയും, ഗൊാാംഗാപുരം ഗംഗാപുരവും (ജട്ചേർലയിൽനിന്ന് 3 കിമീ അകലെ) കണ്ടൂരനാട് ചാലൂക്യലിഖിതങ്ങളിലെല്ലാം കാണുന്ന കണ്ടൂർ ആയിരവും, (നൽഗൊണ്ട ജില്ലയിലെ പാമുഗണ്ടുവരെ) ആണ്. ലിഖിതത്തിൽ കാണുന്ന ഹാഗ, ആഡഗേ, ഗിഡ്ഡ, സോലഗേ, പല, ജവല ഇവ അളവുകളാണ്, ചാലൂക്യരാജാക്കന്മാർ മറ്റ് ഹിന്ദുരാജാക്കന്മാരെപ്പോലെ ജൈനമതത്തിനും സ്വാതന്ത്ര്യം നൽകിയിരുന്നു എന്ന തിന് തെളിവായി ഈ ലിഖിതം പറയപ്പെടുന്നു.

കണ്ടൂരി മല്ലികാർജ്ജുനചോഡന്റെ ഒല്ലാല ലിഖിതം

നൽഗൊണ്ടയിലെ ഒല്ലാലഗ്രാമത്തിൽ ജീർണ്ണിച്ച തൂണിന്റെ മൂന്നുവശത്തായി തെലുഗുലിപിലിഖിതം. രണ്ടുവശം സംസ്കൃതപദ്യം ബാക്കി തെലുഗു ഗദ്യം. കാലം 11-12 നൂറ്റാണ്ട്. കാകതീയകാലത്തിനു മുമ്പ്

ഈ പ്രദേശം (മെഹബൂബ് നഗർ) കണ്ടൂരു ചോഡന്മാരുടെയായിരുന്നു. ഇവർ കല്യാണത്തിലെ പടിഞ്ഞാറൻ ചാലൂക്യരുടെ സാമന്തന്മാരായിരുന്നു. ഇന്ദ്രനുപോലും സൈന്യാധിരന്മാരായിരുന്ന സൂര്യ വംശത്തെ പ്രകീർത്തിച്ചാണ് ലിഖിതാരംഭം. ആ വംശത്തിലാണ് കടൽ ചൂഴുന്ന നാട്ടിനെ ഭരിച്ച കരികാലചോഡൻ ജനിച്ചത്. അദ്ദേഹം കാവേരിജല ത്തെ പല തോടുകളാക്കി ജലസേചനം ചെയ്ത് ദ്രാവിഡപഞ്ചകത്തെ നാഡീമാതൃകയാക്കി. ത്രിനയന പല്ലവന്റെ മൂന്നാംകണ്ണ് നശിപ്പിച്ച് അഹങ്കാരം മാറ്റി. അദ്ദേഹത്തിന്റെ രാജധാനി ലക്ഷ്മിയുടെ വാസസ്ഥാനമായ ഒറൈയൂർ ആയിരുന്നു. പുന്നാഗം ,താമ്രമാദം എന്ന 2 ശിലാപുഷ്പങ്ങളാണ് രാജാ വിന്റെ സംശയനിവാരണം ചെയ്തിരുന്നത്. അതി നാലാണ് ചോഡവംശമെന്ന നാമം വന്നത്, ചോഡ രാജാക്കന്മാരിൽ ചിലർ ദ്രാവിഡരാജ്യവും ചിലർ ഏറുവരാജ്യവും പരിപാലിച്ചു. ഫേനുഗല്ലപുര രാജാവായ ഭീമൻ എറുഗല്ലശാഖയിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ മകനായ തൊണ്ടെഭൂപാലൻ ശത്രുക്കളെ അടക്കി. അദ്ദേഹത്തിന്റെ പുത്രനായ ചോഡഭീമൻ പ്രസിദ്ധയോദ്ധാവായിരുന്നു. അദ്ദേ ഹത്തിന്റെ വീരം കണ്ട് സന്തോഷിച്ച വിക്രമനി ൽനിന്ന് കണ്ടൂരുദേശം സമ്മാനമായി ലഭിച്ചു. അദ്ദേഹത്തിൻഫെ രാജ്ഞി ശിവന് ഗംഗപോലെയാ യിരുന്നു. അദ്ദേഹത്തിനു നാലു മക്കളുണ്ടായി. ശത്രുഭീഷണനായ തൊണ്ടൻ, ഇരുഗൻ,മല്ലൻ, (ഒരു നാമം ഇല്ല). ഇവരിൽ ചോഡമല്ലന് ദശരഥനെപ്പോ ലെ മൂന്നു ഭാര്യമാരുണ്ടായിരുന്നു. മൈലി, നാഗ (മൂന്നാമത്തെ പേരില്ല). വെങ്കിനായ്യിൽ രണ്ടു നദി കളുടെ മദ്ധ്യത്തിൽ

അധിനയന(ത്രിനയന)പല്ലവ നിൽനിന്ന് ചില ബ്രാഹ്മണർക്ക് അഗ്രഹാരം ലഭി ച്ചു. ഇവരിലെ ആത്രേയഗോത്രക്കാരനായ ബ്രാഹ്മണ നെ ആശ്രയിച്ച് നിരവധി ഗൃഹസ്ഥന്മാരുണ്ടായി രുന്നു. വിജയാദിത്യദേവൻ ഒരു വിഷ്ണുക്ഷേത്രം നിരവധി ബ്രഹ്മദേയങ്ങളോടെ നിർമ്മിച്ചു. രു ബ്രാഹ്മണന്റെ 5 മക്കളിലൊരാളായ ഗുണ്ടനനെന്ന മന്ത്രിക്ക് ചോഡൻ ആനയും കുടയും ചാമരവും കൽപ്പിച്ചുകൊടുത്തു. ഗുണ്ടനന്റെ മൂന്നു മക്കളാണ് കൃഷ്ണ, അപ്പണ്ണ, മേദ. നീതിശാസ്ത്രങ്ങളിൽ ചാണക്യനെപ്പോലെയുള്ള അപ്പണൻ കാരുണ്യത്താ ൽ ജനപ്രീതി നേടി. ഭാര്യയായ അംബയിൽ ഗുണ്ട നെന്ന മകനും നാഗിയെന്ന മകളും അദ്ദേഹത്തി നുണ്ടായി. ഗുണ്ടൻ മല്ലചോഡന്റെ മന്ത്രിയായി മല്ലൻ അദ്ദേഹത്തിന് ഒല്ലാലഗ്രാമം അഗ്രഹാരമായി സമ്മാനിച്ചു. അതിൽ ഒരു വിപ്രഖണ്ഡികയും നിറയെ ജലമുള്ള തോടുകളും വലിയ ചിറയും മാന്തോപ്പും ഉണ്ടായിരുന്നു. ശാലാഗോപുരങ്ങളും സാലഭഞ്ജികകളുമുള്ള വലിയ വിഷ്ണുക്ഷേത്രം അവിടെ നിർമ്മിച്ചു. കുന്തളദേശത്തെ കല്യാണ കടകം ത്രിഭുവനമല്ലചാലൂക്യനാണ് ഭരിച്ചിരുന്നത്. കരികാലാന്വയനായ ഭീമന്റെയും ഗംഗയുടേയും മകനായ മല്ലചോഡൻ അദ്ദേഹത്തിന്റെ സാമന്തനാ യി കന്ദുപുരം ഭരിച്ചിരുന്നു. അംബര,അംബക, ആകാശ,ശശാങ്ക (1020) എന്ന ശകവർഷം മല്ലൻ ഗ്രാമത്താരെ വിളിച്ചുകൂട്ടി ഒല്ലാലഗ്രാമം ആത്രേയ ഗോത്രത്തിലെ അന്നപാര്യപുത്രനായ അപ്പനാര്യന്, കേശവക്ഷേത്രത്തിലെ രംഗാംഗഭോഗമായി അഗ്രഹാ രമായി കൊടുത്തതായി വിളംബരം ചെയ്തു. ഗ്രാമ ത്തിനു ചുറ്റും കൽത്തൂണുകൾ അതിർത്തിയായി

നാട്ടി. നേരത്തോ പടിഞ്ഞാറുള്ള തടാകം കൂടാതെ, തെക്ക് പുതിയ തടാകം ഉണ്ടാക്കി. ഫലക്ഷത്തോ ട്ടം നട്ട് പിടിപ്പിച്ചു. ചാലൂക്യചക്രവർത്തി ത്രിഭു വനമല്ലദേവന്റെ പ്രശസ്തി ഉണ്ട്. കൂടാതെ മഹാ മണ്ഡലേശ്വര കണ്ടൂര മല്ലികാർജ്ജുനചോഡമഹാ രാജാവിന്റെ പ്രശസ്തിയും കാണാം. കണ്ടൂരപുരവ രേശ്വരനും സൂര്യവംശോത്ഭവകുലതിലകവും കാശ്യപഗോത്ക്കാരനും കരികാലാന്വയനുമായ അദ്ദേഹം ആമനിക്കല്ലു 70ലെ കൊല്ലാലു അഗ്രഹാ രത്തിലെ കുലപതി അപ്പണ്ണ പെഗ്ഗഡ പ്രതിഷ്ഠിച്ച കേശവന് ആ കമ്പനത്തിലെ *എണ്ടപ്പള്ളി വയലു കളിലെ നിലം ദാനം ചെയ്തു.*

ശനിവാഗസിദ്ധികോലമെരേവഡി ചേന്നു അളവനു സരിച്ച നീർത്തടവയൽ ഒല്ലാലയുടെ അതിർത്തിയി ലെ എണ്ടപ്പള്ളിക്ക് തെക്കുകിഴക്കും നല്ലവേണിക്ക് കിഴക്കും.

ഒല്ലാലയുടെ പടിഞ്ഞാറുള്ള തടാകത്തിന്റെ പിന്നിലെ നീർത്തടവയൽ ഇതേ അളവിൽ.

തെക്കുഭാഗത്ത് ഉണ്ടാക്കിയ പുതിയ തടാകത്തിന്റെ പിന്നിലെ അതേ അളവ് വയൽ

ക്ഷേത്രത്തിനു പടിഞ്ഞാറുള്ള തോട്ടം.

കൂടാതെ കേശവദേവന് ഒരുവിളക്ക് അപ്പണ്ണഹെഗ്ഗ ഡേയും ഒരുവിളക്ക് ഭാര്യ അബ്ബമ്മയും കൊടുത്തു .ശകവർഷം 1020 ഉത്തരായനസംക്രാന്തിക്ക് ഈ വിളക്കുകളും അവ കത്തിക്കാനുള്ള നെയ്യിനു വേണ്ടി 100 ആടും കൊടുത്തു. ആടിനെ സംര ക്ഷിക്കുന്ന കാപ്പ ബോയൻ (ബ്രഹ്മബോയപുത്രൻ)2 മാണികം നെയ്യ് ക്ഷേത്രത്തിൽ കൊടുക്കണം.

ആടുക ൾ ഇനുപയാഡ്ലു ആയി അവർക്ക് തന്നെ സൂക്ഷിക്കാം.

ഏറുവചോലന്മാരും റേനാതിചോളന്മാരും കസിൻ സഹോദരന്മാരുടെ ശാഖകളാണ്.ഇവർ വളരെ പുരാതനമായ ശാഖകളുമാണ്. കുന്ദുരുചോഡരും ഈ കുടുംബമാണ്.

ആദ്യകാലകാകതീയരുടെ സനിഗരം എപ്പിഗ്രാഫുകൾ

ഒന്ന്

ഹൈദരബാദ് റോഡിൽ കരിംനഗർ ജില്ലാതലസ്ഥാനത്തിനു 15 മൈൽ ദൂരെയുള്ള ഗ്രാമമാണ് സനിഹരം. ശിവക്ഷേത്രത്തിലെ കൽത്തൂണിലാണ് ലിഖിതം കണ്ടത്. പിന്നീട് 4 ലിഖിതം ഗ്രാമാതിർത്തിയിലും കിട്ടി. ആദ്യകാകതീയരാജാക്കന്മാരായ ബെട്ട 1, പ്രോല 1 , ബെട്ട 2, പ്രോല 2 എന്നിവരുടെ ചരിത്രത്തിലേക്ക് വെളിച്ചം കാട്ടുന്നതാണ് ഇവ.

പണ്ട് വണ്ടികൾ പോയിരുന്ന വഴിവക്കിലാണ് ശിലാസംഭം നാട്ടിയിരിക്കുന്നത്. കന്നടഭാഷ. 11ആം നൂറ്റാണ്ടിലെ ലിപി. 43 വരി. മൂന്നുഭാഗത്തും ലിഖിതം ഉണ്ട്.ആദ്യം ചാലൂക്യപ്രശസ്തിയിൽസത്യാശ്രയകുലതിലകം ചാലൂക്യാഭരണം ശ്രീമദ് ത്രൈലോക്യമല്ലദേവന്റെ ഭരണകാലത്ത് രാജ്യം സമ്പദ് സമൃദ്ധമായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

അദ്ദേഹത്തിന്റെ കീഴിലാണ് ശ്രീമന്മഹാസാമന്ത കാകതീയബെട്ടരശ. ബെട്ടരശന്റെ പെഗ്ഗഡേ (മന്ത്രി) നാരായണയ്യ (വൈദ്യരാജപുത്രൻ)സനഗരത്തിലെ

യുദ്ധമല്ലജിനാലയം നവീകരിച്ചു. മുപ്പടയ്യ, പുന്നേ റഡ്ഡി എന്നീ വൃദ്ധഗാമുണ്ടന്മാരുടെ അനുമതിയോടെ വികൃതി സംവത്സരം ശകം 973ൽ ഉത്തരായനസം ക്രാന്തിക്ക് അതിന് റാട്ടന ഏർപ്പെടുത്തി.(1051 ഡിസംബർ 25)ആഹവമല്ല സോമേശ്വര 1 ആണ് ഇതിലെ ചാലൂക്യരാജാവ്. തെലുങ്കാന ഉൾപ്പെടെയു ള്ള ഡെക്കാൻ മുഴുവനും 1042-1068 വരെ അദ്ദേ ഹമാണ് ഭരിക്കുന്നത്. ആദ്യത്തെ കാകതീയരാജാ വ് മംഗല്ലുശാസനത്തിലാണ്..(കിഴക്കൻ ചാലൂക്യ ദാനാർണ്ണവന്റെ എഡി 956) ബെട്ട 1 രണ്ടാമത്തെ രാജാവാണ് .അദ്ദേഹം 1051 വരെ ജീവിച്ചിരുന്നു. ദുർഗ്ഗരാജന്റെ കാസിപ്പേട്ട് ദർഗ്ഗ ലിഖിതം ദുർഗ്ഗരാ ജനെ ചോളചമൂവാർദ്ധിപ്രമഥനനെന്ന് വിളിക്കുന്നു. ബെട്ട 1 ചോളരെ നേരിട്ടത് ത്രൈലോക്യമല്ലന്റെ കാഞ്ചി സൈനികനീക്കത്തിനു മുമ്പാവണം. (ത്രൈ ലോക്യമല്ലന്റെ കാഞ്ചി പടനീക്കം 1052ലാണ്).ഗണ പതിദേവന്റെ സഹോദരി മൈലാംബയുടെ ബയ്യാ രാം തടാകലിഖിതപ്രകാരം ബെട്ട 1 ന്റെ പേർ ഗരുഡാംഗബെട്ടനൃപതി എന്നാണ്. ചാലൂക്യരാജകു മാരൻ കുമാരസോമേശ്വരന്റെ ഗുഡൂർ എപ്പിഗ്രാഫി ലെ (1124) തെലുഗുഭാഗത്തും ഈ പേരുണ്ട്. ബെട്ട 1ന്റെ പിതാവ് ഗുണ്ട 4 എന്ന പിണ്ടിഗുണ്ടയാണ്. ദാനാർണ്ണവന്റെ മംഗല്ലുശാസനം കാകതീയഗുണ്ട്യാന എന്ന ഗുണ്ട 4ന്റെ അപേക്ഷപ്രകാരമാണ്. സനിഗരം ലിഖിതം അദ്ദേഹത്തിന്റെ പുത്രൻ ബെട്ട 1നെ പരാ മർശിക്കുന്നു. അതായത് അച്ഛനും മകനും കൂടി 95 വർഷം ഇടവേള. ഗുഡൂർ ശാസനം ഗരുഡബെട്ട യെ വളരെ ചെറിയ പ്രായത്തിൽ വിരിയാലകു ടുംബത്തിലെ ഒരു സ്ത്രീ രാജസിംഹാസനത്തിലിരു ത്തി എന്ന് പറയുന്നു.

വേമുലവാഡയിലെ ചാലൂക്യമല്ലന്മാരിൽ യുദ്ധമല്ല നാമമുള്ള ഒരാളാണ് യുദ്ധമല്ലജിനാലയം പണിതത്. അതിനെ പുനരുദ്ധരിക്കയും റാട്ടന ഏർപ്പെടുത്തുകയുമാണ് ബെട്ട 1 ചെയ്തത്. ലിപികന്റെ നാമം സേനബോവ ജക്കനമയ്യ.

രണ്ട്.

ഗ്രാമത്തിലെ വയലിനടുത്ത് ശിലാസ്തംഭത്തിന്റെ നാലുവശവും.86 വരി. പഴയ കന്നഡഭാഷ. 11ആം നൂറ്റാണ്ടിലെ ലിപി. ആദ്യലിഖിതത്തിന് 2 വർഷത്തിനുശേഷമാണ് ഇത്. ത്രൈലോക്യമല്ലദേവന്റെ മഹാസാമന്തൻ കാകതീയ പോളലരസർ ഖണ്ഡിസനഗരഗ്രാമത്തിൽ പെർഗ്ഗഡേ മധുവപ്പയ്യ പ്രതിഷ്ഠിച്ച മധുപേശ്വരന് 12 സ്ഥലം വാസസ്ഥാന മായി നൽകി, ഗാമുണ്ടന്മാരുടെ അനുമതിയോടെ ഒരു റാട്ടന, 20 മാത്ര കരിനിലം, 20 മാത്ര കെസുകാലു ഇവയും വെജുവാംഗെയിലെ റഡ്ഡിമാ രുടെ അനുമതിയോടെ ഒരു മാത്ര നീർത്തടവയലും സർവ്വാഭ്യന്തരസിദ്ധിയോടെ നൽകി. വിജയവർഷം ശകം 975 കാർത്തികമാസം അമാവാസ്യ സൂര്യ ഗ്രഹണത്തിനാണ് ഈ ദാനം.(13.നവംബർ 1053)

നേരത്തേ പറഞ്ഞ ലിഖിതം ബെട്ട1ന്റെ പരാമർശമുള്ള ഒരേ ഒരു ലിഖിതമാണെന്നപോലെ ഇത് പ്രോല 1ന്റെ പരാമർശമുള്ള ഒരേ ഒരു ലിഖിതമാണ്. കാകതീയലിഖിതങ്ങളിലെ മൂന്നാമത്തേതുമാണ്. ആദ്യത്തേത് 1051 ഡിസംബർ 25നാണ്. ഇത് 1053 നവം ബർ 13നും.1052ൽ ചോള രാജാധിരാജൻ ചാലൂക്യ തലസ്ഥാനം കല്യാണിനെ ആക്രമിച്ചതിന് പകരമായിട്ടാണ് സോമേശ്വരൻ കാഞ്ചിയെ ആക്രമിച്ച് കീഴടക്കിയത്. 1053 എഡി എന്നാണ് നീലകണ്ഠശാ

സ്ത്രി പറയുന്നത്. അന്ന് ബെട്ട 1 ജീവിച്ചിരിക്കാ നിടയില്ല. ചോളചമുവാർദ്ധിപ്രമഥനം എന്ന പ്രയോ ഗം ഈ യുദ്ധത്തെ കുറിച്ചാവില്ല, ചോളചാലൂക്യ ന്മാർക്കിടയിൽ നിരന്തരം നടന്നിരുന്ന യുദ്ധങ്ങളി ലൊന്നിനെ കുറിച്ചാവണം. സോമേശ്വര 1നെ കാഞ്ചിയുദ്ധത്തിൽ അനുഗമിച്ച യുവാവും വീരനു മായ പ്രോല 1 യുദ്ധത്തിൽ മികവു കാട്ടിയിരി ക്കാം.

ശ്രീമദ് ത്രൈലോക്യമല്ലവല്ലഭപ്രസാദാസാദിതഹാമ ഹിമാസ്പദ എന്നത് പ്രോലയുടെ കാഞ്ചിയുദ്ധത്തി ലെ വിജയത്താൽ ചാലൂക്യചക്രവർത്തിയെ പ്രസാ ദിപ്പിച്ചതിനാലാണ്. പ്രോല 1 നേരിട്ടല്ല യുദ്ധത്തിൽ പങ്കെടുത്തത്. അദ്ദേഹത്തിന്റെ സേനാപതി റാച്ചേർള ബ്രഹ്മസേനാപതിയാണ് പങ്കെടുത്തത്. (പിള്ളാളമറ്റി റാച്ചേർള മുഖ്യരുടെ രേഖകൾ)സമാധിഗതപഞ്ച മഹാശബ്ദബിരുദം പ്രോല 1 ന് ഉണ്ട്. ഇത് ബെട്ട 1ന് ഇല്ല. കാസിപ്പേട്ട് ദർഘ ലിഖിതം ത്രൈലോക്യ മല്ലൻ പ്രത്യേകശാസനം കൊണ്ട് പ്രോലക്ക് കൂടു തൽ സ്ഥലങ്ങൾ ഭരിക്കാൻ ഏൽപ്പിച്ചതും കാണു ന്നു. ബയ്യാറാം എപ്പിഗ്രാഫിൽ പ്രോല 1 അ(ഹ)രി ഗജകേസരിബിരുദം നേടിയതായി കാണാം. ദോണയ്യ യാണ് ലിപികൻ.

മൂന്നാമത്തെ ലിഖിതം.

ഗ്രാമത്തിനു പുറത്ത് ജൈനവിഗ്രഹം കൊത്തിയ മലയുടെ സമീപം ശിവക്ഷേത്രത്തിലെ കൽത്തൂണി ലാണ് ലിഖിതം. 4 വരി. ചാലൂക്യരാജാ ത്രിഭുവന മല്ലന്റെ മഹാമണ്ഡലേശ്വരൻ കാകതീയബെട്ടരശൻ അനുമക്കൊണ്ടപുരത്തിന്റെ പ്രഭുവാണ്. മറ്റൊരു മഹാമണ്ഡലേശ്വരൻ ജഗദ്ദേവരശന്റെ സേനാപതി ദണ്ഡനായക കൊണ്ടമയ്യ, പുലുഗുനൂരു 70ലെ

സനഗരഗ്രാമത്തിലെ ഭീമേശ്വരദേവന് 12 മാത് കരംബനിലവും ഒരു റാട്ടനയും (ജലം തേവുന്ന പുള്ളി)സർവ്വ ബാധയും ഒഴിച്ച് സമ്മാനിച്ചു. ശകം 1022 വ്യയം സംവത്സരം മാഘത്തിലെ പൌർണ്ണമി യിലെ ചന്ദ്രഗ്രഹണത്തിനാമ് ദാനം. ശകം 1022ലല്ല, 1028ലാണ് ഇപ്രകാരം വരുന്നതെന്ന് ചൂണ്ടിക്കാട്ടപ്പെ ട്ടിരിക്കുന്നു. ഇത് ശരിയെന്നു വരികിൽ കാകതീ യരുടെ വംശാവലിക്കും ചരിത്രത്തിനും ഈ ലിഖി തം പ്രധാനരേഖയാണ്.

ഇത്രകാലവും പണ്ഡിതർ വിചാരിച്ചിരുന്നത് ബെട്ട 2 എഡി 1090 വരെയേ ജിവിച്ചിട്ടുള്ളു എന്നാണ്, (മകൻ ത്രിഭുവനമല്ല ദുർഗ്ഗരാജന്റെ കാസിപ്പേട്ട് ലിഖിതം വെച്ച്) അതിൽ ശകം 1018ലോ 1012ലോ (തെളിയുന്നില്ല) പ്രമോദസംവത്സരം കാർത്തികമാ സം അമാവാസിയിലെ സൂര്യഗ്രഹണം പറയുന്നു. 1012ലാണ് ഈ സൂര്യഗ്രഹണം നടന്നതെന്ന് കാണു ന്നു. (24 നവംബർ 1090) ത്രിഭുവനമല്ല ബെട്ട 2 അല്ലെങ്കിൽ അദ്ദേഹത്തിന്റെ മകൻ മഹാമണ്ഡലേ ശ്വര ത്രിഭുവനമല്ല ദുർഗ്ഗനൃപതി അന്ന് ദാനം ചെയ്കയുണ്ടായി. ഉത്തരായനസംക്രമം ബഹുധാന്യ വത്സരം (1098 എഡി) നിജകുലകീർത്തിസ്ംഭം നാട്ടി. ഇത് അച്ഛനോ മകനോ എന്ന് വ്യക്തമല്ല. മുമ്പുള്ള ശാസനത്തിനെ പുതുക്കി എഴുതിച്ചതോ എന്നും സംശയമുണ്ട്. ബെട്ട രണ്ടാമന് പ്രോല 2നെ കൂടാതെ ത്രിഭുവനമല്ല ദുർഗ്ഗനൃപതി എന്ന ഒരു മകനും കൂടി ഉണ്ടായിരുന്നു എന്നതിനു തെളിവു നൽകുക മാത്രം ചെയ്യുന്നു. എന്നാൽ ഈ സനിഗരം എപ്പിഗ്രാഫ് ബെട്ട രണ്ടാമന്റെ അവസാനഭരണ വർഷം 1107 ആണെന്ന് കാമിക്കുന്നു. 1107ൽ ബെട്ട 2, 1117ൽ പ്രോല 2 ആണ് ഭരിക്കുന്നത്. പ്രോല യുടെ ആദ്യഭരണവർഷം

1117.ഈ 10 വർഷത്തി നിടയിൽ ദുർഗ്ഗാനൃപതി ഭരിച്ചിരുന്നുവോ.

ദർഗ്ഗലിഖിതപ്രകാരം പ്രോല 2നേക്കാൾ മൂത്തവ നാണ് ദുർഗ്ഗ. അഛനായ ബെട്ട 2വിന്റെ ത്രിഭുവ നമല്ലനാമം അദ്ദേഹത്തിനാണുള്ളത്. ഒരുപക്ഷേ അഛനുശേഷം ഭരിക്കാനുള്ള ഭാഗ്യം കിട്ടാതിരുന്നത് ദുർഗ്ഗ അതിനുമുമ്പേ മരിച്ചതിനാലാവാം. നൽഗൊണ്ടജില്ലയിലെ കോട്ടപ്പള്ളിയിൽ ലഭിച്ച ഒരു ലിഖിതം പറയുന്നത് തന്റെ ഭ്രാതൃവ്യനെ (ഭ്രാതാവി ന്റെ പുത്രൻ) അഭയം ചോദിച്ചു വന്നപ്പോൾ ദയാ പൂർവ്വം രക്ഷിച്ചു എന്നാണ്.ഏതോ സൂത്രം പ്രയോ ഗിച്ച് ഭ്രാതാവിനെ വധിക്കയോ നാടുകടത്തുകയോ ചെയ്തിട്ടാണ് പ്രോല 2 സിംഹാസനത്തിലിരുന്നത് എന്ന് ഈ വാക്കിനെ പണ്ഡിതന്മാർ വിശദമാ ക്കുന്നു. മാത്രമല്ല, പ്രോല 2 വിനെ കാകതീയവംശ തിലകമെന്ന് വിളിക്കുന്നില്ല. പകരം കുലവർദ്ധനനെ ന്നേ വിളിക്കുന്നുള്ളു. പിന്നീടു രേഖപ്പെടുത്തിയ വംശാവലികളിൽ അനുജനായ പ്രോല 2നെ ആദ്യ ത്തെ സ്ഥാപകനായി പറയുന്നുമുണ്ട്. ദുർഗ്ഗനും അദ്ദേഹത്തിന്റെ ശാഖയും പ്രോല 2 നശിപ്പിച്ചിരി ക്കണം. അനുമക്കൊണ്ട സിംഹാസനം ദുർഗ്ഗയിൽനി ന്ന് പ്രോല 2 കൈവശപ്പെടുത്തിയതാണ്.

ദാനകർത്താവായ കൊണ്ടമയ്യ മഹാമണ്ഡലേശ്വര ജഗദ്ദേവരശരുടെ ദണ്ഡനായകനാണ്. ജഗദ്ദേവരശർ കാകതീയ ബെട്ടരശ 2വിന്റെ മഹാമണ്ഡലേശ്വരനു മാണ്. ഡോ എൻ വെങ്കടരമണയ്യയുടെ അഭിപ്രായം രാഷ്ട്രകൂടമുഖ്യനും പോലവശ മേദരാജാ 1ന്റെ അനന്തരാവകാശിയുമാണ് ജഗദ്ദേവ. എഡി 112ലെ മേദപ്പള്ളി എപ്പിഗ്രാപിലാണ് ഇദ്ദേഹത്തിന്റെ നാമം

ആദ്യം കാണുന്നത്. ഇത് അദ്ദേഹത്തിന്റെ മന്ത്രി ആച്ചിരാജ പെഗ്ഗഡ (ആദിത്യമന്ത്രി) ആച്ചിരാജേശ്വര ക്ഷേത്രത്തിനും വിഷ്ണുദേവക്ഷേത്രത്തിനും കൊടുത്ത ഭൂമിദാനത്തിന്റെ രേഖയാണ്. എഡി 1123ലെ ഗോവിന്ദപുരം എപ്പിഗ്രാഫിലാണ് ഈ നാമം പിന്നെ കാണുന്നത്,അദ്ദേഹത്തിന്റെ പുത്രൻ ഗുണ്ടരാജന്റെ മന്ത്രിയും നിരവധി വൈശ്യരും പാർശ്വനാഥജിനദേവന് ഭൂമി സമർപ്പിച്ച രേഖയാണത്. വാറങ്കലിലെ നരസാംപേട്ടിലാണ് മേദരാജ കുടുംബത്തിന്റെ ഈ മന്ത്രിമാർ താമസിച്ചിരുന്നത്. രണ്ടുരേഖയും ലഭിച്ചതും(മേദപ്പള്ളി, ഗോവിന്ദപു രം) അവിടെനിന്നാണ്. ഗോദാവരീതീരത്തെ പോളവശയും മന്ഥാനയും അവരുടെ കീഴിലായിരുന്നു. കാകതീയരുടെ വടക്കേ അതിർത്തിയിലുള്ള ഈ സ്ഥലങ്ങളാണ് ജഗദ്ദേവന്റെ ദണ്ഡനായകൻ ദാനം ചെയ്തിരിക്കുന്നത്. ജഗ്ഗദേവനും ജഗദ്ദേവനും രാളാണെന്നാണ് അഭിപ്രായം. കൊല്ലിപ്പാക്കവും ലോംബുലവാടവും ഭരിച്ചിരുന്ന മഹാമണ്ഡലേശ്വ രൻ ജഗദ്ദേവനെന്ന പരമാര രാജകുമാരൻ (ചാലൂ ക്യരാജാ ത്രിഭുവനമല്ലവിക്രമാദിത്യ ന്റെ കീഴിൽ) ആണ് അക്കാലത്തെ മറ്റൊരു ജഗദ്ദേവൻ. കോലനു പാക്കം 2 ലിഖിതവും (1104-1106) ലോംബുരവാ ടെ ഒരു ലിഖിതവും (1108) ഇദ്ദേഹത്തിന്റേതായി ഉണ്ട്. ലെബുലുവാട എപ്പിഗ്രാഫിലെ പ്രശസ്തി ഈ ലിഖിതത്തിലെ പ്രശസ്തിക്ക് സമാനമാണ്.

ഈ ലിഖിതത്തിലെ പ്രശസ്തിഃ-സമസ്തപ്രശസ്തോപേത സമധിഗതപഞ്ചമഹാശബ്ദാലങ്കാരാലംകൃതം ശ്രീമന്മഹാമണ്ഡലേശ്വരം ജഗദ്ദേവരശർ.

ലംബുലവാഡ പ്രശസ്തിഃ-

സമസ്തപ്രശസ്തോപേത സമധിഗതപഞ്ചമഹാശബ്ദാലങ്കാരാലംകൃതം ശ്രീമന്മഹാമണ്ഡലേശ്വരം പൊരവാരകുലതിലകം ശ്രീമദ് ജഗദ്ദേവരശരു

പൊരവാര അഥവാ പരമാരരാജകുമാരൻ ആണ് ജഗദ്ദേവരശരെന്ന് ഇത് തെളിയിക്കുന്നു. ചാലൂക്യ രാജാവിന്റെ പിതൃനിർവ്വിഷേഷമായ സ്നേഹം അനുഭവിച്ച ഈ പരമാരരാജകുമാരൻ കാകതീയ ബെട്ടയേക്കാൾ താഴ്ന്ന സ്ഥാനത്ത് എപ്രകാരം ഇരുന്നു. ത്രിഭുവനമല്ലനിൽനിന്ന് സബ്ബ 1000 അഥ വാ സബ്ബിനാട് ബെട്ട 2ന് ലഭിച്ചത് മന്ത്രിയിലൂ ടെയാണ്. ആദ്യകാകതീയരുടെ രണ്ടാം തലസ്ഥാന മായ സനിഗരത്തിന്റെ ഇരുഭാഗത്തുള്ള കൊല്ലിപ്പാ ക്കം 000വും ലോംബുലവാഡിയും 12ആം നൂറ്റാ ണ്ടിന്റെ ആദ്യത്തിൽ ജഗദ്ദേവനാണ് ഭരിച്ചിരുന്നത്. ബെട്ടയുടെ രാജ്യമായ സബിനാടിലെ സനിഗരം ജഗദ്ദേവന്റെ സേനാധിപൻ സന്ദർശിച്ചപ്പോളാണ് ദാനം നടന്നിരിക്കുന്നത്.

അല്ലെങ്കിൽ ജഗദ്ദേവൻ, ബെട്ടയിൽനിന്ന് ഈ ഭാഗം കീഴടക്കിയ ശേഷം, ബെട്ട തന്റെ മന്ത്രിയെ ദൂതനായി അയച്ച് അത് തിരിയെ വാങ്ങിയതാ വാം. ഇതിന്ന് തെളിവായി പ്രോല രണ്ടാമന്റെ പത്മാക്ഷിക്ഷേത്രലിഖിതം ഉണ്ട്.ബെട്ടയുടെ മന്ത്രി വൈജ്യദൻണ്ഡാധിനാഥൻ ചാലൂക്യരാജാവിനെ നല്ലവാക്കുകളാൽ സന്തോഷിപ്പിച്ച്, ജഗദ്ദേവനിൽനി ന്ന് ഒരു ഭാഗം തിരിച്ചുവാങ്ങി. ജഗദ്ദേവൻ കാകതി ബെട്ടക്ക് സബ്ബിനാട് കൊടുത്തു. ഇതാവണം ജഗദ്ദേവന് ബെട്ടയോട് ശത്രുത വരാനുമ അദ്ദേഹം ഹനുമക്കൊണ്ടയെ ആക്രമിക്കാനും കാരണം. രുദ്ര

ന്റെ 1000 കാൽ ക്ഷേത്രലിഖിതം ജഗദ്ദേവന്റെ ഉദ്ദേ ശം സഫലമാക്കാതിരുന്നതാണ് പ്രോല 2ന്റെ പ്രശ സ്തവിജയം.പരമാര ജഗദ്ദേവനാണ് ഈ ലിഖി തത്തിലെ ജഗദ്ദേവൻ എന്ന് ഇതെല്ലാം സാക്ഷ്യം വഹിക്കുന്നു. (വിക്രമാദിത്യ ന്റെയും പേരക്കുട്ടി ജഗദേകമല്ല 2ന്റേയും സാമന്തനായിരുന്ന പട്ടിപൊമ്പ ച്ചപുരത്തെ സന്തരമുഖ്യൻ ആണെന്ന് ഫ്ലീറ്റ് വിചാരിച്ചിരുന്നു.)

പ്രോല 2ന്റെ സിംഹാസനാരോഹണം ജ്യേഷ്ഠനായ ദുർഗ്ഗനുമായും പരമാരരാജാവ് ജഗദ്ദേവനുമായുമു ള്ള യുദ്ധങ്ങളിലൂടെയാണ് വിജയം കണ്ടത്.

ലിഖിതം 4

നേരത്തെ പറഞ്ഞ ജൈനപ്രതിമ കൊത്തിയ മലയുടെ അടുത്തുള്ള വയലിലാണ് ലഭിച്ചത്. 69 വരി. കൽത്തൂണിന്റെ നാലുവശം ലിഖിതം. 12ആം നൂറ്റാണ്ടിലെ കന്നഡം. സബ്ബിസഹസ്രമു, കുറുവ രാജു മുതലായ തെലുഗു പദങ്ങളുണ്ട്.(കാകതീയ പ്രോല 2ന്റെ സാമന്തനാണ് ദാനകർത്താവായ റേപോല കുരുവരാജു.) അക്ഷരത്തിന്റെ മുകളിൽ വലത്തുവ ശത്ത് ബിന്ദുവാണ് അനുസ്വാരം. അല്ലെങ്കിൽ ഒരു പൂജ്യം. (ഇത് അക്കാലത്തെ കന്നഡതെലുങ്കു ലിഖിതങ്ങളിൽ പതിവാണ്. മകാരം രണ്ടുവിധം എഴുതിയിരിക്കുന്നു. ചാലൂക്യമല്ലദേവന്റ കാലത്തെ സമൃദ്ധിയെ പുക ഴ്ത്തിയശേഷം മഹാമണ്ഡലേശ്വര പരമമഹേശ്വര പതിഹിതചരിതനായ കാകതീയ പോളരരശരുടെ കീഴിലുള്ള മുഖ്യൻ ശ്രീമദ് റേപോ ളകുറുവരാജ സബ്ബി സഹസ്രമുവിന്റെ

സവദോര ,ഒരു റാട്ടനയും ബമ്മനപരിയയിലെ 5 മാത്ര നിലവും ബെജ വാംഗ യിലെ 8 മാത്രയും എണ്ണമില്ലും, കൊമ്മേശ്വര ഖണ്ഡി സനഗരക്ഷേത്രത്തിലെ ലോകാഭരണപണ്ഡിതന് കാലുകഴുകി ദാനം ചെയ്തത് പറയുന്നു. ശകം 1059 കീലകവർഷം അശ്വായുജം ഞായറാഴ്ച അമാവാസി യിലെ സൂര്യ ഗ്രഹണത്തിനാണ് ദാനം. എന്നാൽ ആ ദിവസം ഞായറാഴ്ചയല്ല, സൂര്യഗ്രഹണം ഇല്ല. എസ് കെ പിള്ള നല്ലഗൊണ്ടയിലെ ആനമല ഗ്രാമത്തിലെ രേഖയിലും ഇതേ സൂര്യഗ്രഹണം പരാമർശിക്കയാൽ അന്ന് ചെറിയ ഒരു ഗ്രഹണം ഉമ്ടായിരുന്നതിന് സാദ്ധ്യത കാണുന്നു. ചാലൂക്യ ഭൂലോകമല്ലസോമേശ്വര 3 (1127-1138)ന്റെ സമകാലീനനല്ല പ്രോല 1. അതിനാൽ ഇവിടെ പറയുന്നത് പ്രോല രണ്ടാമനാണ്. ചാലൂക്യജഗദേകമല്ലന്റെ രേഖയിലും ഈ രേഖയിലെ റേപോല കുറുവരാജ പറയപ്പെടുന്നു. അദ്ദേഹത്തിന്റെ പത്മാക്ഷിക്ഷേത്ര ലിഖിതം 1117ലാണ്. ഇതും സന്നിഗ രരേഖയും വെച്ച് പ്രോല 2 വിക്രമാദിത്യ 6, സോമേശ്വ ര 3 , ജഗദേകമല്ല 2 ഇവരുടെയെല്ലാം വിശ്വസ്തസാമ ന്തനായിരുന്നു എന്ന് വിചാരിക്കുന്നു.

അഞ്ചാമത്തെ ലിഖിതം

ചെറിയ ശിവലിംഗപ്രതിഷ്ഠയുള്ള ശിവമന്ദിരത്തിനു മുന്നിലെ കൽത്തൂണിലെ നാലുവശവുമാണ് ലിഖിതം. ആകെ 105 വരിയുണ്ട്. പ്രധാനമായും കന്നഡഭാഷ ഗദ്യ

മാണ്. അവസാനഭാഗം സംസ്കൃതം. അത് വസന്തതില കത്തിലാണ്. ചാലൂക്യ ശ്രീമദ് ജഗദേകമല്ലന്റെ പാദപ ത്മോപജീവി മഹാമണ്ഡലേശ്വര കാകതീയ പ്രോലര ശർ അമ്മക്കുണ്ഡപുരവരനാണ്. അദ്ദേഹത്തിന്റെ സാമന്തനായ റേപോല കുറുവരശർ സബ്ബിസഹസ്ര ത്തിന്റെ സവദോര. അദ്ദേഹത്തിന്റെ ദണ്ഡനായകൻ മഹാസാമന്താധിപതി ആത്രേയഗോത്രക്കാരനായ ശ്രീമന്ദപരശർ, പാർത്ഥേശ്വരദേവന്റെ നിത്യപൂജക്കും നിത്യനന്ദാവിളക്കിനും, സന്യാസിമാരുടെ ഭക്ഷണ ത്തിനും വസ്ത്രത്തിനുമായി ചെയ്ത ദാനമാണ് വിഷയം. ഒരു റാട്ടന, 1 മാത്ര നീർത്തടവയൽ, 9 മാത്ര കിഴുക്കാട് ചന്ദ്രാഭരണപണ്ഡിതന്റെ കാലുകഴു കി അദ്ദേഹത്തിനു സമർപ്പിച്ചു. ശകം 1071 ശുക്ല സംവത്സരം ചൈത്രത്തിലെ ശുക്ലപഞ്ചദശി വ്യതീപാ തം വിഷുസംക്രാന്തി,ചന്ദ്രഗ്രഹണം ഉള്ള ദിനത്തിലാ ണ് ദാനം. വസന്തതിലകത്തിൽ ആത്രേയഗോത്രം ഗോകർണ്ണവംശം മന്ദപരശനു പ്രശസ്തി . ലിപി കൻ കൊണ്ടോജന്റെ മകനാണ്.

1149 എഡി വരെ പ്രോല 2 ജീവിച്ചതിന് ഈ രേഖ തെളിവാണ്. 1143നും 1163നും ഇടയിലാണ് പ്രോല 3ന്റെ പുത്രനായ രുദ്രന്റെ ആയിരംകാൽ ലിഖിതം. ആ കാലത്ത് ഈ രേഖ മാത്രമേ കാക തീയരുടേതായി ഉള്ളു, ഇത് ദക്ഷാരാമത്തിലെ ഭീമേശ്വരക്ഷേത്രത്തിലാണുള്ളത്. ചാലൂക്യചോളരാ ജരാജന്റെ 18ആം ഭരണവർഷം, ശകം 1080 ആണ് കാലം.

5 സനിഗരം ലിഖിതങ്ങളിൽനിന്ന് ഇപ്രകാരം ഗ്രഹിക്കാം.

1. ***ആദ്യത്തെ നാലു കാകതീയരാജാക്കന്മാർക്കും (ബെട്ട 1, പ്രോല 1, ബെട്ട 2 ,പ്രോല 2) അവരവരുടേതായ ലിഖിതരേഖകളുണ്ട്.***
2. ***കാകതീയർ തെലുഗുദേശത്തേക്ക് പോന്നശേഷം ആദ്യത്തെ രേഖ 1051 എഡിയിലെ ബെട്ട 1ന്റെ ലിഖിതമാണ്.***
3. ***ബെട്ട 1ന്റെ അവസാനഭരണവർഷം 1051. പ്രോല 1ന്റെ ആദ്യഭരണവർഷം 1053.***
4. ***ബെട്ട 2ന്റെ അവസാനഭരണവർഷം 110***
5. ***സബ്ബിനാട് 1000 ത്തിലുൾപ്പെട്ട സന്നിഗരം ഒരു നൂറ്റാണ്ടിലധികം കാലം അവരുടെ ശക്തികേന്ദ്ര മായിരുന്നു. വിക്രമാദിത്യ ആറാമന്റെ കാലത്ത് അത് നഷ്ടപ്പെടുകയും തിരിച്ചുകിട്ടുകയും ചെയ്തിട്ടുണ്ട്.***
6. ***1149ൽ പ്രോല 2ആമന്റെ അവസാനഭരണവർഷം വരെ അവർ ചാലൂക്യരാജാക്കന്മാരുടെ വിശ്വസ്തസാമന്തരായിരുന്നു.***
7. ***അനുമക്കൊണ്ടയിൽനിന്ന് പ്രോല2 ഓടിച്ച ജഗദ്ദേവൻ കൊല്ലിപ്പാക്കം ലിഖിതങ്ങളിലെ പരമാര ജഗദ്ദേവനാണ്***
8. ***ബെട്ട 1 ഒഴികെ മറ്റു മൂന്നുപേരും പരമമഹേശ്വര ബിരുദം ഉള്ളവരാണ്. ജൈനമതത്തെ പ്രോത്സാഹിപ്പിക്കുമെങ്കിലും അവർ ശൈവരായിരുന്നു.***

ചാലൂക്യവിക്രമാദിത്യ ആറാമന്റെ കാലത്തെ ഗുണ്ടല പ്പള്ളി എപ്പിഗ്രാഫ്.

കൃഷ്ണാനദിയുടെ ഇടത്തേ കരയിൽ, നൽഗൊണ്ടജില്ല, ഹുസൂർനഗർ താലൂക്ക് ഗുണ്ടപ്പള്ളിക്കടുത്ത ജീർണ്ണിച്ച ശിവക്ഷേ ത്രത്തിൽ രണ്ടായി പൊട്ടിയ സ്ലാബിലാണ് ലിഖിതം. 19 വരി. ആദ്യത്തെ 5 വരി തെലുങ്കിലുള്ള പടിഞ്ഞാറൻ ചാലൂക്യപ്രശസ്തി. അവസാനത്തെ നാലുവരി സംസ്കൃതപദ്യം. കൃഷ്ണാതീരത്തെ പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ മറ്റപ്പിള്ളി ലക്ഷ്മീനാ രായണസ്വാമിക്ഷേത്രത്തിനടുത്താണ് ഗുണ്ടലപ്പള്ളി ഗ്രാമം.

രേഫത്തിനുശേഷം സ്വരം ഇരട്ടിച്ചിട്ടുണ്ട്. ഉദാ മഹപ്രവർദ്ധമാന, ചന്ദ്രാർക്ക. സാമന്ത എന്നതിന് സാമൻത എന്ന് കാണുന്നു. മ രണ്ടുവിധം എഴുതുന്നു. രണ്ടാമ ത്തെ മ പിന്നീട് അനുസ്വാരം (ഠ) ആയതിന് ആധാരമാണ്. തെലുങ്കിലാണ് ലിഖിതമെങ്കിലും ചാലൂ ക്യപ്രശ സ്തിയിൽ കന്നഡ അവസാനം കാണുന്നു. ചാലൂക്യരാജാ ത്രിഭുവനമല്ലന്റെ മഹാ സാമന്ത പോതയ്യ ശകം 1045 ശോഭകൃത് വർഷം 2 പുട്ടി ആഢലു വിതക്കാവുന്ന ഭൂമി ജക്കവയ്യ വയലിനടുത്ത്, സുവഞ്ച കുഞ്ചമു കാലു എന്ന സ്ഥലത്തെ മല്ലികാർജ്ജു നദേവന് കൊടുത്തു. ചാലൂക്യവിക്രമവർഷം 48 ശോഭകൃത് മാഘശുക്ലപഞ്ചമി ചന്ദ്രഗ്രഹണത്തിന്

കൊണ്ടപ്പള്ളിനാട്ടിലെ ചുങ്കവെർഗ്ഗഡു ബൊല്ലമരാജു വും, പേരുചുങ്കമപെർഗ്ഗഡ ദുദ്ദബഡ്ഡുവും ഈശ്വരന് നന്ദാവിളക്ക് വെക്കാൻ മാസം തോറും 2 രൂക (രൂപ) ദാനം ചെയ്തു. ശക 1045 ശോഭകൃത് എഡി 1124 ആണ്. ഫെബ്രുവരി 1നാണ് ചന്ദ്രഗ്രഹണം ഉണ്ടായത്. കൃഷ്ണയുടെ ഇടത്തെ തീരം കൊണ്ടപ്പള്ളിനാടിലാണ് ഉൾപ്പെട്ടിരുന്നത്. ഹൂസൂർനഗർ, ബുരുഗുദദ്ദ എപ്പിഗ്രാ ഫുകളിൽ കൊണ്ടപ്പള്ളിനാട് ഭരിക്കുന്നത് ചാലൂക്യ സേനാപതി ഗോവിന്ദദണ്ഡനായകനാണ്. അദ്ദേഹം പ്രസിദ്ധനായ അനന്തപാലദണ്ഡനായകന്റെ സഹോ ദരീപുത്രനാണ്. കച്ചവടക്കാരിൽനിന്ന് ഈടാക്കുന്ന നികുതിയാണ് വദ്ദരാവുലചുങ്കം. ഇതും വലിയ ചുങ്കവും പിരിക്കുന്നവരാണ് ഇതിലെ ബൊല്ലമരാ ജുവും ദുദ്ദബഡ്ഡുവും. വെഗ്ഗഡ അവരുടെ ഔദ്യോഗിക കസ്ഥാനനാമമാണ്. കുട്ടി ജനിച്ചാൽ 11ആം നാൾ പേരു വെക്കുമ്പോൾ മാതാപിതാക്കൾ രാജാവിനു കൊടുക്കു ന്ന സമ്മാനമായ നികുതി പിരിക്കാനും ചാലൂക്യഭ രണത്തിൽ പ്രത്യേകം ഉദ്യോഗസ്ഥരുണ്ടായിരുന്നു. ദുദ്ദഭട്ടനെന്ന പേരിൽനിന്ന് അദ്ദേഹം പുരോഹിതബ്രാ ഹ്മണനാണെന്ന് കാണുന്നു. പേരു വെക്കുന്നതിനുള്ള ദക്ഷിണയായി അത്തരക്കാരാണ് ഈ നികുതി സ്വീക രിച്ചിരുന്നത്.

കോത ഗണപാംബയുടെ മൊഗലുത്തല ദാനം

ഗുണ്ടൂർജില്ലയിലെ സത്തനപ്പള്ളി താലൂക്കിൽ പപയപെ ലേം ഗ്രാമത്തിൽ ഭൃംഗേശ്വരസ്വാമിവാരിക്ഷേത്രഭൂമി കുഴിക്കുമ്പോൾ 5 താമ്രപത്രങ്ങൾ കിട്ടി. 5 പ്ലേറ്റിലും കൂടി 85 വരിയുണ്ട്. 26 വരി സംസ്കൃതത്തിലുള്ള പ്രശസ്തിയാണ്. പിന്നെ 15 വരി രാജബിരുദങ്ങൾ തന്നെ രാജ്ഞിയും സ്വീകരിച്ചിരിക്കുന്നതാണ്. രുദ്ര നെന്ന ബ്രാഹ്മണന് ഗംഗാശ്രാദ്ധം ഊട്ടുന്നതിന്നാണ് ദാനം. പിന്നെ 10 വരി രുദ്രൻ വേറെ ബ്രാഹ്മണർക്ക് ഭൂമി വീതിച്ചുകൊടുത്തതും അവരുടം നാമം ഗോത്രം ഇവയുമാണ്. പിന്നെ 5 വരി സംസ്കൃതപദ്യം ദാനം ചെയ്ത ദിനം പറയുന്നു. 21 വരി ദാനം ചെയ്ത ഭൂമിയുടെ അതിർത്തി സംസ്കൃതത്തിലും തെലുങ്കി ലും പറഞ്ഞിരിക്കുന്നു. അവസാനം 8 വരി സംസ്കൃ തത്തിലാണ്.

പ്രശസ്തിഃ- തുടക്കം അനുഷ്ടുപ്പ് വൃത്തത്തിൽ ലീലാ വരാഹവിഗ്രഹനായ വിഷ്ണുസ്തുതിയാണ്. വെള്ളത്താമരമേല്1 കറുത്ത വണ്ടുപോലെ അവന്റെ ഒറ്റക്കൊമ്പത്ത് ഭൂമിയെ ധരിച്ച വിഷ്ണു ഭൂമിക്ക് ഐ ശ്വര്യം തരട്ടെ. ധാന്യവാടകമെന്ന സ്ഥലത്തെ രാജപരമ്പ രക്ക് അഭിവൃദ്ധി തരട്ടെ. മൂന്നാം ശ്ലോകം ശാർദ്ദൂലവി ക്രീ ഡിതത്തിലാണ്. കോട്ടമുഖ്യൻ ഭീമൻ വേലനാടു ചോളന്റെ മകൾ സബ്ബാംബികയെ വിവാഹം ചെയ്തു. അവർക്ക് കേത എന്ന പുത്രനുണ്ടായി. 4,5,6 ശ്ലോകം അനുഷ്ടുപ്പിലാണ്. കേത രണ്ടാം ഭഗീരഥനെപ്പോലെ രാജ്യം ഭരിച്ചു. 70 ഗ്രാമം ദാനം ചെയ്ത കേതയുടെ ദാനനീരിനാൽ

സമുദ്രമെല്ലാം നിറഞ്ഞു. കേതയുടെ പുത്രനായ രുദ്രൻ വിശാഖനെപ്പോലെയും ഷണ്മുഖ നെപ്പോലെയും വീരനായിരുന്നു. രുദ്രന് പണ്ഡാംബ എന്ന പത്നിയിൽ ബെട്ട ജനിച്ചു. അവൻ ഭാനു (സൂ ര്യ)ഹിമഭാനു(ചന്ദ്ര)പുരന്ദര(ഇന്ദ്ര)സദൃശനായി രുന്നു. വീരത്തിൽ സൂര്യനും സൌന്ദര്യത്തിൽ ചന്ദ്രനും ഗാംഭീര്യത്തിൽ ഇന്ദ്രനും സദൃശം.

8,9 ശ്ലോകം ശാർദ്ദൂലവിക്രീഡിതം. ഓർഗൽ (ഓരുങ്കൽ അഥവാ വാറങ്കൽ) എന്ന പഴയ കാകതീയതലസ്ഥാനപ്ര ശസ്തിയാണ്. വലിയ കൊട്ടാരങ്ങൾക്കും ധാരാളം പണ്ഡിതന്മാർക്കും ഇത് കേൾവികേട്ട നഗരമാണ്. കൊട്ടാരങ്ങളിൽ അമൂല്യരത്നങ്ങൾ പതിച്ചിരിക്കുന്നു. അവയുടെ പ്രകാശം ആകാശത്തിൽ പ്രതിഫലിച്ച് രാപ്പകലുകളുടെ വ്യത്യാസം അറിയുന്നില്ല. അതിനാൽ പകലിൽ ഇണചേർന്ന് രാത്രി പിരിയുന്ന ചക്രമിഥുന ങ്ങൾ ബുദ്ധിമുട്ടിലാണ്.

അടുത്ത ശ്ലോകം ശാർദ്ദൂലവിക്രീഡിതത്തിൽ ആ രത്നങ്ങളുടെ മഹിമ പറയുന്നു. പച്ചമരതകക്ക ല്ലുകളുടെ പ്രകാശം തട്ടി ആകാശം പുൽമേടു പോലെ തിളങ്ങുന്നു. ചൂടുകാലത്ത് സൂര്യന്റെ കുതിരകൾ ഇതുകണ്ട് പുല്ലാണെന്ന് ഭ്രമിച്ച് വേഗം കുറക്കുന്നു. പണ്ഡിതന്മാർ ഇതിനാലാണ് വേനലിൽ സൂര്യഗതി പതുക്കെയാണെന്ന് വിചാരിക്കുന്നത്. സൂര്യവംശവും ചന്ദ്രവംശവും പാദം പണിയുന്ന കാകതീയരാജാക്കന്മാർ ഭരിച്ച വംശത്തിൽ ഇപ്പോൾ വാഴുന്നത് ഗണപതിയാണ്. ഗണപതിയുടെ മകൾ

ഗണപാംബിക ബെട്ടയുടെ ധർമ്മപത്നിയാണ്. അമരാവതിയിലെ കോടമുഖ്യനായ ബെട്ടയുടെ പ്രശസ്തിയാണ് പിന്നെ 8 ശ്ലോകം. ശ്രീമദ് ത്രിന യനപല്ലവപ്രസാദാസാദിത കൃഷ്ണവെണ്ണാനദീ ദക്ഷിണഷഡ്സഹസ്രാവനീവല്ലഭ , ഭയലോഭദുർല്ലഭ, പ്രതാപലങ്കേശ്വര, ഗന്ധരഗന്ധഭേരുണ്ഡ നന്ദീമാർത്താ ണ്ഡ മുതലായ ബിരുദങ്ങളുള്ളവനാണ്.

ശ്രീമഹാമണ്ഡലേശ്വര കോത ഗണപമാതേവി അമ്മ ഗാരു മൊഗലിഉട്ട്ല ഗ്രാമം രുദ്ര പെദ്ദിംഗാരുവിന്, മഹാരാജാവിന്റെ സാന്നിദ്ധ്യത്തിൽ ദാനം ചെയ്യുന്ന ത് തന്റെ ഭർത്താവ് ബെട്ടയുടെ പുണ്യസിദ്ധിക്കാണ്. അഷ്ടൈശ്വര്യസമേതം ഏകഭോഗമായി, ഗയാവ്രജന ത്തിനുള്ള ദക്ഷിണയായിട്ടാണ് ദാനം. ഗയാശ്രാദ്ധം ഊട്ടാനുള്ള ചെലവിലേക്കാണ് രുദ്ര പെദ്ദിംഗാരു വിന് ലഭിക്കുന്നത്. രാജ്ഞിയോടൊപ്പം ഗണപതിദേ വനും തന്റെ വിഹിതം കൊടുക്കുന്നുണ്ട്. രുദ്ര പെദ്ദിംഗാരു ഇതിലെ പകുതി തന്റെ അടുത്ത ബന്ധുവിനും മറുപകുതി മറ്റുള്ളവർക്കുമായി വീതിച്ചുകൊടുത്തു. ഇപ്രകാരം വീതിച്ചുകിട്ടിയ 17 പേരും അവരുടെ ഗോത്രവും.

1. ഭരദ്വാജഗോത്രത്തിലെ അനന്തഘടശാസുലു
2. അതേ ഗോത്രത്തിലെ പിന്നപ്പയ്യശാസുലു
3. കൌണ്ഡിന്യഗോത്രത്തിലെ സോമനാഥഘടശാ സുലു (2 അംശം)
4. അതേ ഗോത്രം വാസുദേവഘടശാസുലു
5. അതേ ഗോത്രം ജനാർദ്ദനഭട്ടു
6. അതേ ഗോത്രം ഗോപാലഭട്ടു
7. ലോഹിതഗോത്രം മാരപോതഭട്ടു

8. ലോഹിതഗോത്രം പ്രോലിദേവഘടശാസുലു (2 അംശം)
9. ലോഹിതഗോത്രം മല്ലികാർജ്ജുന പിന്നിഗാരു
10. ശ്രീവത്സഗോത്രം പ്രോലിദേവ ഘടശാസുലു
11. ശാണ്ഡില്യഗോത്രം നരസിംഹഘടശാസുലു
12. അതേ ഗോത്രം അന്നേ ഭട്ടോപാദ്ധ്യായുലു
13. കൌശികഗോത്രം ദോനേ ഘടശാസുലു
14. കശ്യപഗോത്രം കണ്ടപ്പ വാജപേയയാജുലു
15. അതേ ഗോത്രം കേതനപ്പെദ്ദി
16. അതേ ഗോത്രം അനന്തപ്പ നാരായണപെദ്ദി
17. വാർദ്ധ്യശ്വഗോത്രം ഭാസ്കരഭട്ടോപാദ്ധ്യാ യുലു

ശകവർഷം ക്ഷിതിവർദ്ധിരുദ്ര (1411, 1141) 1141 എന്ന എഡി 1219 , സൂര്യന്റെ ഉദഗഗണസംക്രാന്തി നാളാണ് രാജ്ഞി ഈ ദാനം ഗണപതിദേവന്റെ സമ്മതത്തോടെ ചെയ്യുന്നത്. ഗ്രാമാതിർത്തികൾ പറ ഞ്ഞ ശേഷം മംഗളശ്ലോകത്തോടെ ലിഖിതം അവസാ നിക്കുന്നു.

അമരാവതിയിലെ കോത മുഖ്യന്മാരുടെ ആദ്യതാമ്ര പത്രശാസനമാണിത്. ഇവിടെ തന്ന വംശാവലിയും കേത 3ന്റെ എടവള്ളിപ്ലേറ്റും വെച്ച് അമരാവതി കോത മുഖ്യന്മാരുടെ വംശാവലിഃ-

1. ഭീമ 1
2. കേത 1
3. ഭീമ 2. പത്നി വേലനാടി ചോളവംശത്തിലെ സബ്ബാംബിക
4. രണ്ട് മക്കൾ. ചോഡനും കേത രണ്ടാമനും
5. കേത 2വിന് 2 മക്കൾ. രുദ്രനും ഭീമ 3ആമനും. രുദ്രന്റെ പത്നി പണ്ടാംബിക . ഭീമ 3ന്റെ പത്നി സബ്ബാംബിക

6. രുദ്രന്റെ മകൻ ബെട്ട. പത്നി കാകതീയഗണപതിപുത്രി ഗണപാംബിക. ഭീമ 3ന്റെ പുത്രൻ കേത 3 എന്ന മന്മകേത. നാടവാഡി കുടുംബ ത്തിലെ രുദ്രന്റെ മകൾ ബയ്യാല.

ശക 1172ലെ ഗണപാംബയുടെ യേനമാഡല ലിഖിതത്തിൽനിന്ന് ബെട്ടയുടെ മരണശേഷം അവർ നിരവധി പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ചതായി കാണുന്നു. ശ്രീധാന്യാങ്കപുരത്തെ അമരേശ്വരക്ഷേത്രത്തിൽ സ്വർണ്ണഗോപുരം പണിയിച്ചു. 2 ക്ഷേത്രം പണിയിച്ചു. ഒന്ന് ധാന്യാങ്കപുരത്തെ ഗണപേശ്വരക്ഷേത്രം. മറ്റൊന്ന് യേനമാഡല ബെട്ടേശ്വരക്ഷേത്രം. ബെട്ടയുടെ മരണം കഴിഞ്ഞ ഉടനെയാണ് ഗയാവ്രജനദക്ഷിണ ഉള്ള ലിഖിതം. (1218എഡി) യെനമഡല , എഡവ ള്ളി ലിഖിതപ്രകാരം അതുകഴിര്്ഞ് 30 വർഷ ത്തോളം ഗണപാംബയും കേത 3യും സാമ്രാജ്യ ത്തിന്റെ വിവിധഭാഗങ്ങളിൽ കൂട്ടായി ഭരിച്ചിരു ന്നു.

ഗണപതിദേവന്റെ അനുമതിപ്രകാരമെന്ന വാക്യം ബെട്ടയുടെ രാജ്യം അദ്ദേഹത്തിന്റെ മരണശേഷം കാകതീയഗണപതിയും അദ്ദേഹത്തിന്റെ മകളായ ഗണപാംബയുമാണ് ഭരിച്ചതെന്നതിന് സൂചനയാണ്. 1219ലെ ഈ കാകതീയലിഖിതം കാകതീയസാമ്രാജ്യ വും കോതരാജ്യവും ഒന്നായി ലയിച്ച ആദ്യലിഖിതമാണ്. ഈ ഗ്രാന്റിലെ ചില ചരിത്രപരമായ പ്രത്യേ കതകൾ:- ഇതിൽ ഗ്രാമങ്ങളെ പറയുന്നുണ്ട്. തക്ഷഗ്രാമം (ആശാരിമാരുടെ ഗ്രാമം) അയസ്കാരഗ്രാ മം (ഇരുമ്പുപണിക്കാരുടെ), കുംഭകാരഗ്രാമം (കുശ

വന്മാരുടെ) സുവർണ്ണകാരഗ്രാമം തട്ടാന്മാരുടെ), രജകഗ്രാമം (അലക്കുന്നവരുടം) നാപിതഗ്രാമം(മുടി മുറിക്കുന്നവരുടെ) ചണ്ഡാലഗ്രാമം (തൂപ്പുകാരുടെ) എന്നാണ് വിഭജനം. ഇവരെല്ലാം ഉപജീവനം അഥവാ ജോലിയുടെ പേരിലാണ് ജാതിയുടെ പേരിലല്ല വിഭ ജിച്ചിരിക്കുന്നത്. ഓരോ ജോലിക്കും വരുമാനമനുസ രിച്ചാണ് നികുതിപിരിവ്. നിലം ഉഴുന്നവരിൽനിന്നു ള്ള (കർഷക) നികുതി അർദ്ധശീര്യം (പകുതി ഷെയർ) നിരക്കിലാണ്. യത് കരാധികം തഥാപി രുദ്രദേവാര്യാ യൈവ ദത്തം എന്നതുകൊണ്ട് കരം പോകേണ്ടത് ദാനം വാങ്ങിയ രുദ്രദേവനാണ് എന്ന് വരുന്നു. മാത്രമല്ല, ചക്രവർത്തിയായ ഗണപതിദേവനും ഈ നികുതി അടക്കണം.

മൊഗലുട്ടല ഗ്രാമമാണ് ദാനം ചെയ്തത്. അതിന്റെ 2 അതിർത്തിഗ്രാമങ്ങളായ പില്ലുട്ട്ലയും കോംപള്ളിയും ദാനത്തിൽ പറയുന്നു. സത്തെനപ്പള്ളി താലൂക്കിന്റെ വടക്കുവശത്ത് മൊഗലുട്ടല ഇപ്പോഴും അതേ പേരിലു ണ്ട്. അതേ ജില്ലയിലെ പൽനാട് താലൂക്കിലാണ് പില്ലു ട്ട്ല .

മൊഗലുട്ട്ലയുടെ അതിർത്തികൾഃ-

1 കിഴക്ക് മൈലശാനി കുറുവക്കുന്നിന്റെ മുകളിലെ ശിവക്ഷേത്രം

2 ഈ ക്ഷേത്രത്തിൽനിന്ന് തെക്കോട്ട് അഭിമുഖമായി തെക്കുകിഴക്കോട്ട് നടന്നാൽ, ഐന്ദ്ര,ആഗ്നേയകോണുക ളുടെ മദ്ധ്യത്തിൽ, കാണുന്ന 10 സ്ഥലങ്ങൾ.

മൈലാസനികുരുവദേവക്ഷേത്രം, ശൂരപരായണി ഘട്ടുലു, ഗ്രഥമാണികമു(വൃക്ഷങ്ങൾ),നറുവകുന്ത, അദ്ദപുഘട്ടു, മച്ചനി കുറുവക്കുന്ത, ഇനുപഗനുല പെദ്ദക്കൊണ്ട(ഇരുമ്പുഖനികളുള്ള വലിയ മല) നീരുവാന്തമു മേര (നദി അഥവാ വലിയ തോട്), ദെഹറമു ദോണ (വെള്ളച്ചാട്ടം)

3. *വെള്ളച്ചാട്ടത്തില്നിന്ന് പടിഞ്ഞാട്ട് തിരിഞ്ഞ് തെക്കോട്ട് എരവാംഗു ബണ്ടിലൂടെ നടന്നാൽ തെക്കുപടിഞ്ഞാറായി ഭോഗപതിമല.*
4. *ഈ മലവഴി വടക്കുപടിഞ്ഞാറിലേക്ക് നടന്നാൽ, ശിലാസുഷിരം (കൽകപാറി) കാണാം.*
5. *ഭോഗപതിമല, പെദ്ദക്കൊണ്ട അതിർത്തിയിലൂടെ കിഴക്കോട്ട് നടന്നാൽ ജലം ഒഴുകുന്ന നദി(തോട്) .ഗ്രാമത്തിനു പടിഞ്ഞാറ് പില്ലുട്ടലക്കുള്ള വഴി യിൽ ലാംപരായി എന്ന പാറമെൽ വെള്ളച്ചാട്ടം.*
6. *കൊമ്പള്ളിഗ്രാമാതിർത്തിയിലൂടെ പോയാൽ ദൈയ്യമു കുന്തയിലെത്തും.*
7. *ദൈയ്യമുകുന്തയിൽനിന്ന് അതിന്റെ പടിഞ്ഞാറെ കര വഴി പോയാൽ ചൌത്ല ദൂബല എന്ന ചതുപ്പു നിലം ഗോട്ടുല വാംഗുവിനെ തൊട്ട് കിടക്കുന്നു.*
8. *ഗോട്ടുട്ട്ലവാംഗുവിന്റെ വടക്കുകിഴക്ക് ബൊല്ലിരാ യി എന്ന വെളുത്ത കല്ല്.*
9. *ബൊല്ലിരായിക്ക് തൊട്ട് പടിഞ്ഞാറ് മൈലാസനി കുറുവദേവക്ഷേത്രം.*

ഖണ്ഡവല്ലി ഗ്രാന്റ് ദായഗജകേസരി

2 ഗ്രാന്റുകളാണുള്ളത്.
ഗണേശ,മഹിഷാസുരമർദ്ദിനി, ചന്ദ്രൻ വരാഹം ഇവരെ ധ്യാനിച്ച് ഗോമതിഎന്ന മഹാനദിയും ശ്രീശൈലമെന്ന പുണ്യപർവ്വതവുമുള്ള ആന്ധ്രദേശത്തെ സ്തുതിക്കുന്നു. അവിടെയാണ് ഓരു ഗല്ലുപട്ടണം സ്ഥിതി ചെയ്യുന്നത്. കാകതിവംശത്തിലെ പ്രോലയാമ് അതിന്റെ പ്രഭു. തുടർന്ന് മകൻ രുദ്രദേവൻ ഭരിച്ചു. പ്രായമായപ്പോൾ ഭൂഭാരം ഇളയ സഹോദര നായ മഹാദേവനെ ഏൽപ്പിച്ചു. യുദ്ധക്കളത്തിൽ, രാത്രി ആനപ്പുറത്തിരുന്ന്, വിജയലക്ഷ്മിയെ ആശ്ലേ ഷിച്ചെന്നപോലെ അദ്ദേഹം ഉറങ്ങിപ്പോയി. മകൻ ഗണപതി സിംഹാസനസ്ഥനായി. പത്നി സോമദേവി യിൽ അദ്ദേഹത്തിന് രുദ്രമാംബ എന്ന മകളുണ്ടായി. അവളുടെ ഭർത്താവ് വീരയദേവൻ. അവരുടെ മഖൾ മുമ്മടിക്ക് ഭർത്താവ് മഹാദേവനിൽ രുദ്രദേവൻ പുത്രനായി ജനിച്ചു. മുത്തശ്ശിയുടെ രാജ്യം ലഭിച്ച അദ്ദേഹം സ്വശക്തിയാൽ പ്രതാപനെന്ന ബിരുദം നേടി (പ്രതാപരുദ്രൻ). വർഷം മൂന്നുതവണ മഴ പെയ്ത് രാജ്യം സമൃദ്ധമായി, പ്രജകൾ കഷ്ടപ്പാടില്ലാതെ അദ്ദേ ഹത്തിന്റെ കാലത്ത് ജീവിച്ചു. ഇന്ദുലൂരി കുടുംബ ത്തിലെ മല്ലേനമന്ത്രിയുടെ മകൻ ഗണ്ണയ്യയുടെ മകൻ അന്നലദേവാഹൂതിയായിരുന്നു അദ്ദേഹത്തിന്റെ മന്ത്രി. സമുദ്രം തീരത്തെ അതിക്രമിക്കാത്തപോലെ സ്വയം

വീരനായിട്ടും, വിശ്വസ്തനായ മന്ത്രി രാജാ വിനെ അതിക്രമിച്ചില്ല. ദേവനാചാര്യപുത്രൻ ശ്രീരം ഗാചാര്യന്റെ മകനായ വിദ്യനാചാര്യനിൽ ഭക്തിയുള്ള വനായിരുന്ന അന്നയ്യമന്ത്രി. വിനായകനിലും പ്രോലേ ശ്വരശിവനിലും ഭക്തിയുള്ളവനായിരുന്നു.

വിദ്യനാചാര്യനെക്കുറിച്ച് എന്താണ് പറയുക. പിന്നയ്യ യജ്വാന്റെ മകൻ രുദ്രദേവൻ അദ്ദേഹത്തിന്റെ കാരുണ്യ ത്താൽ സകല ശത്രുനഗരവും കീഴടക്കി. വാഗീശരത്നാ കരഗ്രാമത്തിൽ അദ്ദേഹം സർവ്വതോമുഖയജ്ഞം നട ത്തി . ചാലൂക്യവംശത്തിലെ രാജാവ് ഇന്ദുശേഖരനി ൽനിന്ന് ലഭിച്ച ഉത്തരേശ്വരഗ്രാമം ബ്രാഹ്മണർക്ക് ദാനം ചെയ്തു. ഭീമവല്ലഭപുരം ഗ്രാമത്തിൽ സ്വഗുരുവായ ശിവദ്ധാനേശ്വരനാമത്തിൽ ശിവക്ഷേത്രവും അതിന ടുത്ത് കുളവും ഉണ്ടാക്കി. പൂർവ്വതന്ത്രം ഉത്തരതന്ത്രം ഇവയുടെ സാരം എടുത്ത് അദ്ദേഹം എഴുതിയ പ്രമേയചർച്ചാമൃതം എന്ന ഗ്രന്ഥം സരസ്വതിയുടെ കണ്ഠാഭരണമാണ്. ശകം പൃഥ്വി ഇന്ദു പൂഷാ (1211) ,വിരോധി എന്ന വർഷത്തിൽ,ഭാദ്രപദ കൃഷ്ണപഞ്ച ദശിക്ക് വെള്ളിയാഴ്ച സൂര്യഗ്രഹണത്തിന് അന്നല ദേവസചിവൻ മാർപദികഗ്രാമം അതിലെ എല്ലാ അനുഭവങ്ങളോടും കൂടി കപിഗോത്രത്തിലെ വിദ്യനാ ര്യന് വിട്ടുകൊടുത്തു. (10 സപ്തംബർ 1289) ഈ ഗ്രാമ ത്തിൽ 50 ഖാരി നിലമുണ്ട്. വിദ്യനാര്യൻ ഇതിനെ വിനായകപുരമെന്ന് പേരുമാറ്റി മറ്റു ബ്രാഹ്മണർക്ക്

പങ്കിട്ടുകൊടുത്തു. വിദ്ദനാചാര്യന് 4 ഷെയറുണ്ട്. മൺപാത്രം ഉണ്ടാക്കുന്നവരും എണ്ണ ആട്ടുന്നവരും 18 ജാതിയിലും പെട്ടവരും നികുതി കൊടുക്കേണ്ടത് രാജാവിനല്ല, ബ്രാഹ്മണർക്കാണെന്ന് നിശ്ചയിച്ചു.

ചാലൂക്യശാഖയിലെ ഇന്ദുശേഖരന്റെ മകനാണ് മഹാ ദേവൻ. ഒൻപ്പള്ളിഗ്രാമം എല്ലാ ഭോഗങ്ങളോടും കാപി ഗോത്രം ദേവനാചാര്യപുത്രൻ ശ്രീരംഗരാജന്റെ പുത്രൻ വിദ്ദനാചാര്യന് അദ്ദേഹം കൊടുത്തത് അർദ്ധോദയ കാലത്താണ്. ജനുവരി 21 1292 തിങ്കളാഴ്ച വിദ്ദനാചാ ര്യൻ ഇത് മറ്റു ബ്രാഹ്മണർക്ക് കൊടുത്തു.

63 ശ്ലോകം വിവിധവൃത്തങ്ങളിൽ സംസ്കൃതത്തിലെ ഴുതിയ ഈ ലിഖിതം അലങ്കാരങ്ങളോടുകൂടിയ ഖണ്ഡകാവ്യം പോലെയാണ്. മനോഹരമായ കവിത യാണ്. 1289ലെഴുതപ്പെട്ട ഈ ലിഖിതത്തിനു മുമ്പേ രുദ്രദേവൻ പ്രതാപരുദ്രനെന്ന ബിരുദം നേടിയിട്ടുണ്ട്. രുദ്രമാതേവി ജീവിച്ചിരിക്കുമ്പോളാണ് ഇത് എഴു തപ്പെട്ടത്. ഇതിന് 5 മാസം കഴിഞ്ഞ് എഴുതിയ ഉത്ത രേശ്വര ഗ്രാന്റിൽ വീരരുദ്രനെ മാത്രമാണ് പറയുന്നത്, പൂർവ്വികരെ പറയുന്നില്ല. 16.9. 1289ലെ ഈ ലിഖിതം രുദ്രമാതേവിയെ പറയുന്നു. 25.11. 1289ലെ ചന്ദുപട്ട്ല എപ്പിഗ്രാഫ് രുദ്രമാതേവിയുടെ മരണം പറയുന്നു. 25.2 .1292ലെ ഉത്തരേശ്വരഗ്രാൻരിൽ

ഒറുഗല്ലുനാടിനെ പറ യുമ്പോൾ ഈ ദാനത്തെ ആലങ്കാരികമായി പരാമർശി ക്കുന്നുണ്ട്.

ശംഭോ സ്വയംഭുവോ യത്ര ശിരശ്ചന്ദ്രമരീചയാ കുർവ്വന്തി ചന്ദ്രികോന്നിദ്രാ കൃഷ്ണപക്ഷേപി യാമിനി

ഇവിടത്തെ സ്വയംഭുവായ ശിവശിരസ്സിലെ ചന്ദ്രന്റെ പ്രഭ രാത്രിയേയും പകലാക്കുന്നു.ഒറുഗല്ലുവിലെ ശിവൻ സകല ഇരുട്ടും ദുഃഖവും അകറ്റുന്നു. രുദ്രമാ തേവിയുടെ മരണം കൊണ്ടുണ്ടായ ദുഃഖം ഒറുഗല്ലു വിലെ ജനങ്ങളെ ബാധിച്ച കാലത്താണ് ഉത്തരേശ്വരലി ഖിതം എഴുതപ്പെട്ടത്. ജനങ്ങളേയും പുതിയ രാജാവ് വീരരുദ്രനേയും സാന്ത്വനിപ്പിക്കാനാണ് ഈ വരികൾ.

വിദ്യനാചാര്യൻ വിവിധശാഖകളിൽ പാണ്ഡിത്യം നേടിയ ആളാണ്. പല പ്രധാനവ്യക്തികളും അദ്ദേഹ ത്തെ ബഹുമാനിച്ച് ഗ്രാമങ്ങളും നിലവും സമ്മാ നിച്ചിട്ടുണ്ട്.

ഈ ഗ്രാന്റും ഉത്തരേശ്വരഗ്രാന്റും തമ്മിലുള്ള വൈരു ദ്ധ്യങ്ങൾ ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. ആദ്യത്തേതിൽ ഇന്ദുശേഖരനിൽനിന്ന് കിട്ടിയ ഉത്തരേശ്വരഗ്രാമമാണ് വിദ്യേശ്വരൻ ബ്രാഹ്മണർക്ക് പങ്കുവെച്ച് കൊടുത്തത്. രണ്ടാമത്തേതിൽ തനിക്ക് ഇന്ദുശേഖരനിൽനിന്ന് കിട്ടി യ ഗ്രാമം പിന്നയപ്പന്റെ മകൻ രുദ്രദേവനാണ് വിദ്യേ ശ്വരന് കൊടുക്കുന്നത്. 25.2 1290 ആണ് രണ്ടിലും പറയുന്നത്. ദായഗജകേസരിയുടെ ഗ്രാന്റു

കൂടാതെ , ചാലൂക്യഇന്ദുശേഖരന്റെ 21.1 .1292ലെ ഒണപ്പള്ളി ഗ്രാന്റം വിദ്ദേശ്വരന് ഈ ലിഖിത്തതിൽ പറയുന്നുണ്ട് എന്നത് ശ്രദ്ധിച്ചാലെ വൈരുദ്ധ്യം ഇല്ലാതാവുകയുള്ളു. ഇന്ദുശേഖരനിൽനിന്ന് നേരിട്ടും, പിന്നയപ്പന്റെ മകൻ രുദ്രദേവനിൽനിന്ന് ദക്ഷിണയായും വിദ്യാചാര്യൻ നിലവും ഗ്രാമവും സ്വീകരിച്ചിട്ടുണ്ട്.

സീലിൽ ദായഗജകേസരി എന്നെഴുതിയിട്ടുണ്ട്. ഈ ബിരുദം ആരുടേതാണ്. ഇന്ദുലൂരി അന്നലദേവാഹൂതി കൊടുതിത വിനായകപുരം ഗ്രാമം, അദ്ദേഹത്തിന് ചാലൂക്യ ഇന്ദുശേഖരനെന്ന സാമന്തനിൽനിന്നാണ് ലഭിച്ചത്. ദായഗജകേസരി എന്നത് കാകതീയപ്രതാപ രുദ്രന്റെ ബിരുദമല്ല. ആയിരുന്നെങ്കിൽ ഇത് കാകതീയ നാണ്യങ്ങളിലെല്ലാം കാണുമായിരുന്നു. പ്രോല 1ന്റെ ബയ്യാറാം തടാകലിഖിതം അരിഗജകേസരി എന്ന നാമമുള്ളതാണ്. ആ തടാകത്തിന് കേസരിതടാകമെ ന്നാണ് പേര്. അദ്ദേഹത്തിന്റെ പിൻഗാമികൾ ഒന്നിലധികം കേസരിതടാകങ്ങൾ കുഴിപ്പിച്ചിട്ടുണ്ട്. വരാഹമുദ്രയുള്ളതും ഗജകേസരി എന്ന ബിരുദമു ള്ളതും കാകതീയനാണ്യങ്ങളായി കരുതാവുന്നവ യാണ്. കാകതീയകാലത്ത് കേസരിനാമമുള്ള നാണ്യ ങ്ങളും അളവുകളും ഉണ്ടായിരുന്നു. കേസരിഗദ്ധ്യാ ണമു, കേസരിപുട്ടി, ഇവ ഉദാഹരണം. ദായഗജകേസ രിയും ഇപ്രകാരം കാകതീയമുദ്രയാണ്, കൂടാതെ ഇതിൽ വരാഹചിഹ്നവുമുണ്ട്.

പ്രതാപരുദ്രന്റെ സലകലവീടു എപ്പി ഗ്രാഫ്

പ്രകാശം ജില്ലയിലെ ഗിഡ്ഡലൂരു താലൂക്കിൽ സലകലാ വീടു ഗ്രാമത്തിലെ ആഞ്ജനേയക്ഷേത്രത്തിൽ കണ്ട ശിലാലിഖിതം. ഇതിലെ തിയ്യതി, ദായകൻ, ദാനം സ്വീകരിച്ചവൻ, ദാനവസ്തു ഇവയെല്ലാം പ്രതാപ രുദ്രന്റെ ശ്രീരംഗം ലിഖിതത്തിലും കാണുന്നുണ്ട്. ഇതിൽ കാണുന്ന നികുതികളുടെ പേരും ചരിത്ര പരമായി പ്രധാനമാണ്. ലിഖിതത്തിനുമ ുകളിലായി 2 വൈഷ്ണവപുരോഹിതരുടെ രേഖാചിത്രമുണ്ട്. അവരെ യരു ചിത്തരു, തിരുക്കൂറു പെരുമാളു എന്ന് എഴുതിയിട്ടുണ്ട്. 28 വരി. ആദ്യത്തെ രണ്ട് ശ്ലോകം സംസ്കൃതം.ഒന്ന് ശാർദ്ദൂലവിക്രീഡിതം മറ്റേത് സ്രഗ്ദ്ധ ര. രണ്ടാമത്തേത് ശ്രീരംഗരാജപ്രശസ്തിയാണ്. മംഗല മഹാശ്രീ ശ്രീ ശ്രീ എന്ന് അവസാനിക്കുന്നു. ബാക്കി തെലുങ്ക്.

കാകതിവംശമെന്ന പാലാഴിക്ക് ചന്ദ്രനായ പ്രതാപരു ദ്രന്റെ പാദങ്ങളെ സാമന്തന്മാരുടെ ശിരസ്സിലെ കിരീട ങ്ങളിലെ രത്നങ്ങൾ അലങ്കരിക്കുന്നു. ഭോജരാജനു തുല്യമായ മഹിമയോടെ അദ്ദേഹം ഭരിക്കുമ്പോൾ സാമന്തമുഖ്യരിൽ ശ്രേഷ്ഠനായ മാച്ചിനായകപുത്രൻ തേവര പാണ്ഡ്യരാജാവിനെ ജയിച്ച്, സലകലവീട് ശ്രീകാവേരിനദിക്കരയിലെ രംഗനാഥവിഷ്ണുവിന് സമ്മാനിച്ചു. 1239 ശകം

പിംഗളവർഷം ചന്ദ്രഗ്രഹണം തിങ്കൾ ചൈത്രശുക്ലപഞ്ചദശി തേവരിനായനിംഗാരു , മാച്ചാനായനിംഗാരുപുത്രൻ, കാകതീയപ്രതാപരുദ്രദേ വന്റെ ആജ്ഞപ്രകാരമാണ് ദാനം ചെയ്തത്. കാവേരി യുടെ ഇരുനദികൾക്കിടയിലെ ശ്രീരംഗനാഥദേവനാണ് ഏരവഭൂമിയിലെ സതകലവീട് കൊടുത്തത്. രംഗനാഥ ന്റെ ആരാധനക്കും വഴിപാടുകൾക്കും വേണ്ടിയാണ് ദാനം. പംഗ, തോപ്പ്, ഖാരി,കൊടച്ചു, പന്നു,കാണിക്ക, പുല്ലരി, സാദമു, ചുങ്കമു, തലാരികാണിക്ക, ചുങ്കകാ ണിക്ക, പുല്ലരികാണിക്ക, ദരിശനകാണിക്ക,   പവിത്ര കാണിക്ക, ഇവ അടക്കം എല്ലാ നികുതിയും വിട്ടുകൊ ടുത്ത് സർവ്വമാന്യമായി ദാനം ചെയ്തു. ചിറ്റാരു, തിരുക്കൂര പെരുമാള് ഇവർക്കാണ് ഗ്രാമം കൊടുക്കു ന്നത്. പാണ്ഡ്യരാജ്യം കീഴടക്കി തിരിച്ചുവന്ന വർഷം എഡി 1317 മാർച്ച് 28നാണ് തേവരിനായകന്റെ ഈ ദാനം.

പഞ്ചപാണ്ഡ്യരെ ജയിച്ച് പീരപാണ്ഡ്യനെ തോൽപ്പിച്ച മടങ്ങുമ്പോഴത്തെ ലിഖിതം ഇതേ തിയ്യതിക്ക് ശ്രീരംഗം നാഥക്ഷേത്രം ചന്ദ്രമണ്ഡപത്തിന്റെ തെക്കേ ചുമരിലും കാണുന്നുണ്ട്. എഡി 1239ലാണ് പ്രതാപരുദ്രൻ രുദ്രമാ തേവിക്ക് ശേഷം വാറങ്കലിൽ സിംഹാസനസ്ഥനായത്. അന്ന് ദില്ലിയിൽ സുൽത്താനേറ്റ് പ്രബലമാണ്. 1310 മാരവർമ്മകുലശേഖരന്റെ മരണശേഷം പാണ്ഡ്യന്മാർ ദുർബ്ബലരായിരുന്നു. അദ്ദേഹത്തിന്റെ രണ്ട് മക്കൾ സുന്ദരപാണ്ഡ്യനും വീരപാണ്ഡ്യനും സിംഹാസനത്തി നു വേണ്ടി കലഹിച്ചു. കൊല്ലത്തെ രവിവർമ്മ കുല

ശേഖരൻ സുന്ദരപാണ്ഡ്യനെ രാജ്യത്തുനിന്ന് ഓടിച്ച് വീരപാണ്ഡ്യനെ തോൽപ്പിച്ച് 1313ൽ സ്വയം കാഞ്ചിരാ ജാവായി പ്രഖ്യാപിച്ചു. സുന്ദരപാണ്ഡ്യൻ ദില്ലിയിലെ സുൽത്താനോട് സഹായം ചോദിച്ചു. മഹാരാഷ്ട്രയുദ്ധ ത്തിന് സൈന്യം പോയിരിക്കെ ഇത് സുൽത്താന് സാധിച്ചില്ല. അതിനാൽ സുൽത്താൻ പ്രതാപരുദ്രനോട് തെക്കോട്ട് പട നയിച്ച് സുന്ദരപാണ്ഡ്യനെ സിംഹാസന ത്തിലിരുത്താനാവശ്യപ്പെട്ടു. ഇപ്രകാരമാണ് പ്രതാപ രുദ്രൻ പാണ്ഡ്യനാട്ടിലേക്ക് പട എടുത്തത്.

തന്റെ പൂര്വ്വികരിൽനിന്ന് പാമ്ഡ്യൻ അപഹരിച്ച കാഞ്ചി തിരിച്ചുപിടിക്കാനുള്ള അവസരം പ്രതാപരു ദ്രൻ പാഴാക്കിയില്ല. പ്പിടിനായകന്റെ നേതൃത്വത്തിൽ 3 ഘട്ടമായി അദ്ദേഹം ആക്രമണം ആസൂത്രണം ചെയ്തു. മൂന്നാം ഘട്ടത്തിലാണ് തേവരിനായകൻ പാണ്ഡ്യനാ ട്ടിലേക്ക് വരുന്നത്. അദ്ദേഹം കാഞ്ചി വലിയ ബുദ്ധിമു ട്ടില്ലാതെ കീഴടക്കി. 5 പാണ്ഡ്യന്മാരും ഒന്നിച്ചാണ് കാഞ്ചിയിൽ അദ്ദേഹത്തോട് നേരിട്ടതെന്ന് വെലുഗോട്ടി വാരി വംശാവലി പറയുന്നു. പാണ്ഡ്യന്റെ ആനപ്പടയെ അടക്കിയതോടെയാണ് വിജയം കൈവന്നത്. മാനവീര നെ കാഞ്ചിയിലെ ഭരണം ഏൽപ്പിച്ചു. (ഗവർണ്ണർ). സുന്ദരപാണ്ഡ്യനെ സിംഹാസനത്തിലിരുത്താനായി ദേവരനായകൻ പാണ്ഡ്യരാജ്യത്തിന്റെ ഉള്ളിലേക്ക് പ്രവേശിച്ചു. തെക്കേ ആർക്കോട്ട് ജില്ലയിലെ ഗിഞ്ജി യിൽ തിരുവടിക്കുന്റത്ത് വലിയ യുദ്ധം ഉണ്ടായി. വീരപാണ്ഡ്യനും

അദ്ദേഹത്തിന്റെ പഴയ ശത്രു രവി വർമ്മ കുലശേഖരനും ഒരുമിച്ച് മറ്റ് പാണ്ഡ്യന്മാരോടൊപ്പം തീവ്രമായി കാകതീയരോട് യുദ്ധം ചെയ്തു. ഇവരെ തോൽപ്പിച്ചാണ് സുന്ദരപാണ്ഡ്യനെ വീരധാവ ളയിൽ വെച്ച് കിരീടെ അണിയിച്ചത്. ആ ആഘോഷ ത്തിലാണ് തേവരനായകൻ സലകലവീട് രംഗനാഥന് സമർപ്പിക്കുന്നത്. വിട്ടുകൊടുത്ത നികുതികളെല്ലാം വിജയനഗരക്കലത്തും ഉള്ളവയാണ്. ഇവ ഏതെന്ന് നോക്കാം.

1. *പംഗ അഥവാ പങ്ക്. ഗ്രാമത്തിലെ കാർഷികവിള കളിൽ രാജാവിനുള്ള പങ്ക് . ഇത് വിളവായോ നാണ്യമായോ കൊടുക്കാം*
2. *തപ്പ്. അവിഹിതബന്ധം മുതലായ തെറ്റു ചെയ്യുന്ന വര്ക്ക് പിഴ*
3. *കാരി . തൊഴിൽക്കരം*
4. *കൊൾച്ചു. ഗ്രാമത്തിലെ ധാന്യം അളക്കാനുള്ള ലൈസൻസ് ലഭിച്ച വ്യക്തി കൊടുക്കേണ്ടത്.*
5. *എല്ലാ വിധ ജോലികൾക്കും ഈടാക്കുന്ന നികുത്*
6. *കാണിക്ക . ഗ്രാമം ഭരിക്കുന്നവ്യക്തി രാജാവിന് കൊടുക്കേണ്ട ഗ്രാമക്കരം*
7. *പുല്ലരി. ഗ്രാമത്തിലെ കാട്ടിലും മേട്ടിലും പുല്ല് തീറ്റിക്കുന്നതിന് കന്നുകാലികളെ വളർത്തുന്നവർ കൊടുക്കുന്നത്.*
8. *സാദോമു . സാദം അഥവാ ഭക്ഷണക്കരം*
9. *ചുങ്കമു. ചുങ്കം . ഗതാഗതത്തിനു വരുന്ന നികുതി . കച്ചവടക്കാർ ഇത് കൊടുക്കുന്നു.*
10. *തലാരികാണിക്ക. ഗ്രാമത്തിൽ കാവൽക്കാരെ നിയോഗിക്കുന്നതിനുള്ള നികുതി*

11. ചുങ്കകാണിക്ക. ചുങ്കം പിരിക്കുന്ന വ്യക്തി തന്റെ കർമ്മത്തിനുള്ള നികുതി അടക്കുന്നത് .
12. പുല്ലരികാണിക്ക. പുല്ലരി പിരിക്കുന്നവർ കൊടുക്കേണ്ടത്.
13. ദർശനകാണിക്ക, രാജാവിനേയോ രാജപ്രതിനിധികളേയോ കാണുന്നതിനുള്ള കാണിക്ക
14. പവിത്രകാണിക്ക. ഗ്രാമദേവതക്ക് ഗ്രാമത്തി ലെ ജനത കൊടുക്കുന്നത്. (വഴിപാട്).

സർവ്വമാന്യം എന്നാൽ ഇത്തരം നികുതികളൊന്നും ഇല്ലാതെയാണ്. ചിലപ്പോൾ അഗ്രഹാരമായും ദേവ വൃത്തിയായും ദാനം ചെയ്ത ഗ്രാമങ്ങൾക്കുപോലും ചില നികുതികളുണ്ടാവാം. ഒരു നികുതിയുമില്ലാത്ത താണ് സർവ്വമാന്യം.

ചിത്തരു അഥവാ സിദ്ധരും തിരുക്കൂറ പെരുമാളും ക്ഷേത്രത്തിലെ ഭരണകർത്താക്കളാണ്.

പ്രതാപരുദ്രന്റെ ദുപ്പള്ളി എപ്പിഗ്രാഫ്

നൽക്കൊണ്ടജില്ലയിലെ രമണപ്പേട്ടിൽനിന്ന് 20 കിമീ അകലെയാണ് ദുപ്പള്ളി. ശ്രീവെങ്കടറെഡ്ഡിയുടെ വീട്ടിൽ കിടക്കുന്ന തൂണിന്റെ നാലുവശത്തുമാണ് ലിഖിതം. തൂണിനു മുകളിൽ പശുവും കുട്ടിയുമുള്ള രേഖാ ചിത്രമുണ്ട്. അതിനുമുമ്പിൽ ഒരു വാൾ കുത്തി നിർത്തിയിട്ടുണ്ട്. മറ്റേ വശത്ത് ശിവലിംഗവും ഇരു വശത്തും സൂര്യചന്ദ്രന്മാരും.

79 വരി. 13ആം നൂറ്റാണ്ടി ലെ തെലുങ്ക് ലിപി ഭാഷ.

സ്വസ്തിശ്രീ മന്മഹാമണ്ഡലേശ്വര കാകതീയ പ്രതാപരു ദ്രദേവ മഹാരാജുലു സുഖസംകഥാ വിനോദംബുന പൃഥ്വീരാജ്യം ചേയു ചുന്ദ്മംഗനു എന്നാണ് ലിഖിതാ രംഭം. ദ്രുപ്പള്ളി ബൊമ്മരാജു മുപ്പദേവനും രംഗയ രുദ്രദേവുഡുവും ദ്രുപ്പള്ളിയുടെ നായംകാരു (മുഖ്യ ന്മാർ) ആയിരുന്ന കാലത്ത് ഗ്രാമത്തിലെ കാശ്മീരദേ വന് 18 ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ രണ്ടു പൂവൽ കൃഷി ചെയ്യാവുന്ന നിലം സർവ്വമാന്യമായി സമർപ്പിച്ചു. സബ്ബിസമുദ്രമെന്ന കുളത്തിനു പിന്നിലെ നേരട്ലചേനു 3 അഡ്ഡ, നാഗുലതൂമന കുട്രു ചേനു 1 മാത്ര, രാവി ചേനു 1 അഡ്ഡ, നാരായണദേവച്ചിറയുടെ പിന്നിലെ നിലം 3 അഡ്ഡ ഇവ ഉൾപ്പെടെ ആകെ നാലര മാത്രകളുണ്ട്. നാഗുലതൂമന കുട്രുചേനു വരളുകയോ വെള്ളപ്പൊക്കത്താല് ഉപയോഗശൂന്യമാകയോ ചെയ്താൽ, തോടിനടുത്തുള്ള സോമയ്യ കാൽവനിലം പകരം കൊടുക്കണം. ഊതകാൽവക്ക് നികുതിയായി ലഭിച്ച പണത്തിൽനിന്ന് മാദക്ക് ഒന്നേകാൽ ചിന്ന വീതം ദായകർ ഇതോടൊപ്പം കൊടുത്തു. ഇത് തെറ്റിച്ചവരെ സമൂഹസമയം തെറ്റിച്ചവരായി കണ്ട് ശിക്ഷിക്കും. ഗ്രാമത്തിലെ ധാന്യം വാങ്ങിയതിൽനിന്ന് ഒരു വീശം ഗ്രാമവാസികൾ ക്ഷേത്രത്തിന് വിളക്ക് വെക്കാനായി കൊടുക്കണം. മാത്രു അഡ്ഡ ഇവ ഭൂമി അളവുകളാണ്. അർദ്ധം എന്നതിൽനിന്നാണ് അഡ്ഡ എന്ന പദം ഉണ്ടായത്. മാദ, ചിന്നമു,വേശമു ഇവ

നാണ്യനാമങ്ങളാണ്.(സ്വർണ്ണപ്പണത്തൂക്കം) ഒരേ കുടുംബത്തിലെ അംഗങ്ങളായ ദായകർ ഭൂമി മൂന്നി ലൊന്നു ഭാഗം ഷെയർ ചെയ്യുകയായിരുന്നു. രുദ്രമാ തേവിയുടെ കാലത്താണ് ഗ്രാമഭരണം നായങ്കാരസി സ്റ്റമായത്. കാശ്മീരദേവ ക്ഷേത്രം കാശ്മീരിൽനിന്ന് ആന്ധ്രയിലേക്ക് കുടിയേറിയ സന്യാസിസംഘം പ്രതിഷ്ഠിച്ച ശിവക്ഷേത്രമാണ്.

അച്യുതരായന്റെ പോലെപ്പള്ളി ഗ്രാന്റ്.

3 സെറ്റ് താമ്രപത്രം ഇരുവശവും എഴുതിയിട്ടുണ്ട്. 105 വരി. സംസ്കൃതപദ്യം, വിജയനഗരത്തിലെ നന്ദി നാഗരി ലിപി. ശിവനേയും വരാഹരൂപിയായ വിഷ്ണുവിനേയും സ്തുതിച്ച് ആരംഭം. വിഘ്നം നീക്കാനായി ഗജാസ്യനെ സ്മരിക്കുന്നു. പാലാഴിമ ഥനസമയത്ത് പാലാഴിയിൽനിന്ന് ജനിച്ച ചന്ദ്രനിൽനി ന്ന് ബുധൻ ഉണ്ടായി. പുരൂരവസ്സ്, ആയുസ്സ്, നഹുഷൻ, യയാതി, തുർവ്വസു എന്ന് വംശാവലി. തുർവ്വശുശാഖ യിലാണ് തുളുഭൂപനായ തിമ്മഭൂപൻ ജനിച്ചത്. ഭാര്യ ദേവകി. അവരുടെ മകൻ ഈശ്വരന്റെ പത്നി ബുക്ക മ്മ. ഇവരുടെ പുത്രൻ നരസരാജാവ്. അദ്ദേഹം രാമേ ശ്വരം മുതലായ പുണ്യസ്ഥലങ്ങളിൽ 16 വിധം ദാനവും ചെയ്തു. അദ്ദേഹം തോൽപ്പിച്ച രാജാക്കന്മാരുടെ ലിസ്റ്റ് തരുന്നു:- ചേര,ചോള,പാണ്ഡ്യ,മഥുര, തുരുഷ്ക, ഗജപ തി, ഗംഗക്കും ലങ്കക്കും ഇടയിലുള്ള രാജാക്കന്മാർ. തിപ്പാജി നാഗലദേവി എന്ന് 2

ഭാര്യമാരാണ് നരസിം ഹന് ഉണ്ടായിരുന്നത്. കൌസല്യക്കും സുമിത്രക്കും രാമലക്ഷ്മണന്മാരെപ്പോലെ അവരിൽ വീരനര സിംഹനും കൃഷ്ണരായനും ജനിച്ചു. വിജയനഗരത്തി ലെ വജ്രസിംഹാസനത്തിൽ അഭിഷേകം ചെയ്യപ്പെട്ട വീരനരസിംഹൻ സേതു മുതൽ മേരു വരെയും ഉദയ ഗിരി മുതൽ അസ്താദ്രി വരെയും ഭരിച്ചു. വിരൂപാ ക്ഷക്ഷേത്രം, ശ്രീകാളഹസ്തിക്ഷേത്രം, വെങ്കടാദ്രി, കാഞ്ചി, ശ്രീശൈലം, ശോണശൈലം, അഹോബിലം, സംഗമം,ശ്രീരംഗം, കുംഭകോണം, മഹാനദി, ഗോക ർണ്ണം രാമസേതു മുതലായ പുണ്യസ്ഥലങ്ങളിലെല്ലാം ദാനം ചെയ്തു. ബ്രഹ്മാണ്ഡദാനം, രത്നധേനു,കൽപ്പ തരു, കാമധേനു, സുവർണ്ണഭൂമി, സ്വർണ്ണക്കുതിരയും തേരും, തുലാപുരുഷദാനം, 1000 പശുദ്ദാനം, പഞ്ചലാം ഗലദാനം (5 കലപ്പ), ഇവ ചെയ്തു. പിന്നീട് അദ്ദേഹ ത്തേക്കാളും മഹാനായ കൃഷ്ണരായർ രാജാവായി. അദ്ദേഹവും മേൽപ്പറഞ്ഞ ദാനങ്ങളെല്ലാം പുണ്യസ്ഥ ലങ്ങളിൽ ചെയ്തു. പിന്നീട് ഇളയ സഹോദരൻ അച്യുതരായനും രാജാവായപ്പോൾ നിരവധി പുണ്യ ദാനങ്ങൾ കൊടുത്തു. ശകവർഷം 1458 ദുർമ്മുഖിസം വത്സരം കാർത്തികമാസം വെളുത്ത ഉത്ഥാനദ്വാദശി ക്ക്, തുംഗഭദ്രാതീരത്ത്, പോലേപ്പള്ളി ഗ്രാമത്തെ അച്യുതേന്ദ്രപുരമെന്ന് നാമകരണം ചെയ്ത്. വേദവേ ദാന്തശാസ്ത്രപണ്ഡിതനും, ഋക്ക്ശാഖയിൽ ആശ്വലാ യനസൂത്രം, വിശ്വാമിത്രഗോത്രം ചിന്തപ്പള്ളി സിംഗണാ ര്യപുത്രനുമായ സംമശുദ്ധിബ്രാഹ്മണന് ദാനം

ചെയ്തു. എറുവനാടിന്റെ കോച്ചേർളകോട്ടസീമയിലെ ഈ ഗ്രാമം കൊണ്ടവീടുരാജ്യത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ലക്ഷ്മീപുരം ഗ്രാമത്തിനു കിഴക്കും, ചന്ദാവരം ഗ്രാമത്തിനു തെക്കും, ചാക്കച്ചിറഗ്രാമത്തിനു പടിഞ്ഞാ റും രുദ്രസമുദ്രഗ്രാമത്തിനു വടക്കുമാണ്. സർവ്വമാന്യ മായി, ഏകഭോഗമായിട്ടാണ് ദാനം. സഭാപതി രചിച്ച് ത്വാഷ്ടൻ മല്ലനാചാര്യപുത്രൻ വീരനാചാര്യ കൊത്തി വെച്ചു. അവസാനം ശ്രീവിരൂപാക്ഷ എന്നും വിജയ നഗരചിഹ്നവുമുണ്ട്.

എഡി 1536 ഒക്ടോബർ 26 ആണ് ദിവസം. (1530-43 അച്യുതരായകാലം) ഉത്ഥാനദ്വാദശി വിഷ്ണു ഉണ രുന്ന നാളാണ്. ആഷാഢത്തിലെ ശയനഏകാദശിക്ക് ശേഷം വരുന്നു. ബ്രാഹ്മണരും ജൈനരും ബൌദ്ധരും ഇതിനെ ചാതുർമാസ്യം കഴിയുന്ന ദിനമായി ആചരിക്കുന്നു. വേദശാസ്ത്രപണ്ഡിതനായ ബ്രാഹ്മണന് അഗ്ര ഹാരമായി ഗ്രാമം രാജാവ് നൽകുന്നത് അതിനാലാണ്. വിജയനഗരത്തിന്റെ കിഴക്കേ ഭാഗമാണ് കൊണ്ടവീട്. രായന്മാരുടെ മുമ്പ് അത് റെഡ്ഡിമാരുടെ ഭരണകേന്ദ്രമാ യിരുന്നു. (ഇപ്പോഴത്തെ ഗുണ്ടൂർ ജില്ലയിൽ). എറുവ നാട് ഇപ്പോഴത്തെ മർക്കാപുരം, ഗിദ്ദലൂരു, അതിനു ചുറ്റുമുള്ള പ്രദേശങ്ങൾ പ്രകാശം, കർണൂൽ ജില്ലകൾ) ഇവ വടക്ക് ഏറു(കൃഷ്ണാനദി)വിനെ തൊട്ട പ്രദേ ശമാണ്. കോച്ചേർലക്കോട്ട (ഇപ്പോളത്തെ ദർശി താലൂക്ക് പ്രകാശം ജില്ല) യുടെ അതിർത്തി (സീമ). പ്രകാശം (ഓംഗോൾ) ജില്ലയിലെ ദർശി താലൂക്കിലാണ്

ചാക്കിച്ചെരുവു ഒഴികെ എല്ലാം. ഇവയെല്ലാം മർക്കാ പുരം താലൂക്കിലെ ത്രിപുരാന്തകത്തിനടുത്താണ്.

ആലംപൂരിലെ ക്ഷേത്രസമുച്ചയവും കൃഷ്ണ-തുംഗഭദ്ര സംഗമത്തിലെ (കൂടലു) ക്ഷേത്രങ്ങളും ബാദാമി ചാലൂ ക്യരുടേതായിരുന്നു. ആലംപൂരിലെ സമുച്ചയത്തെ നവബ്രഹ്മക്ഷേത്രം എന്ന് വിളിക്കുന്നു. കൃഷ്ണക്ക് തെക്ക് കുർണൂൽ ജില്ലയിലെ നന്ദ്യാലതാലൂക്കിലും അക്കാലത്തെ ക്ഷേത്രങ്ങൾ നവനന്ദിക്ഷേത്രമെന്ന പേരി ൽ നില നിൽക്കുന്നുണ്ട്. മഹാനന്ദിയിലെ മഹാനന്ദീശ്വ രക്ഷേത്രം, കടമലക്കൽവയിലെ ശിവനന്ദീശ്വരക്ഷേത്രം, പണ്യത്തെ ജീർണ്ണിച്ച ക്ഷേത്രം ഇവ ഇതിൽപ്പെടുന്നു. ഇവയെല്ലാം വാസ്തുവിൽ സദൃശമാണ്. ആലംപൂരി ലെ അർക്കബ്രഹ്മക്ഷേത്തിൽ അനിവാരിതവിക്രമാദി ത്യന്റെ ലിഖിതം (എഡി 658-79) കാണുന്നു. ഇവിടത്തെ ഏറ്റവും പഴയ ലിഖിതം ഇതാണ്. കടമലക്കൽവ ശിവനന്ദീശ്വരക്ഷേത്രത്തിൽ പ്രധാനക്ഷേത്രം കൂടാതെ 5 ഉപദേവതാക്ഷേത്രം പിരമിഡ്ഡ് (സ്റ്റെപ്പ്ഡ്) ശൈലിയി ലുണ്ട്. കൂടാതെ 40 ഒറ്റക്കല്ലു ക്ഷേത്രങ്ങൾ 1 മീറ്റർ ഉയരത്തിലുണ്ട്. ഈ മോണോലിത്തുകളിലൊന്നിൽ 2 വരി ലിഖിതം കാണുന്നു.

1 സത്യാശ്രയ ഭട്ടാരര

2. കൊന്റൻചക്രസുമാനന്തു

സത്യാശ്രയഭട്ടാരകൻ ചാലൂക്യപുലികേശിയാണ്. പുലികേശി 1 (എഡി 540) കാലത്തേക്ക് ഇത് വിരൽ ചൂണ്ടുന്നു.

സത്യാശ്രയ, ജനാശ്രയമുതലായ ബിരുദങ്ങ ൾഃ- വിഷ്ണുക്കുണ്ഡിൻ രാജാവ് മാധവവർമ്മന്റെ വിനീതജനാശ്ലരയനെന്ന ബിരുദമാണ് ഇതിൽ പഴ യത്. അദ്ദേഹത്തിന്റെ പേരക്കുട്ടി ഇന്ദ്രഭട്ടാരകവർമ്മൻ സത്യാശ്രയബിരുദമാണ് സ്വീകരിച്ചിരിക്കുന്നത്. അദ്ദേ ഹത്തിന്റെ മകൻ വിക്രമേന്ദ്രഭട്ടാരകവർമ്മൻ ഉത്തമാ ശ്രയനെന്നാണ് പേർ. തുമ്മലഗഗുഡം രേഖയിലെ വിഷ്ണുക്കുണ്ടിൻ ക്രോണോളജി 527-555 വരെയാണ് ഇന്ദ്രഭട്ടാരകകാലം എന്ന് പറയുന്നു. ഇത് ചാലൂക്യപു ലികേശിൻ 1ന്റെ കാലവുമാണ്. ഒരുപക്ഷേ ഇന്ദ്രഭട്ടാ രകവർമ്മനെ പരാജയപ്പെടുത്തിയാവാം പുലികേ ശിൻ സത്യാശ്രയബിരുദം നേടിയത്. സത്യവൊലുക്ഷേ ത്രത്തിലെ ഗർഭഗൃഹത്തിനുമുമ്പിലുള്ള ദ്വാരപാലകർ 2 ശൃംഗി(കൊമ്പുള്ള ശിവൻ) കളാണ്. ഇവ വിഷ്ണു കുണ്ഡിൻ രീതിയിലുള്ളവയാണ്, മൊകലരാജപുരം ഗുഹാക്ഷേത്രത്തിലുള്ളവക്ക് സമാനമാണ്. പ്രീ ചാലൂ ക്യകാലത്തെ ഗജപൃഷ്ഠശ്രീകോവിലാണ് സത്യവൊലു ക്ഷേത്രസമുച്ചയത്തിനും.

അമരാവതിയിലും നാഗാർജ്ജുനക്കൊണ്ടയിലുമുള്ള വാസ്തുരീതി പെട്ടെന്ന് അഞ്ചാം നൂറ്റാണ്ടിൽ അപ്രത്യ ക്ഷമാകാനിടയില്ല. ആന്ധ്രയിൽ ചാലൂക്യകലയുടെ അവസാനഘട്ടം കാണാനില്ല.

തെലുങ്ക് എപ്പിഗ്രാഫുകളിൽ ഇനുപഎഡലു, വെള്ള എഡ്ലു മുതലായ പദങ്ങൾ കാണാം. ക്ഷേത്രത്തിൽ വിളക്ക് വെക്കാനുള്ള നെയ്യ് കൊടുക്കുന്ന പശുക്ക ളേയും ആടുകളേയും കുറിക്കുന്ന പദമാണിത്. അവ യുടെ എണ്ണം

കാലക്രമേണ കൂടിവരുന്നുണ്ട്. ഇങ്ങനെ കൂടിവരുന്നവ , (പ്രത്യേകിച്ചും ആൺമൃഗം)- ഇടയന്റെ ബോയ)സ്വന്തമാവുന്നു. ആദ്യം ഉണ്ടായിരുന്ന സംഖ്യ യാണ് അയാൾ അമ്പലത്തിൽ കണക്ക് കാണിക്കേണ്ടത്. അപ്രകാരം കാണിക്കേണ്ട സംഖ്യയാണ് ഇനുപ എഡലു.

തൈല 2 ത്രിലിംഗദേശപ്രഭു

പ്രബന്ധചിന്താമണികർത്താവായ മേരുതുംഗനെന്ന ജൈനൻ, എഡി 973ൽ ചാലൂക്യ തൈല 2 രാഷ്ട്രകൂടരി ൽനിന്ന് തങ്ങളുടെ നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിച്ച് തെലങ്കാന എന്ന ത്രികലിംഗദേശത്തിന്റെ രാജാവായി എന്ന് പറയുന്നു. ഇതിലെ സത്യം ഇതുവരെ ആരും വിശദീകരിച്ചിട്ടില്ല. തെലിങ്കാനയിലെ മേദക്ക് ജില്ലയിൽ കോരപ്രോലുവിൽ എഡി 973 ഏപ്രിൽ 10നാണ് അദ്ദേ ഹത്തിന്റെ ആദ്യത്തെ ലിഖിതം. അതുവരെ തൈല 2 രാഷ്ട്രകൂടരുടെ സാമന്തനായിരുന്നു. രുഗി ലിഖിതത്തി ലെ ചാലൂക്യവംശാവലിയിൽ ആഹവമല്ലതൈലന്റെ അഛന്റെ മുത്തശ്ശനായ ഭീമൻ അനുമക്കൊണ്ടയുടെ പ്രഭുവാണ്. അനുമക്കൊണ്ടക്കടുത്ത് കാസിപ്പേട്ടിൽ കിട്ടിയ എഡി 872 ലിഖിതം, (അമോഘവർഷ 2 ന്റെ 68ആം ഭരണവർഷം) ചാലൂക്യകുടുംബത്തിലെ സത്യാശ്രയ ഭീമരശനെ രാഷ്ട്രകൂടരാജാവിന്റെ മഹാ മണ്ഡലേശ്വരനായി പറയുന്നു. ഈ ഭീമസത്യാശ്രയ നാണ് തൈലന്റെ പൂർവ്വികൻ

വിക്രമാദിത്യ 1ന്റെ രച്ചമാരി ഗ്രാന്റ്

കുർണൂൽജില്ലയിലെ പട്ടിക്കൊണ്ട താലൂക്കിലെ പെദ്ദ വെള്ളി ഗ്രാമത്തിൽ നിന്ന് ലഭിച്ചു. 3 താമ്രപത്രങ്ങളാ ണ്. ബദാമിചാലൂക്യലാഞ്ചനയായ വരാഹചിഹ്നം സീലിലുണ്ട്. ആകെ 36 വരി. പഴയ തെലുഗുകന്നഡ ലിപി. ബാദാമി ചാലൂക്യകുടുംബത്തിലെ അനിവാരി ത വിക്രമാദിത്യസത്യാശ്രയ ശ്രീപൃഥ്വീവല്ലഭകാലം (656-681 എഡി) ഇദ്ദേഹം പുലികേശി 1ന്റെ (പുലകേശിവല്ല ഭ) പേരക്കുട്ടിയുടെ മകനും, (പുലകേശി 2) കീർത്തിവ ർമ്മന്റെ പേരക്കുട്ടിയുമാണ്. 655 എഡിയിൽ സിംഹാ സനാരൂഢനായ അദ്ദേഹത്തിന്റെ 11ആം ഭരണവർഷ ത്തിലാണ്. 25 ഏപ്രിൽ എഡി 665, വൈശാഖശുക്ല പക്ഷാഷ്ടമിക്കാണ് ഗ്രാന്റ്. 50 നിവർത്തനം ഭൂമിയും പെനുഞ്ചയും രച്ചമാരി ഗ്രാമത്തിൽ സ്വന്തം പുണ്യത്തി നു വേണ്ടിയാണ് കപിശഗോത്രത്തിലെ മാധവശർമ്മ പുത്രൻ രേവസ്വാമിക്ക് നൽകുന്നത്. ഷഡംഗങ്ങളിലും പാണ്ഡിത്യമുള്ളവനും ഷട്കർമ്മവിശാരദനുമാണ് ഇദ്ദേഹം. തുംഗഭദ്രയുടെ തെക്കാണ് പറയപ്പെട്ട ഗ്രാമം. മഹാസന്ധിവിഗ്രഹനായ ജയസേനനാണ് ലിപികൻ. വിക്രമാദിത്യന്റെ മറ്റു ലിഖിതങ്ങളും (കുർണൂൽ, ഗഡ്വാൽ, സവനൂർ, തെംബുരുണി-ഭരണവർഷം 10, 20,17) എഴുതിയത്. സ്വയമേവ ആജ്ഞാപ്തി എന്ന തിനാൽ രാജാവുതന്നെയാണ് ആജ്ഞാപ്തി. ആജ്ഞാ പ്തി ശ്രീവർഷരാജാ

എന്നതിനാൽ ആ പേരാണ് വിക്രമാദിത്യ 1ന്റേത് എന്ന് കരുതണം. വർഷ എന്നത് പല രാഷ്ട്രകൂടരാജാക്കന്മാരുടെ പേരിലും കാണുന്നതുമായ ണ്. ചാലൂക്യരാജാവിന് ഈ നാമം വന്നത് ആലോച നാർഹമാണ്.

കൃഷ്ണ 2 അകാലവർഷന്റെ കോക്കരച്ചേഡു ലിഖിതം ശകം 817

ആലൂരു താലൂക്ക് കൊക്കരച്ചേഡു താലൂക്കിലെ ആഞ്ജനേയക്ഷേത്രത്തിലാണ് ലിഖിതം. 9ആം നൂറ്റാ ണ്ടിലെ കന്നഡഭാഷയിലാണ്. 29 വരി സ്ലാബിന്റെ ഒരു വശത്തും 2 വരിപിന്നിലുമായി ആകെ 31 വരി. പുരാതനതെലുഗുകന്നഡ മുതൽ പുതിയ കന്നഡ വരെയുള്ള ലിപികൾ കാണാം. ദ, ല ഇവ മാറി ഉപയോഗിക്കുന്നു. ഉദാഃ- ഹദിനേദനേയ എന്നതിന് ഹദിനേലനേവ. കൊദൂര എന്നതിന് കൊലൂര. ശകം 817 അകാലവർഷ കൃഷ്ണ 2 വിന്റെ 6ആം ഭരണവ ർഷം രാക്ഷസസംവത്സരം, ജ്യേഷ്ഠശുക്ലത്രയോദശി സ്വാതി നക്ഷത്രം, ശനിവാരം (എഡി 895 മേയ് മാസം 10) ആണ് ലിഖിതം എഴുതിയത്. കിസുവോല, ബെല്ലി കോലൂരു, കൊല്ലൂരു മുതലായ സ്ഥലങ്ങളിലെ വണി ക്കുകൾ ഒരു ജൈനക്ഷേത്രത്തിന് ദാനം ചെയ്ത രേഖ യാണ്. വിവിധപണ്യവസ്തുക്കൾ കച്ചവടം ചെയ്യുന്ന വർ അതാതു പണ്യത്തിനു നിശ്ചയിച്ച തുക, മാടയാ യോ നാണ്യമായോ ജൈനസതിക്ക് കൊടുത്തിരിക്ക ണമെന്ന് നിയമം കാണുന്നു. ധനികരായ കച്ചവടക്കാർ ക്ഷേത്രങ്ങൾക്കും ബസതികൾക്കും ധാരാളം ധനം ദാനം ചെയ്താണ് വ്യാപാരരംഗം മികച്ച രീതിയിൽ നില നിർത്തിയിരുന്നത്. ഇവിടെ 50

പേരുള്ള വ്യാപാരി സംഘം ചാമുണ്ഡയ്യന്റെ നേതൃത്വത്തിലാണ് പ്രവർത്തി ച്ചിരുന്നത്. അമോഘവർഷന്റെ മരണവും കൃഷ്ണ 2 വിന്റെ കിരീടധാരണവും 880 എഡിയിലാണ് (അൽട്ടേക്കർ). ഡാർവാദിലെ ഷൊറട്ടൂർ ലിഖിതം കൃഷ്ണ 2വിന്റെ ആദ്യലിഖിതമെന്ന് വെച്ചാണ് ഈ തീരുമാനം. (883) എന്നാൽ കൊക്കരച്ചേഡുലിഖിതം അൽട്ടേക്കറുടെ ഈ നിഗമനം തെറ്റാണെന്ന് തെളിയിക്കുന്നു . 895 കൃഷ്ണ 2 വിന്റെ 6ആം ഭരണവർഷമാണ്. അതിനാൽ കിരീടധാരണം 889-90ലാവണം. സൊറാട്ടൂർ റെക്കോ ഡിലുള്ളത് അദ്ദേഹം യുവരാജാവായി അവരോധി ക്കപ്പെട്ട് വൃദ്ധനായ അഛനോടുകൂടി ഭരണം നടത്തി യതാണ്. പിതാവ് അമോഘവർഷന്റെ അവസാനലി ഖിതം എഡി 88ലാണെങ്കിലും അദ്ദേഹം പിന്നെയും 12 വർഷം ജീവിച്ചിരുന്നിട്ടുണ്ട്. മകനാണ് ഇക്കാലത്ത് രാജ്യഭരണം നടത്തിയിരുന്നത്. 912 വരെ കൃഷ്ണ 2 വിന്റെ രേഖകളുണ്ട്.

കച്ചവടസംഘം അനന്തപൂർ, കോസിഗി, ബെലഗൽ കോലൂർ,കൊല്ലൂർ വരെ വ്യാപിച്ച സംഘമാണ്. കുർണൂൽ ബെല്ലാരി ഭാഗങ്ങളിലാണ് ഇത്.

ശ്രീരംഭകനാ ബസതിഗേ അന്തിരവുഡ ബംഗേകോ വരസിദ്ധിയ്യ വീരകാഗന്യാ സൂലസാദേവദിവ്യതളിഗേയ മാരമ്മുവം കിസുവേലലബാദിസെട്ടിയു സാദിയണ്ണന മകം ചാമുണ്ഡയ്യനു അയൊനോഭരേ ബെലി വിഷ്ടസെട്ടിയു ബൽദുമിരാ മകം ബെല്ലി കോലൂരാ രേവയ്യ തളേരേ ആര്യന്നം തെരേജ്യകേ ഗണ്ഡയ്യ ബന്നിഗേ ദംഗഡോ ഗംഗയ്യ

ശശിദത്ത കൊല്ലൂര ഗണ്ഡയ്യ പോച്ചയ്യ കലിയമ്മ സെട്ടി കിരിയന്നമ്മ മാണിവിജ്ജിയു ദൊണ്ടി അഗനിതാഷല്ലൂര പോച്ചഗാമുണ്ഡ സാമി ഹാലിയദു ഇന്തിബരു മിൽദു ഗഞ്ചിഗേ മാരമ്മൻ ആദാന തൊൽ താംബൂല ശ്രമണിഗെയ്യ നകരസഹിത ബസതിഗേ അയിനോഭ്ഭര കൊട്ട സ്ഥിതി ഒക്കാൽഗേ അയപട്ടന്ദേരേ അങ്ങാടി മാടോലോൽമാന മേളാ സൂത്ര്യാഗാ മണ്ഡപോജ ഫലാ ബുട്ടിഗേ ഒൻറു പണ   ല സ്ഥിതിയന്താരിന്താ ബാരാണസീ കവിലേ ....എന്നാണ് ബസതിയിലെ അങ്ങാടിവാണിഭ ത്തിന്റെ ചുമതല വഹിക്കുന്നവരുടെ ലിസ്റ്റും നിയ മവും.

ചാലൂക്യ വിഷ്ണുവർദ്ധനന്റെ ബൊന്ദാദ ഗ്രാന്റ്

3 സെറ്റ് താമ്രപത്രം, (24 വരി) ഒരു സെറ്റ് കിഴക്കൻ ഗംഗൻ പ്ലേറ്റ് .

സംസ്കൃതഗദ്യം. 7-8 നൂറ്റാണ്ടുകളിലെ ചാലൂക്യരുടെ തെലുഗുകന്നഡ ലിപി.

കിഴക്കൻ ചാലൂക്യപ്രശസ്തിക്കു ശേഷം മംഗി ദുർഗ്ഗ രാജനെ പറയുന്നു. അദ്ദേഹത്തിന്റെ പുത്രനായ വിഷ്ണുവർദ്ധനനെ പ്രശംസിക്കുന്നു. പ്രഭുത്വം മന്ത്രം ഉത്സാഹം എന്ന ശക്തിത്രയത്താൽ അദ്ദേഹം മറ്റു രാ ജാക്കന്മാരെയെല്ലാം ജയിച്ച് ഉദയഗിരിയിൽ ഉണരുന്ന സൂര്യൻ മേരുവിൽ സ്ഥിരമായി നിൽക്കുന്നതുപോലെ ശോഭിച്ചു. വിഷ്ണുവർദ്ധനമഹാരാജാവ് ബൊന്ദാദ ഗ്രാമത്തിലെ ഗൃഹസ്ഥരെ പ്രാംഗുനാളവിഷയത്തി ലേക്ക് വിളിപ്പിച്ചു. 30

ഖണ്ഡിക വ്രീഹിബീജം വിത ക്കാവുന്ന ഭൂമിയും ഗ്രാമത്തിന് തെക്കുകിഴക്ക്, വീടും തോട്ടവും വാടിയും ഉള്ള 100 മനുന്ത്രു അഭ്യന്തരക്ഷേ ത്രവും ഭരദ്വാജഗോത്രത്തിലെ ആപസ്തംഭസൂത്രം ദേവശർമ്മന്റെ പേരക്കുട്ടിയും ദ്രോണന്ദപുത്രനുമായ ഗോവിന്ദശർമ്മന്, ചന്ദ്രഗ്രഹണത്തിൻ സ്നാനം ചെയ്ത ശേഷം ദാനം ചെയ്യുന്നതായി ഉദ്ഘോഷിച്ചു. ഗോവിന്ദശർമ്മൻ പാഷിണ്ഡിപ്പാറുവിലെ താമസക്കാ രനും തൈത്തിരീയശാഖ പഠിക്കുന്നവനുമാണ്. അദ്ദേ ഹത്തിന്റെ മുത്തശ്ശൻ ദേവശർമ്മൻ മഹാരാഷ്ട്രദേശത്ത് ത്രിവേദിയാണ്. അച്ഛൻ വേദവേദാന്തപണ്ഡിതനും നിരവധി മഹാശാസ്ത്രം പഠിച്ചവനുമാണ്. ഇനി വരാ നിരിക്കുന്ന രാജാക്കന്മാർ ഈ ധർമ്മം പാലിക്കണം അവരെ വിഷ്ണുവർദ്ധനമഹാരാജാവ് പ്രണമിക്കു ന്നു. . ഭോയക്ഷേത്രസീമ (ഭോഗക്ഷേത്രസീമ) കിഴക്ക് കാലസീയവാത, തെക്ക് തുംഗടലപ്പാറു, പടിഞ്ഞാറ് കുല്യ(തോട്) വടക്ക് കാമദേവക്ഷേത്രം. ലിഖിതത്തിന്റെ അവസാനം വ്യാസഗീതാശ്ലോകം. അവസാനം പ്രാഗു നാലവിഷയത്തിന്റെ രാഷ്ട്രകൂടകമായ കാന്തവെള്ളി മുട്ടുലു എന്ന ആജ്ഞാപ്തി.

കിഴക്കൻവെങ്കി ചാലൂക്യശാഖയിലെ മൂന്നാം വിഷ്ണുവർദ്ധനനാണ് ദാനകർത്താവ്. എഡി 718-752 വരെ വെങ്കിയിൽ 35 വർഷം ഭരിച്ചു. ഭുവനാശ്രയ, ത്രിഭുവനാങ്കുശ, വിഷമസിദ്ധി മുതലായ ബിരുദങ്ങളു ണ്ടായിരുന്നു. ഈ ലിഖിതത്തിൽ സ്വവംശോദയഗിരി ശിഖരാഭാസി മഹോദയത്വാദ് മേരുർഇവ

സ്ഥിതിമാ നെന്ന് വിശേഷണം. ലിഖിതം കുടുംബികളോടാണ് ഉദ്ഘോഷിക്കുന്നത് (ഗൃഹസ്ഥർ). പാഗുനാരവിഷയം ഇപ്പോഴത്തെ ഭീമാവരം, തനുക്കു, നരസപുരം, പടിഞ്ഞാറൻ ഗോദാവരിയിലെ തഡേപ്പള്ളിഗുഡം ഇവ ഉൾപ്പെട്ടതാണ്. ഭീമാവരത്തിനടുത്താണ് ബൊന്ദാദഗ്രാമം. കാലസിയവാതം ഇപ്പോഴത്തെ കലിസപ്പുടിയും, തുംഗടലപ്പാറു തോകപ്പുടിയു മാണ്. ബോയ എന്നത് ഭോജ എന്നതിന്റെ ഗ്രാമ്യമാണെന്നും അത് രക്ഷകരായ വില്ലാളികളെ സൂചിപ്പിക്കുന്നു എന്നും കാണുന്നു. അവരുടെ ഭോഗക്ഷേത്രം ഗ്രാമത്തിനു കിഴക്കും തെക്കുമുണ്ട്.

അരികേസരി 1ന്റെ കൊല്ലിപ്പാറ പ്ലേറ്റുകൾ.

8,9,10 നൂറ്റാണ്ടുകളിൽ തെലുങ്കാന ഭരിക്കയും ഡെക്കാൻ ചരിത്രത്തിൽ സ്ഥാനം നേടുകയും ചെയ്ത മൈനർ ചാലൂക്യശാഖയാണ് വേമുലവാദ യിലെ ചാലൂക്യർ. അരികേസരി 1ന്റെ കൊല്ലിപ്പാറ പ്ലേറ്റുകള്, അരികേസരി മൂന്നാമന്റെ പർബ്ബനി പ്ലേറ്റുകൾ, കുന്റുവഘട്ടിലെ ശിലാരേഖകൾ, കരിംന ഗർ,വേമുലവാഡ, , രേപാക ശിലാരേഖകൾ, ഇവ കൂടാതെ രണ്ട് സാഹിത്യകൃതികളും ഇക്കാലത്ത് ഉണ്ടായി. പമ്പാകവിയുടെ വിക്രമാർജ്ജുനവിജയം, സോമദേവസൂരിയുടെ യശസ്തിലകം. ഇവ വെച്ച് വെങ്കടരമണയ്യ ഉണ്ടാക്കിയ വംശാവലിഃ-

1. വിനയാദിത്യ യുദ്ധമല്ലൻ
2. രണ്ടു മക്കൾ അരികേസരി 1, വീരഗൃഹൻ
3. അരികേസരി 1 ന്റെ രണ്ട് മക്കൾ. നരസിംഹ 1, ഭദ്രദേവൻ
4. നരസിംഹപുത്രൻ യുദ്ധമല്ലൻ 2
5. ബഡ്ഡെഗ

6. യുദ്ധമല്ല 3
7. നരസിംഹ 2
8. അരികേസരി 2
9. അദ്ദേഹത്തിന് 2 മക്കൾ. വാഗദേവനും അരികേസരി 3 അഥവാ ഭദ്രദേവനും.

ഈ വംശാവലിയിൽ വെങ്കടരമണയ്യ കൊല്ലിപ്പാറ ലിഖിതത്തിലെ വംശാവലി കൂട്ടിയിട്ടില്ല. കൊല്ലിപ്പാറ പ്ലേറ്റിൽ ചാലൂക്യ വിനയാദിത്യ യുദ്ധമല്ലന്റെ പുത്രനായ അരികേസരി 1, രാമഡുവിഷയത്തിലെ ബെൽമോഗ ഗ്രാമത്തിലെ അങ്കുടഗുരുകുലത്തിലെ സദ്യശ്ശിവാചാര്യശിഷ്യൻ മുഗ്ദ്ധശിവാചാര്യന് വിദ്യാദാനം ചെയ്യുന്ന രേഖയാണുള്ളത്. ഇതിൽ അരികേസരി വരെ 6 തലമുറ ചാലൂക്യരെ പറ യുന്നു. സത്യാശ്രയ, പൃഥ്വീപതി, മഹാരാജാ ,രാജാ ദിത്യ, വിനയാദിത്യ യുദ്ധമല്ല, അരികേസരി 1. വിനയാദിത്യയുദ്ധമല്ലനെ സേവിച്ചിരുന്ന രാജാക്കൻമാർ തുരുഷ്ക,യവന, ബർബ്ബര, കാശ്മീര, കാം ബോജ, മഗധ ,മാളവ, കലിംഗ, ഗംഗ, പല്ലവ, പാണ്ഡ്യ,കേരളരാജാക്കന്മാരാണ്. 8-9 നൂറ്റാണ്ടുക ളിൽ ഡെക്കാനിൽ ഉപയോഗിച്ചിരുന്ന തെലുഗുക ന്നഡ ലിപിയാണ് ലിഖിതത്തിലുപയോഗിച്ചിരിക്കു ന്നത്. വിക്രമാർജ്ജുനവിജയത്തിൽ അരികേസരിയെ രാഷ്ട്രകൂടരാജാവ് നിരുപമധ്രുവന്റെ സമകാലീനനെന്ന് പറയുന്നു. എഡി 780-93 വരെയാണ് അദ്ദേഹത്തിന്റെ കാലം. കൊല്ലിപ്പാറ ഗ്രാന്റിന്റെ പാലിയോഗ്രാഫി ഇക്കാലത്തെയാണ്.

എന്താണ് ഈ വംശാവലിയെ വെങ്കടരമണയ്യ സ്വീകരിക്കാത്തത്. ഒന്നാമതായി അദ്ദേഹം പറയുന്നത്, വിക്രമാർജ്ജുനവിജയവും , പിൽക്കാലരേഖകളും ആദ്യത്തെ ആളായി വിനയാദിത്യയുദ്ധമല്ലനെയാണ് പറയുന്നത്. അദ്ദേഹം ഭരിച്ചിരുന്നത് സപാദലക്ഷരാജ്യമാണ്. ആ രാജ്യം ഭരിക്കാൻ

മറ്റാർക്കും കഴിഞ്ഞിരുന്നില്ല. പോദനയിലെ വലിയ റിസർവോയറിൽ എണ്ണ നിറച്ചാണ് അദ്ദേഹത്തിന്റെ ആനകളെ കുളിപ്പിച്ചിരുന്നത്. മറ്റാർക്കും ചെല്ലാനാവാത്ത ചിത്രകൂടം എന്ന കോട്ട അദ്ദേഹം പിടിച്ചിരുന്നു. ധ്രുവന്റെ കാലത്ത് അരികേസരി വെങ്കി യും ത്രികലിംഗവും പിടിച്ചു. ഇതൊന്നും കൊല്ലി പ്പാറ പ്ലേറ്റിൽ പറയുന്നില്ലെന്നാണ് വെങ്കടരമണയ്യ യുടെ പക്ഷം. രണ്ടാമതായി, ബാദാമിയിലും
ലാടദേശത്തുമുള്ള ചാലൂക്യശാഖകളുമായി ഇതിലെ വംശാവലി ഒത്തുപോകുന്നില്ലെന്ന് അദ്ദേഹം കരുതുന്നു. അതിനാൽ കൊല്ലിപ്പാറ ലിഖിതത്തിലെ വംശാവലി കെട്ടിച്ചമച്ചതാവാം എന്ന് അദ്ദേഹം കരുതി. സത്യാശ്രയ റാണവിക്രമൻ മുതലായ നാമങ്ങളെ വംശാവലിയിൽ ചേർത്തത് തങ്ങളുടെ ഭരിക്കാനുള്ള അർഹത വർദ്ധിപ്പിക്കുമെന്ന് അവർ കരുതിയിരിക്കാം. അതിനാൽ വെങ്കടരമണയ്യ കൊല്ലിപ്പാറലിഖിതത്തിലെ വംശാവലി മാത്രമല്ല ചരിത്രവും തള്ളിപ്പറഞ്ഞു.

എങ്കിലും കൊല്ലിപ്പാറ ഗ്രാന്റ് അരികേസരിയുടേത് എന്നത് അദ്ദേഹം തള്ളിക്കളയുന്നില്ല. അരികേസരിയുടേയും വിനയാദിത്യയുദ്ധമല്ലന്റേയും പ്രധാനചരിത്രമൊന്നും അതിൽ പറയാത്തതുകൊണ്ട് അത് വിശ്വാസയോഗ്യമല്ല എന്നാണ് പറയുന്നത്. ഇതിൽ മാത്രമല്ല, പർബ്ബനി പ്ലേറ്റിലും വിനയാദിത്യയുദ്ധമല്ലന്റെ ചിത്രകൂടം കോട്ട പിടിക്കലെന്ന പ്രധാന സംഭവം ഒഴിവാക്കിയിട്ടുണ്ട്. കരിംനഗർ സ്തംഭ ലിഖിതത്തിൽ അരികേസരിക്ക് മുമ്പുള്ള 5 തലമുറയേ പറയുന്നുള്ളു. മറ്റു പല കാരണങ്ങളെക്കൊണ്ടും ചില സംഭവങ്ങൾ പറയാതിരുന്നതാവാം. മാത്രമല്ല കേരളം പിടിച്ചത് പറയുന്നതിനാൽ, കേരളത്തിലെ ചിത്രകൂടം പിടിച്ചതും ഉൾക്കൊള്ളുന്നുണ്ടല്ലോ. സത്യാശ്രയ രണവിക്രമൻ പുലികേശി 1

ആണ്. എഡി 543 -566 വരെ ഭരിച്ച ഇദ്ദേഹം ബാദാമി ചാലൂക്യസ്ഥാപകനാണ്. അക്കാലം മുതൽ അരികേസരി 1, രാഷ്ട്രകൂട നിരുപമ ധ്രുവകാലം വരെ (780-793) 200 കൊല്ലത്തിൽ 6 തലമുറ പറ ഞ്ഞിരിക്കുന്നു. 30-35 കൊല്ലം ഓരോ തലമുറക്കും കൊടുത്താലാണ് ഇത് സംഭവിക്കുക. ചാലൂക്യരുടെ ലാടശാഖയിൽ വിനയാദിത്യയുദ്ധമല്ലനെന്ന രാജാവി നെ കാണുന്നുണ്ട്. ലാടശാഖയിലെ വിനയാദിത്യയു ദ്ധമല്ലന്റെ പിതാവ് ജയസിംഹനാണ്.കൊല്ലിപ്പാറ ലിഖിതത്തിലെ വിനയാദിത്യന്റെ പിതാവ് രാജാദിത്യപൃഥുവിക്രമനും. ജയസിംഹന് ഈ ബിരുദങ്ങളുണ്ടായിരുന്നതിന് തെളിവൊന്നും കിട്ടി യിട്ടില്ല. ജയസിംഹപുത്രനായ വിനയാദിത്യന്റെ പേർ മംഗളരശനെന്നാണ് താനും. . വേമുലവാഡ ശാഖയും ലാടശാഖയും തമ്മിൽ യാതൊരു ബന്ധ വുമില്ലെന്നാണ് വെങ്കടരമണയ്യയുടെ നിലപാട്.

പുലികേശി 2 ന്റെ മകനായ ആദിത്യവർമ്മയാണ് വേമുലവാഡ ശാഖ ഉണ്ടാക്കിയതെന്ന് ഭവരാജു വെങ്കടകൃഷ്ണരാജു നിശ്ചയിക്കുന്നു.

ജഗദ്ദേവന്റെ കാമഗിരി ലിഖിതം (ശക 1051)

അദിലബാദ് ജില്ലയിലെ ബോത്ത് താലൂക്കിലെ കാമ ഗിരി ഗ്രാമത്തിൽനിന്ന ലഭിച്ചത്. ധാരയിലെ പരമാര ചക്രവർത്തിയുടെ മകനായ ജഗദ്ദേവരാജകുമാരൻ കല്യാണിലെ ചാലൂക്യരുടെ സാമന്തനായി കുറച്ചു കാലം സേവനം അനുഷ്ഠിച്ചു. തെലുങ്ക് സംസാരി ക്കുന്ന പ്രദേശങ്ങളിൽനിന്ന് ഇദ്ദേഹത്തിന്റെ

ലിഖിത ങ്ങൾ കിട്ടിയിട്ടുണ്ട്.
നലഗൊണ്ടജില്ലയിലെ കൊല
നുപാക്കയിൽനിന്ന് ഒരു ലിഖിതം കിട്ടി

കാമഗിരിലിഖിതം തെക്കേ ഇന്ത്യയിലെ നാഗരിലിപി യിലാണ്. 12 വരിയേ ഉള്ളു. സംസ്കൃതഭാഷയാണ്. ആദ്യഭാഗം ശ്ലോകവും ഗദ്യവും കലർന്നാണ്.ശകം 1051 കീലകം സംവത്സരം മാർഗ്ഗശീർഷത്തിലെ ശുക്ലപഞ്ചമി, വ്യാഴാഴ്ച്ച ചന്ദ്രഗ്രഹണത്തിനാണ് ലിഖിതം. എഡി 1128 നവംബറിലാണ് ഇത് സംഭവിച്ചത്. കൊല്ലിപ്പാ ക്കം 7000 വിക്രമാദിത്യ 6, സോമേശ്വര 3 ഇവരുടെ കാലത്ത് ജഗദ്ദേവനാണ് ഭരിച്ചിരുന്നത്. (വെങ്കടരമ ണയ്യ). അതിനുശേഷവും ജഗദ്ദേവൻ ജീവിച്ചിരുന്നതിന് ഈ ലിഖിതം തെളിവാണ്. അദ്ദേഹം 85 വയസ്സ് വരെ ജീവിച്ചിട്ടുണ്ട്. വിക്രമാദിത്യ 6ന്റെ കാലം (1076-1126), 50 വർഷവും സോമേശ്വര 3 ന്റെ കാലം (1126-37) 11 വർഷവുമാണ്. ആകെ 61 വർഷം.

സ്വസ്തിശ്രീ എന്നാരംഭിച്ച് ഗണാധിപതിയെ സ്തുതിച്ച് ലിഖിതാരംഭം. സമധിഗതപഞ്ചമഹാശബ്ദ മഹാമണ്ഡ ലേശ്വര ജഗദ്ദേവന്റെ വിഷയത്തിലുള്ള സാലഗംപ്രാണ കത്തിലെ ഗുരിയഡ ഗ്രാമം (പ്രതിജാഗരണകം, പത്ര, പ്രണകം ഇവ പരമാര ലിഖിതങ്ങളിൽ സാധാരണ കാമുന്ന വാക്കുകളാണ്. ഇവയിൽനിന്നാണ് പർഗ്ഗാന എന്ന പദം ഉണ്ടായത്). അവിടത്തെ ഭക്തനായ ഭോപാ ലൻ ശിവലിംഗം പ്രതിഷ്ഠിച്ച് ശിവക്ഷേത്രം പണിതു. ഗ്രാമത്തിലെ പത്രകീത(പട്ടേൽ) ആയിരുന്നു അദ്ദേഹം. ശൌചകന്റെ പുത്രനും നാഗമന്റെ പേരക്കുട്ടിയുമാണ്. ദേവവൃത്തിക്കായി

നിയമിച്ച പലരുടേയും പേരുകൾ തുടർന്ന് വരുന്നു. പണ്ഡിതശൈവിയനും പണ്ഡിത ചാരപനുമാണ് സ്തുതി രചിച്ചത്. ഗുരിയദ ഗ്രാമം ഇപ്പോഴത്തെ ഗുരുജു (ഗോരജ്)ഗ്രാമമാണ്.

ജഗദ്ദേവനെക്കുറിച്ച വിവരങ്ങൾ ലഭിക്കുന്നത്, പ്രാദേ ശികഐതിഹ്യം, അദ്ദേഹത്തിന്റെ തന്നെ ലിഖിതങ്ങൾ, മറ്റു രാജവംശങ്ങളുടെ രേഖകൾ, അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരുടെ ലിഖിതങ്ങൾ (ഉദാ കാമഗിരി ലിഖിതം) ഇവയിൽനിന്നാണ്.

രാസമാലപ്രകാരം എഡി 1086ൽ മരിച്ച പരമാരരാജാ വ് ഉദയാദിത്യന് രണ്ട് ഭാര്യമാരുണ്ടായിരുന്നു. വാഗേ ല രാജകുമാരിയിൽ ജനിച്ച രണധവളൻ, സോലങ്കി ചാലൂക്യരാജകുമാരിയിൽ ജനിച്ച ജഗദ്ദേവനെക്കാളും മൂത്തവനായിരുന്നു. ജ്യേഷ്ഠനെ അച്ഛനുശേഷം രാജാവാക്കാനുള്ള നീക്കം നടന്നപ്പോൾ ജഗദ്ദേവൻ മാൾവ വിട്ട് പോയി. അവിടെ ജയസിംഹസിദ്ധരാ ജന്റെ(1094-1144) സൈന്യത്തിൽ സേവനം അനുഷ്ഠി ച്ചു. ഈ ഗുർജ്ജരരാജാവ് ജഗദ്ദേവന്റെ വീരവും ധൈര്യവും കണ്ട് സന്തോഷിച്ച് പുത്രിയെ വിവാഹം കഴിച്ചുകൊടുത്തു. എന്നാൽ അദ്ദേഹം മാൾവ ആക്ര മിക്കാൻ ശ്രമിച്ചപ്പോൾ തന്റെ മാതൃരാജ്യം സംരക്ഷി ക്കാനായി ജഗദ്ദേവൻ മാൾവയുടെ തലസ്ഥാനനഗര മായ ധാരയിലേക്ക് പോയി ഗുർജ്ജരസൈന്യത്തെ തോൽപ്പിച്ചു. സന്തുഷ്ടനായ അച്ഛൻ അദ്ദേഹത്തെ രൺധവളനു പകരം രാജാവാക്കി. പിതാവിന്റെ മരണശേഷം 52 വർഷം അദ്ദേഹം മാൾവ ഭരിച്ചു. 85ആം വയസ്സിലാണ് മരിച്ചത്.

മേരുതുംഗന്റെ പ്രബന്ധചിന്താമണി റ്റൊരു കഥയാണ് തരുന്നത്. ജയസിംഹസിദ്ധരാജാവ് ജഗദ്ദേവനെ അഭി നന്ദിച്ചുവെങ്കിലും ജഗദ്ദേവൻ വിക്രമാദിത്യ6 പരമ ർദ്ദിന്റെ ക്ഷണം സ്വീകരിച്ച് (1076-1126) കർണ്ണാടക (കുന്തള)രാജ്യത്തേക്ക് പോയി. മൌണ്ട് അബുവിന് സമീപം വെച്ച് ജഗദ്ദേവനും ഗുർജ്ജരരും തമ്മിലുണ്ടാ യ യുദ്ധം മേരുതുംഗന്റെ വാക്ക് ശരി വെക്കുന്നു. മാത്ര മല്ല, ഉദയാദിത്യന്റെ മരണശേഷം വളരെ കഴിഞ്ഞാണ് ജഗദ്ദേവൻ മാൾവ സിംഹാസനത്തിലിരിക്കുന്നത്. അതിൽ ഉദയാദിത്യന്റെ മകനായ ലക്ഷ്മാദിത്യൻ(1086-1094) പിന്നീട് നരവർമ്മൻ(1094) എന്നിവർ ഇരിക്കു മ്പോൾ ജഗദ്ദേവൻ കുന്തളദേശത്താണ്.ഹോയ്സല ലിഖിതങ്ങളിൽ ജഗദ്ദേവനെ മാളവരാജാവെന്ന് വിളിക്കുന്നു. ആദ്യം ഗുർജ്ജരരാജാവിന്റെയും പിന്നെ വിക്രമാദിത്യന്റെയും സഹായത്തോടെ മാൾവ പിടി ക്കാൻ ജഗദ്ദേവൻ ശ്രമിച്ചിരിക്കാമെന്നാണ് പണ്ഡിതാ ഭിപ്രായം. പരമാര നരവർമ്മനും ജയസിംഹ സിദ്ധരാജനും 1094ൽ തന്നെയാണ് സിംഹാസനസ്ഥരാ വുന്നത്. അന്ന് ജയസിംഹസിദ്ധരാജനെന്ന ഗുജറാത്ത് രാജാവിന് വളരെ ചെറുപ്പമാണ്. അതായത് , ജഗദ്ദേ വന് വിവാഹം കഴിച്ചുകൊടുക്കാവുന്ന ഒരു പുത്രി ഉണ്ടാവാനുള്ള സാദ്ധ്യത കുറവാണ്.

ജഗദ്ദേവന്റെ രണ്ട് ശിലാലിഖിതങ്ങൾഃ-
അദിലാബാദ് ജില്ലാതലസ്ഥാനത്തുനിന്ന് 6 മൈൽ വടക്കുകിഴക്ക് ജൈനാടിൽനിന്ന് കിട്ടിയ ശകം 1034 എഡി 1112 ലിഖി തം. ജൈനാടിന് 65 മൈൽ പടിഞ്ഞാറു കിടക്കുന്ന ദൊംഗർഗാവിൽനിന്ന് ഉള്ള ലിഖിതം. ഇതിലെ

വർഷം ഇല്ല. മഹാരാഷ്ട്രയിലെ ബേരാറിലാണ് ഈ ഗ്രാമം. ജൈനാട് ലിഖിതം പരമാരരാജകുമാരനായ ജഗദ്ദേവൻ ഭോജരാജാവിന്റെ സഹോദരനായ ഉദയാദിത്യപുത്ര നാണ്. (ഭോജൻ പിതൃവ്യനാണ്). അദ്ദേഹത്തിന്റെ യുദ്ധവിജയങ്ങൾഃ- 1. ആന്ധ്രരാജാവിനെ ആക്രമിച്ച് തോൽപ്പിച്ചു. 2. ചക്രദുർഗ്ഗത്തിലെ രാജാവിനെ നശി പ്പിച്ചു. 3. ദ്വാരാസമുദ്രത്തിലെ മലഹര(ഹോയ്സാല) രാജാവിനെ നശിപ്പിച്ചു. 4.അർബ്ബുദപർവ്വതത്തിനരി കിൽ വെച്ച് ഗുർജ്ജര ജയസിംഹനെ തോൽപ്പിച്ചു. 5.കർണ്ണനെന്ന രാജാവിനെ തോൽപ്പിച്ചു. (ചേദിയിലെ യശ്ക്കർണ്ണൻ)ഈ യുദ്ധങ്ങളെല്ലാം വിക്രമാദിത്യനുമാ യി ചേർന്ന ശേഷമാവണം.

ചിത്രകൂടമാണ് ചക്രദുർഗ്ഗം . ബസ്റ്ററിൽ ജഗദല പ്പൂരിൽനിന്ന് 30 മൈൽ അകലെ ആ പേരിലൊരു സ്ഥലമുണ്ട്. വിക്രമാദിത്യ ന്റെ സാമന്തരായിരുന്ന അനന്തപാലനും മരുമകൻ ഗോവിന്ദനുമാണ് ചിത്ര കൂടം കുലുക്കിയതെന്ന് അദ്ദേഹത്തിന്റെ ലിഖിതങ്ങൾ പറയുന്നു. എരേയംഗൻ (ഇദ്ദേഹം 1100ൽ മരിച്ചു) ചക്രഗോട്ട നശിപ്പിച്ചതായും അദ്ദേഹത്തിന്റെ പുത്രൻ വിഷ്ണുവർദ്ധനൻ ബസ്റ്ററിലെ മാഗവംശി രാജാവ് സോമേശ്വരനെ തോൽപ്പിച്ചതായും അവരുടെ ലിഖി തങ്ങളിലുണ്ട്. സോമേശ്വരന്റെ കുലദേവതയായ മാണിക്യദേവിയുടെ മുന്നിൽ വിഷ്ണുവർദ്ധനൻ തന്റെ പ്രതാപം പ്രദർശിപ്പിച്ചുവത്രേ.

ജഗദ്ദേവന്റെ പരാജയത്തെ ആദ്യമായി പറയുന്ന ലിഖി തം 1108ലെ ഹോയ്സല ലിഖിതമാണ്. എരേയാംഗന്റെ എല്ലാ മക്കളും (ബല്ല 1 ,

വിഷ്ണുവർദ്ധന, ഉദയാദിത്യ) ആ വിജയം തന്റേതാണെന്ന് അവകാശപ്പെടുന്നുണ്ട്. 1196ലെ ഒരു ലിഖിതം പറയുന്നുഃ-ബല്ലലൻ കുതിരപ്പുറത്തിരുന്ന് തന്നോട് ഏറ്റുമുട്ടിയ സൈന്യത്തെ തുരത്തി യോടിച്ചു. തന്റെ അഭിമാനിയായ ആനയെ വേദനിപ്പി ച്ച് അലറിച്ച അദ്ദേഹത്തോട് മാലവരാജാവ് ജഗദ്ദേ വൻ പോലും കേമം അശ്വാരൂഢനായ യോദ്ധാവേ എന്ന് വിളിച്ചുപറഞ്ഞു. ഞാൻ വെറുമൊരു അശ്വാരൂഢനല്ല, വീരവല്ലലനാണ് എന്ന് പറഞ്ഞ് അദ്ദേഹം ലോകത്തെ അത്ഭുതപ്പെടുത്തി.1159ലെ ശ്രാവണബലഗോളലിഖിതം യമനെപ്പോലെ ശക്തനായ വിഷ്ണു(വ ർദ്ധനൻ) ചക്രവർത്തി (വിക്രമാദിത്യ 6) അയച്ച മാളവ രാജാവ് ജഗദ്ദേവനേയും സൈന്യത്തേയും സാഗരത്തെ കുടിച്ചുവറ്റിച്ച പോലെ ഇല്ലാതാക്കി. 1117ലെ ലിഖിത ത്തിൽ, ദ്വാരാസമുദ്രത്തിൽ വിഷ്ണുവും ബല്ലലനും ജഗദ്ദേവന്റെ സൈന്യത്തെ തോൽപ്പിച്ച് ഭണ്ഡാരം എടു ക്കുകയും , അദ്ദേഹത്തിന്റെ കണ്ഠാഭരണത്തിലെ പതക്കം കൊണ്ടുപോകയും ചെയ്തു എന്നാണ്. 1192 ഖഡാക് ലിഖിതം 1190ൽ ജഗദ്ദേവൻ തന്റെ സഹോദ രന്റെ സിംഹാസനത്തിലിരിക്കുന്നതിനു മുമ്പാണ് വിഷ്ണുവർദ്ധനൻ അദ്ദേഹത്തെ തോൽപ്പിച്ചതെന്ന് പറയന്നു. 1164ലെ ഒരു ലിഖിതം മൂന്നു സഹോദരന്മാ രും (വീരബല്ല, വിഷ്ണു, ഉദയാദിത്യ) കൂടി ദ്വാരാസമുദ്രത്തിൽ ജഗദ്ദേവനെ പരാജയപ്പെടുത്തി എന്ന് പറയുന്നു. ജൈനാട് ലിഖിതം ആദ്യം ഉദയാദിത്യന്റെയുംപിന്നീട് ജഗദ്ദേവന്റെയും മന്ത്രിയായിരുന്ന ലോലാർക്കന്റെ പത്നി

നിംബാദിത്യക്ഷേത്രം പണിത തായി പറയുന്നു. ദൊങ്കർദാമ ലിഖിതത്തിൽ ,ആ ഗ്രാ മം ജഗദ്ദേവൻ ശ്രീനിവാസനെന്ന ബ്രാഹ്മണന് കൊടുത്ത തായും അദ്ദേഹം അവിടെ ക്ഷേത്രം പണിതതായും പറയുന്നു. ഇതനുസരിച്ച് ഉദയാദിത്യന് ജഗദ്ദേവൻ ജനിക്കുന്നതിനു മുമ്പേ നിരവധി മക്കളുണ്ട്. ജഗദ്ദേവൻ രാജ്യലക്ഷ്മിയെ ജ്യേഷ്ഠനുവേണ്ടി ത്യജിക്കയാണ് ചെയ്തത്. (ലക്ഷ്മണദേവ രണധവള 1086-94 എഡി). ഗുജറാത്തിലെ ജയവർമ്മനും , മറ്റൊരു സഹോദരനാ യ നരവർമ്മനും 1094ൽ സിംഹാസനാരൂഢരായപ്പോ ൾ, ജഗദ്ദേവൻ മാളവം വിട്ട് ഗുജറാത്തിലേക്കും പിന്നെ കുന്തളത്തിലേക്കും പോയി. വിക്രമാദിത്യനും ജഗദ്ദേ വനും തമ്മിലുള്ള സ്നേഹവിശ്വാസങ്ങളെ ഈ ലിഖി തം സൂചിപ്പിക്കുന്നു. നീ എന്റെ പുത്രന്മാരിൽ ജ്യേഷ്ഠ നാണ്, വലംകൈയാണ്, എന്റെ രാജ്യത്തിന്റെ പ്രഭുവാ ണ്, സർവ്വദിക്കിലും വിജയിയാണ്, നീ ഞാൻ തന്നെയാ ണ് എന്നാണ് കുന്തളരാജാവ് ജഗദ്ദേവനോട് പറഞ്ഞത്.

മറ്റു രാജാക്കന്മാരുടെ രേഖകളിലും ജഗദ്ദേവനെ പറയു ന്നുണ്ട്. ഹോയ്സല രേഖകളിൽ അദ്ദേഹവും കാകതീ യരും തമ്മിലുണ്ടായ യുദ്ധം പറയുന്നു. രുദ്രദേവ 1 ന്റെ ഹനുമക്കൊണ്ട ലിഖിതത്തിൽ ദൈവതുല്യനായ ജഗദ്ദേ വൻ തന്റെ മാണ്ഡലികന്മാരോടു കൂടി പ്രോല 2ന്റെ തലസ്ഥാനമായ ഹനുമക്കൊണ്ടയെ ഉപരോധിച്ചതാ യും, അവസാനം അതിൽ നിന്ന് പിന്മാറിയതായും പറയുന്നു. മറ്റൊരു കാകതീയലിഖിതവും ജഗദ്ദേവന്റെ പേരു

പറയുന്നുണ്ട്. 1214ലെ ഒരു ലിഖിതം, (ഗണപവരം) ഹെമ്മാടി (പെർമ്മാടി വിക്രമാദിത്യ 6) അയച്ച ബാലസരസ്വതി എന്ന യോദ്ധാവിനെ തന്റെ സൈന്യാധി പനും മന്ത്രിയുമാക്കിയത് പറയുന്നു. ബാലസരസ്വതി യുടെ മകൻ ദേവപാലനെ ജഗദ്ദേവനാണ് വളർത്തി യത്. ജഗദ്ദേവന്റെ മരണശേഷം , അവന് ജഗദ്ദേവനോടു ള്ള സ്നേഹവിശ്വാസം കണ്ട, കാകതീയ പ്രോല 2 ആ കുട്ടിയെ വളർത്തുന്ന ചുമതല എടുത്തു. അതായത് 1151ൽ പ്രോല 2വിന്റെ മരണത്തിനു മുമ്പ് ജഗദ്ദേവൻ മരിച്ചിട്ടുണ്ട്.ശത്രുക്കളായ കാകതീയരാജാക്കന്മാർക്കു പോലും ഈ പരമാരരാജകുമാരനെ ബഹുമാനമാ യിരുന്നു എന്ന് അവരുടെ ലിഖിതങ്ങൾ സാക്ഷ്യപ്പെടു ത്തുന്നു.

കരിംനഗറിലെ വെമുലവാഡലിഖിതം (1108 എഡി ഏപ്രിൽ 26)പരമാരകുലതിലകമായ സമധിഗതപഞ്ച മഹാശബ്ദമഹാമണ്ഡലേശ്വര ജഗദ്ദേവൻ ലേമുലവാഡ യിൽ ഇരിക്കുമ്പോളെന്നാണ് എഴുതിയിരിക്കുന്നത് പരമാര എന്നതിന് പോലവാക എന്നും. ആന്ധ്രാപ്രദേ ശിലെ കരീംനഗർ വരെ ജഗദ്ദേവന്റെ ഭരണം ഉണ്ടായി രുന്നു എന്ന് ഇത് തെളിവായി പണ്ഡിതന്മാർ സമ്മതി ക്കുന്നു.

കോലനുപാകലിഖിതം അബുപർവ്വതത്തേയും വസി ഷ്ഠമുനിയേയും പരമാരരാജാവിന്റെ ജനനത്തേയും എല്ലാം പറയുന്നു. പിന്നെ ധാരയിലെ രാജാവ് മുഞ്ചൻ അദ്ദേഹത്തിന്റെ സഹോദരൻ സഹോദരപുത്രനും കവീശ്വരനും സാഹിത്യവൈദുഷ്യത്താൽ പ്രസിദ്ധനു മായ ഭോജൻ ഇവരെ പരാമർശിക്കുന്നു. ഉദയാദിത്യ

ന്റെ മുൻഗാമിയായ പൂർവ്വീകരിലൊരാളാണ് ഗൊന്ദാ ലൻ. ഉദയാദിത്യന്റെ മകൻ ജഗദ്ദേവന്റെ പ്രഭു ചാലൂക്യ വിക്രമാദിത്യ ത്രിഭുവനമല്ലനേയും പറയുന്നു. മഹിഷ പുരം പാലിക്കുന്ന മഹിഷപുരപാലനായ സോമലന്റെ പുത്രൻ സാദിഗൻ , മകൻ സിംഹവർമ്മനെന്നിവർ ജഗദ്ദേവന്റെ സാമന്തരാണ്. മഹാമാത്യമഹാസന്ധിവി ഗ്രഹനും മഹാപ്രപഞ്ചദണ്ഡനായകനുമാണ്. കൊല്ലി പാക്കപുരം (കോലാനുപാക) ജഗദ്ദേവനാരായണപുരം പണിത് അതിനുള്ള നിത്യനിദാനച്ചെലവെല്ലാം സോമല നാണ് കൊടുത്തത്. അവിടെയാണ് സോമലന്റെ രാജ്യാ ധിഷ്ഠാനം. ചാലൂക്യവിക്രമവർഷം 29ൽ, താരണസം വത്സരം, ചിത്രാപൌർണ്ണമി ഞായറാഴ്ച ചന്ദ്രഗ്രഹണ ത്തിനാണ് ലിഖിതം. (13 മാർച്ച് 1104) സർവ്വമാന്യ ദേവ ഭോഗമായി വിക്രമാദിത്യനും ജഗദ്ദേവനും പുണ്യത്തി നാണ് ഭൂമി ദാനം.

കോലാനുപക്കലിഖിതത്തിന്റെ പ്രാധാന്യം

1. നൽഗൊണ്ട വരെ ജഗദ്ദേവൻ ഭരിച്ചിരുന്നു
2. ജഗദ്ദേവന്റെ പേരുള്ള ആദ്യലിഖിതം (1104) ഹോയ്സാലലിഖിതം 1108ലാണ്.
3. പരമാര ഉദയാദിത്യന്റെ സിംഹാസനാരോഹണം, ഭോജനുമായ ബന്ധം ഇവക്ക് തെളിവ്. ഭോജനെ ബന്ധു എന്നും ഭ്രാതാ എന്നും പല ലിഖിതങ്ങളിൽ പറയുന്നു. ഉദയ്പൂർ ലിഖിതം (1505 എഡി) ഉദ യാദിത്യനെ ഗോണ്ടാലയുടെ പേരക്കുട്ടി, ഗ്യാതയു ടെ മകനെന്ന് പറയുന്നു. ഗോണ്ടാല പരമാരകുടും ബത്തിലെ സുരവീരയുടെ മകനാണ്. കോലാനുപ ക്ക ലിഖിതത്തിലും

ഉദയാദിത്യനെ ഗോണ്ടാലയു ടെ പിൻഗാമിയായി പറയുന്നു. ഈ ലിഖിതം ഉദ യാദിത്യന്റെ മകന്റെ കാലത്താണ്. പരമാരകുടും ബത്തിന്റെ ഒരു ശാഖയാണ് ഉദയാദിത്യശാഖ.

സൈദാപൂർ ജൈനലിഖിതം

ജഗദേകമല്ല 1 ശകം 956

നൽഗോണ്ടജില്ല ബോംഗിർ താലൂക്ക് സൈദാപൂ ർഗ്രാമത്തിനു നടുവിൽ നാട്ടിയ സ്തംഭത്തിന്റെ മൂന്നുവശത്തായി കാണുന്നു.11ആം നൂറ്റാണ്ടിലെ തെലുഗുകന്നഡലിപി. കന്നഡഭാഷ. മൂന്നാം വശത്ത് സംസ്കൃതം. ഇത് ഉപജാതി, വസന്തതിലകം, ശാർദ്ദൂ ലവിക്രീഡിതം എന്നീ വൃത്തങ്ങളിൽ രാജവൈദ്യനായ അഗ്ഗലയ്യയുടെ പ്രശസ്തിയാണ്.

ശകം 956 ഭാവസംവത്സരം ജ്യേഷ്ഠപൌർണ്ണമി, ചന്ദ്രഗ്രഹണം (1034 എഡി ജൂൺ 4) . ചാലൂക്യ ജഗദേക മല്ല 1 (ജയസിംഹ 2) വിന്റെ പ്രശസ്തിയോടെ തുടങ്ങു ന്നു. തെങ്കനമ്പാടി, ജുവ്വിപാകപാടി ഗ്രാമങ്ങളും നിത്യ ച്ചെലവിനും പുനരുദ്ധാരണത്തിനുമുള്ള പണവും (ദ്രമ്മം) ബലിയ മുച്ചനപ്പള്ളി ബുദ്ധസേനജിനാലയത്തി നും ഇക്കുറുക്കിയിലെ വൈദ്യരത്നാകരജിനാലയ ത്തിനും , നരവൈദ്യരത്നാകരനായ അഗ്ഗലയ്യയും, മുച്ചനപ്പള്ളി ഗാവുണ്ടനായ പ്രാണാചാര്യനും ദാനം ചെയ്തു. ജുവ്വിപാക്കബസതിയിലെ ജാക്കബ്ബേയ, രാക്കബേയ ബസതികളുടെ നിത്യസേവനത്തി നുള്ള ദാനത്തിന്റെ ഭാഗമാണിത്. അക്കാലത്തെ ആയുർവ്വേദ ത്തിൽ സർജ്ജറി പ്രധാനമായിരുന്നു എന്ന്

തെളിയിക്കു ന്ന ലിഖിതമാണിത്. ആയുർവ്വേദശാസ്ത്രത്തിലും ശസ്ത്രചികിത്സയിലും വിദഗ്ധനായ അഗ്ഗലയ്യ മറ്റാരും ചികിത്സിച്ച് മാറാത്ത രോഗവും മാറ്റിയിരുന്നു. അശക്യവ്യാധേപി പരൈ ഭിഷഗ്ഭിർ വ്യാധിപ്രഭേദേ തദുപക്രമേച്ച താം അഗ്ഗലാര്യാം പുനരൂഹാദക്ഷാം കഥയതി ചിത്രം. ഈ കഴിവു കണ്ട് രാജാവ് അഗ്ഗളംഗേ ഗഗ്ഗളം എന്ന് പുകഴ്ത്തി. 11ആം നൂറ്റാണ്ടിലെ മറ്റു ചില ലിഖിതങ്ങളിൽ മറ്റു ശാസ്ത്രവിഷയങ്ങളിൽ പ്രഗ ത്ഭരായ ജൈനമുനിമാരെ പറയുന്നുണ്ട്. ആയുർവ്വേദാ ചാര്യന്മാരെ പറയുന്നില്ല.

മരോളിലെ ലിഖിതം (ശകം 1024) ജൈനനായ അനന്ത വീരമുനി രചിച്ച ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ വ്യാകര ണം നിഖണ്ഡു ഗണിതം വാത്സ്യായനം ജ്യോതിഷം, ശകുനം ഛന്ദസ്സ് ,മനുധർമ്മം, ഗാന്ധർവ്വം അലങ്കാരം മഹാകാവ്യനാടകം അദ്ധ്യാത്മികം അർത്ഥശാസ്ത്രം സിദ്ധാന്തം പുരാണം ഇവയുണ്ട് . ആയുർവ്വേദം ഇല്ല. 11ആം നൂറ്റാണ്ടിലെ സുദിലിഖിതം സോമേശ്വരപണ്ഡിതനെന്ന ശൈവഗുരു വൈശേഷിക, സാംഖ്യ, ന്യായ, ശബ്ദജ്ഞാന, മീമാംസാപണ്ഡിതനാണ്. മുൽഗുണ്ട് ലിഖി തം (11ആം നൂറ്റാണ്ട്) നരേന്ദ്രസേനനും ശിഷ്യനായ ന്യായസേനനും വൈയ്യാകരണന്മാരാണ്, ചാന്ദ്രം, കാത ന്ത്രം , ജൈനേന്ദ്രതന്ത്രം, ശാക്തായനന്റെ ശബ്ദാനുശാസന നം, പാണിനീയം, ഐന്ദ്രം , കൌമാരം ഇവയിൽ പണ്ഡിതരാണെനന്ന് പറയുന്നു. ആയുർവ്വേദം ഇല്ല. അഗ്ഗലായനന്റെ നാടോ, മാതാപിതാക്കളോ പൂർവ്വിക ദേശമോ പറയാത്തത് നിർഭാഗ്യകരമായി. ജഗദേകമല്ല

ന്റെ ചാലൂക്യദേശത്തെ ആദ്യജിനശാസനമാണ് ഇത്. ജയസിംഹ 2 അഗ്ഗലായനനെ മഹാസാമ്ന്തനെന്ന പ്രതിപത്തി കൊടുത്ത് മുച്ചനപ്പള്ളി ഗ്രാമത്തിന്റെ ഗാമുണ്ടനുമാക്കി. പൊട്ടലക്കേരേ, കല്ലിപ്പാക്കേ 7000, ആലേരു 40, ഇക്കുറിക്കി, മുച്ചനപ്പള്ളി, ജുവ്വിപാക്കേ വാഡി, തെങ്കനമഡ്ഡി ഇവയാണ് പറയപ്പെട്ട ഗ്രാമനാമ ങ്ങൾ. ഹൈദരബാദിന് 25 കിമീ പടിഞ്ഞാറ് പടഞ്ചേരു വാണ് പൊട്ടലക്കേരേ. ജയസിംഹ 2 ജഗദേകമല്ലന്റെ തലസ്ഥാനം അതായിരുന്നു. കൊല്ലിപ്പാക്കം 7000ത്തി ന്റെ ഭരണതലസ്ഥാനം കൊല്ലിപ്പാക്കം ഇപ്പോഴത്തെ നൽഗൊണ്ട ജില്ലയിലെ കുൽപ്പാക്ക്. ഇവിടെനിന്ന് വലുതും ചെറുതും വിവിധരാജവംശങ്ങളുടേതുമായി നിരവധി ജൈനരേഖകൾ കിട്ടിയിട്ടുണ്ട്. ഇപ്പോഴും ഇത് ജൈനരുടെ തീർത്ഥയാത്രാകേന്ദ്രമാണ്. കൊല്ലിപ്പാ ക്കം 000ത്തിൽ പെട്ട ആലേരു 40ന്റെ തലസ്ഥാനം ആലേരു ഇപ്പോഴും അതേ പേരിലുണ്ട്. വൈദ്യരത്ന ജിനാലയമുള്ള ഇക്കുറുക്കി ഗ്രാമം നൽഗൊണ്ടജില്ല ബംഗീർ താലൂക്കിലെ മോടക്കോടൂർ സർക്കിളിലെ ഇക്കുറിക്കിയാണ്.

ത്രൈലോക്യമല്ലന്റെ നരസിംഹപുരം ലിഖിതം.

ചതുരത്തിലുള്ള കരിങ്കൽത്തൂണിന്റെ നാലുവശവും എഴുതിയ ലിഖിതം തൂണോടുകൂടി ലോവർ മനേരു റിസർവ്വോയറിൽ മുങ്ങിപ്പോയി. പതിപ്പ് മാത്രമേ ഇപ്പോളുള്ളു. കന്നഡലിപി . കന്നഡഭാഷാഗദ്യവും സംസ്കൃതപദ്യവും

(സ്രഗ്ധര) .116 വരി. ശകം 974 നന്ദനസംവത്സരം പൌഷ്യശുക്ലപ്രഥമ ബൃഹസ്പതി വാരം ഉത്തരായനസംക്രാന്തി. (1052 എഡി, ഡിസംബർ 24)പടിഞ്ഞാറൻ ചാലൂക്യ ആഹവമല്ല സോമേശ്വര 1ന്റെ കാലം. (എഡി 1042-1068)

ചാമരാജ, രേവരാജന്മാരുടെ അദ്ധ്യക്ഷതയിൽ മഹാജ നം ദാനം ചെയ്യുന്നു. അറങ്കനൂർ, വച്ചനൂർ, സൂവിപാ കം എന്ന് 3 സ്ഥാനങ്ങളിലെ ജനമാണ് സാക്ഷി. 40 സ്വർണ്ണഗഡ്യാനം, മാർപ്പുഗൊണ്ടഗ്രാമത്തിലെ പെരിക എന്ന നികുതി ഒഴിവ്, 100 റാട്ടനയോടു കൂടി ഒരു പുന്നസ നീർത്തടവയൽ, നന്ദവനമായി 2 മാത്ര തോട്ടം, ചാമരാജൻ ദാനം ചെയ്യുന്ന സബ്ബി 1000ൽപെട്ട ആതു ക്കൂരുവിലെ സുവിപാകഗ്രാമത്തിനു വടക്കേ കിസു ക്കാടിലെ 15 മാത്ര, ഒരു മഹാജനം, സൂവുപാകഅഗ്ര ഹാരത്തിലെ പ്രഭുവും ഭാര്യ ശ്രീ മാരകബ്ബേയും, അവരാൽ നിർമ്മിക്കപ്പെട്ടതും സംരക്ഷിക്കപ്പെടുന്നതും സോമേശ്വരത്രൈലോക്യമല്ലനാമത്തിലുള്ളതു മായ ത്രൈലോക്യനാരായണക്ഷേത്രത്തിനാണ് ദാനം ചെയ്തി രിക്കുന്നത്. ലിഖിതം രചിച്ചത് നാരായണനും എഴുതി യത് പത്മനാഭയ്യനുമാണ്.

കാഞ്ചിയിലെ ചോളരോടും മാൾവയിലെ പരമാരഭോ ജനോടും സോമേശ്വരൻ 1 ത്രൈലോക്യമല്ലൻ ജയിച്ച യുദ്ധങ്ങളെ ലിഖിതം പരാമർശിക്കുന്നു. സോമേശ്വര ന്റെ അമ്മ എന്നു മാത്രം മറ്റു ലിഖിതങ്ങളിൽ പറയുന്ന ജയസിംഹ 2ന്റെ രാജ്ഞിയെ ജാക്കയ്യമഹാദേവി എന്ന് ഈ ലിഖിതം പേരെടുത്ത് പറയുന്നു. ദാനകർത്താവ് ചാമരാജനേയും ഭാര്യ മാരകബ്ബ ഇവരെ

സുവിപാക്ക അഗ്രഹാരപ്രഭുവായി പറയുന്നു. സംസ്കൃതപദ്യങ്ങ ളിൽ ചാമരാജനും ഭാര്യയും നിർമ്മിച്ച ത്രൈലോക്യ നാരായണക്ഷേത്രത്തിന്റെ സൌന്ദര്യവും പറയുന്നു.

ഉത്തരാപഥത്തിലെ ധാരാപതിയായ മാൽവയിലെ പരമാരഭോജനോട് ഉള്ള യുദ്ധത്തിൽ ഭോജൻ തല സ്ഥാനം വിട്ട് ഓടിപ്പോയി. തദ് കുലാംഗനൈയരം പിഡിതു വൈധവ്യദീക്ഷായാം കൊട്ടന്തേ എന്നതിനാൽ ഭോജന്റെ വീരമൃത്യുവും സൂചിതമാണ്. സപ്തമാൾവ മം പ്രളയാഗ്നിസമം (സപ്തമാളവ ദേശവും പ്രളയാഗ്നി പോലെ) സൈന്യം വളഞ്ഞതും പറയുന്നു. സകലവസുമതീതലം സപ്താംഗസമസ്തരാജ്യചിഹ്നങ്ക ളും കൈക്കൊണ്ടു എന്ന് പറയുന്നുണ്ട്,. തൈലപ 2ന്റെ കാലത്ത് ആരംഭിച്ച പരമാര, പടിഞ്ഞാറൻ ചാലൂക്യ സംഘർഷത്തിന്റെ തുടർച്ചയാണ് ഈ യുദ്ധം. ജയസിം ഹ 2, സോമേശ്വര 1 കാലത്തും ഇത് തുടർന്നു. സോമേ ശ്വരന്റെ 2 രേഖകളിൽ (നന്ദേർ, നാഗൈ. എഡി 1047, 1058) ഈ യുദ്ധം പറയുന്നുണ്ട്. നാന്ദേർ ലിഖിതം ഭോജനെ ധാരാനഗരത്തിൽ വെച്ച് തോൽപ്പിച്ചു എന്ന മാത്രം പറയുമ്പോൾ നാഗൈ ലിഖിതം ധാരാനഗരം പിടിച്ചടക്കി എന്നാണ് പറയുന്നത്. അവയേക്കാൾ മുമ്പ് (1052) ഉള്ള ഈ ലിഖിതം ഇതിന്നു ഉപോൽബല കമായ കാര്യങ്ങൾ ചിലത് പറയുന്നു. നാന്ദേർ ലിഖി തത്തിലേത് മുമ്പ് നടന്ന യുദ്ധമാവണം. ഇതിലുള്ളത് ഡിസംബർ 24, 1052ലെ യുദ്ധമാണ്. എഡി 1053ൽ ധാര യിലേക്കുള്ള വഴിയിൽ പന്നാലയിലാണ് സോമേശ്വ രൻ ക്യാംപ് ചെയ്തിരുന്നത്.

അവിടെനിന്ന് മാൾവ യിലേക്ക് പോയി. ഹോയ്സല എരെയംഗൻ,ദണ്ഡനാ യക ഗുണ്ടമയ്യ, ജേമരശ, മഹാസാമന്താധിപതി നാഗ ദേവ, മധുസൂദനൻ, പുലികേഷി ഇവരെല്ലാം അദ്ദേ ഹത്തെ അനുഗമിച്ചിരുന്നു. എഡി 1069ലെ ഹിരൈ ക്കൂർ ലിഖിതം ദണ്ഡനായക ഗുണ്ടമയ്യക്ക് മാൾവധൂമ കേതു, മാണ്ഡനകോട്ടലംഘന, ധാരാനഗരകുടുതല എന്നി ബിരുദങ്ങൾ കൊടുക്കുന്നു. നാഗൈ ലിഖിത ത്തിൽ വാസനകുടുംബത്തിലെ ബാച്ചിരാജയും ഇളയ സഹോദരൻ മധുസൂദനനും മാളവയുദ്ധത്തിൽ പങ്കെ ടുത്തതായി പറയുന്നു. 1067ലെ ഹോട്ടൂർലിഖിതം മഹാമണ്ഡലേശ്വര ജേമരശൻ മാൾവഭോജന്റെ നാശ ത്തിന്റെ തീജ്വാലയായിരുന്നു എന്ന് പറയുന്നു. എഡി 1051 ഡിസംബർ 25ലെ മുട്ടുഗഡൂർ ലിഖിതം ബന്ധനി കേയഘട്ടത്തിൽ ക്യാംപ് ചെയതത് പറയുന്നു. (ഷിമോ ഗയിലെ ബന്ധലിക). പന്നാലയിലുണ്ടായിരുന്ന എഡി 1050നും , 1051നും ഇടക്കാവണം യുദ്ധങ്ങളുണ്ടായത്. എന്നാൽ മുട്ടുഗട്ടൂർ ലിഖിതത്തിലെ ഖരസംവത്സരം 1050ലാണ് 1051ലല്ല.

ചാലൂക്യരേഖകളിലൊന്നും സോമേശ്വരൻ ഭോജനെ വധിച്ചതായി കാണുന്നില്ല. 1052-53ന് ഇടക്ക് കാലചൂരി കർണ്ണനും ചാലൂക്യ ഭീമ 1 ഉം കൂടി നടത്തിയ സംയു ക്തയുദ്ധത്തിലാണ് ഭോജൻ മരിക്കുന്നത്. പരമാര, ചാലൂക്യരേഖകളിലില്ലാത്ത ഇത് വിശ്വാസയോഗ്യമല്ല. സോമേശ്വരൻ ഭോജന്റെ സ്ത്രീകളെ വിധവകളാക്കു മെന്ന് പ്രതിജ്ഞ ചെയ്തിരുന്നു എന്നതിന് അദ്ദേഹം ഭോജനെ

വധിച്ചു എന്ന അർത്ഥം കൊടുക്കാനാവില്ല. ഭോജന്റെ പിൻഗാമി ജയസിംഹന്റെ ആദ്യലിഖിതം 1056ലാണ്. എഡി 1076ലെ ഹോട്ടൂർലിഖിതം ഭോജൻ 1051-52ൽ മരിച്ചിട്ടില്ലെന്ന് കാണിക്കുന്നു. (മഹാമണ്ഡ ലേശ്വര ജേമരശൻ മാൾവഭോജന്റെ നാശത്തിന്റെ തീജ്വാലയായി രുന്നു)

സോമേശ്വരന്റെ രണ്ടാം യുദ്ധം കാഞ്ചി ചോളന്മാർക്ക് എതിരെയാണ്. ചോളചാലൂക്യരാജവംശങ്ങളുടെ യുദ്ധമാണതും. 1018-1054 വരെ ഭരിച്ച രാജാധിരാ ജനാണ് സോമേശ്വരന്റെ എതിരി. മാള്വ യുദ്ധത്തിൽ ഏർപ്പെട്ട സോമേശ്വരന് സന്ദേശം ലഭിച്ചു ചോളൻ ആക്രമിച്ചു എന്ന് അദ്ദേഹം കുപിതനായി. കാഞ്ചിയെ ഭസ്മമാക്കി, ഐശ്വര്യം കവർന്നു. ചോളന്റെ അമ്മ യേയും പെങ്ങളേയും തടവുകാരാക്കി. അവരുടെ ചെവിയും മൂക്കും മുറിച്ചു. കനകാചലം കീഴടക്കി. സോമേശ്വരന്റെ 2 ലിഖിതങ്ങളിൽ ചോളയുദ്ധം എഡി 1047ലും 1050ലുമാണ്. അവയിൽ സോമേശ്വരൻ ചോളരെയും ലാട,ദ്രാവിഡ,നേപ്പാള,പാഞ്ചാല, ആന്ധ്ര, മഗധ, കൊങ്കണ,മാൾവപ്രദേശങ്ങളെയുമാണ് ജയി ക്കുന്നത്. നാഗൈ ലിഖിതം കാഞ്ചിയിലെ പല്ലവരെ സോമേശ്വരൻ ജയിച്ച് ആ നഗരം തീയിട്ടു എന്ന് പറയുന്നു. ഈ ലിഖിതം യുദ്ധാവസാനം എഴുതിച്ച താവണം. രാജാധിരാജൻ കല്യാണപുരത്തിലെ രത്തമണ്ഡലം ആക്രമിച്ച് വീരാഭിഷേകം ചെയ്ത് വിജയരാജേന്ദ്രനെന്ന് സ്വയം വിളിച്ചത് സോമേശ്വരൻ മാൾവയുദ്ധം ചെയ്യുമ്പോളാണ്. അതിൽ കല്യാണത്തി ലെ ദ്വാരപാലകരെ

ദാരാസുരത്തിലേക്ക് കൊണ്ടുവരി കയാണ് രാജാധിരാജൻ ചെയ്തത്. പകരമാണ് സോമേശ്വരൻ കാഞ്ചി കൊള്ളയടിച്ച് ചോളരെ സമുദ്രത്തി നക്കരെക്ക് ഓടിച്ച് കനകാചലം കീഴടക്കിയത്. ബിൽഹ ണൻ സോമേശ്വരൻ ചോളന്റെ ലക്ഷ്മിയെ അഭിനന്ദിച്ച് അവളെ കാഞ്ചി പിടിച്ചുവലിച്ച് സ്വന്തമാക്കി എന്ന് ആലങ്കാരികമായി ഇതിനെ പറഞ്ഞു.ഇതിൽ സിന്ധ വാടി ഭരിക്കുന്ന തെലുഗുചോഡരാജാവ് ചിദ്ദനചോള മഹാരാജാ സോമേശ്വരനെ സഹായിച്ചിരുന്നു. ബെട്ട 1ന്റെ മകൻ കാകതീയ പ്രോല ഇതിൽ വഹിച്ച പങ്കിന് പ്രതിഫലമായി ഹനുമക്കൊണ്ട സോമേശ്വരൻ അദ്ദേ ഹത്തിനു കൊടുത്തു. പ്രോല 1ന്റെ മകൻ ബെട്ട 2 പരമാര, ചോളന്മാരുടെ ആനകൾക്ക് സിംഹമായിരു ന്നു എന്ന വാക്ക് കാകതീയരുടെ പങ്ക് വിശദമാക്കുന്നു. മാൾവ യുദ്ധത്തിനു ശേഷവും കൊപ്പം യുദ്ധത്തിനു മുമ്പുമായി, എഡി 1054 ജയസംവത്സരത്തിലാണ് രാജാധിരാജന്റെ അവസാനലിഖിതം.

സോമേശ്വരന്റെ അമ്മഃ-ജയസിംഹ 2ന്റെ ബിരുദങ്ങളിൽ തഞ്ചാവൂര കഞ്ജകുഞ്ജരം, സപ്തമാളവധൂമകേതു, പരചക്രകേസരി പരമേശ്വര ബന്ദേകാശാവതാരം കലിയുഗദല്ലി ഇവ കാണാം. ജയസിംഹ 2ആമന് രാജ്ഞി ജാക്കയ്യേ മഹാദേവിയിലാണ് സോമേശ്വരൻ ജനിച്ചത്. ശ്രീമദ് ജയസിംഹദേവാംഗം ജക്കയ്യേ മഹാദേവീ പുട്ടി തനഗേ. ജയസിംഹന്റെ 2 പത്നിമാർ ചോളകുമാരി സുഗ്ഗലാദേവിയും നോലംബരാജകു മാരി ദേവലദേവിയുമാണ്. ജക്കവ്വേ എന്ന പേരുള്ള 2 രാജ്ഞിമാർ, 1. ബമ്മടരത്തനെന്ന രാഷ്ട്രകൂടരാജാവി ന്റെ

മകളും തൈലപ 2ന്റെ ഭാര്യയും ഇരവബേടംഗ സത്യാശ്രയന്റെ അമ്മയുമായ ജക്കവ്വേ 2. വേമുലവാഡ ചാലൂക്യകുടുംബത്തിലെ നരസിംഹ 2വിന്റെ രാജ്ഞി. ഇവർ ഇന്ദ്ര 3ന്റെ സഹോദരിയും അരികേസരി 2ന്റെ അമ്മയും പമ്പാകവിയുടെ രക്ഷിതാവുമായിരുന്നു.

മൂന്നാമതൊരു ജക്കയ്യേ കാണുന്നത് ഈ ലിഖിതത്തി ലാണ്. സോമേശ്വരന്റെ അമ്മ. തെലുഗു ബസവപുരാ ണത്തിൽ ജയസിംഹ 2ന്റെ പത്നി സുഗ്ഗലാദേവി ശൈ വഭക്തയായിരുന്നുവെന്നും പുത്രന് ശിവനാമമായ സോമേശ്വരനെന്ന് പേരിട്ടു എന്നും കാണാം. ജയ സിംഹന്റെ ബല്ലിഗേ റെക്കോഡിൽ (1022-23) അദ്ദേഹ ത്തിന് മറ്റു 2 രാജ്ഞിമാരും കൂടിയുണ്ടെന്ന് കാണുന്നു. നൽഗൊണ്ടയിലെ ബോംഗൂർ താലൂക്കിൽ സൈദാപുര ത്തുനിന്നുള്ള ജഗദേകമല്ല 1 ലിഖിതം(1034)ജക്കബ്ബേയ ബസതിയെ പറയുന്നു. ബല്ലിഗേ റെക്കോഡിലെ ജക്ക ബ്ബേ മഹാദേവിയുടെ പേരിലാണ് ഈ ബസതി. സുഗ്ഗലാദേവിയാണ് അമ്മ എന്നത് സാഹിത്യപരമായ റഫറൻസാണ്. ജക്കബ്ബെമഹാദേവി എന്നത് ലിഖിത ത്തിലെ റഫറൻസും . ഇവർ രണ്ടുപേരും ഒരാളാണോ എന്ന് തീർച്ചയായിട്ടില്ല.

സൂവിപാകഅഗ്രഹാരത്തിലെ ചാമരാജൻഃ- സമസ്തഗുണനിലയ വിനയനിധാമ നന്നി കാനീനം സുജനനാരായണ, വിദ്യാവിനോദ എന്നാണ് മഹാജന മായ ചാമരാജന്റെ വിശേഷണങ്ങൾ. ചാമരാജന്റെ പതിവ്രതാകാന്താഭരണമായ ഭാര്യ ശ്രീ മാരകബ്ബേ ദ്വിതീയലക്ഷ്മിയെപ്പോലെ ,

തങ്ങളുടെ പ്രഭുവായ ആഹവമല്ലന്റെ നാമത്തിൽ നിർമ്മിച്ച ത്രൈലോക്യനാരായണക്ഷേത്രത്തിന് നിരവധി ദാനം നൽകി. കീർത്തി നാരായണക്ഷേത്രത്തിന്റെ ഭംഗി, ഗാംഭീര്യം, ഗരുഡ സ്തംഭം, സിംഹവ്യാളചിഹ്നം ഇവയെ പ്രകീർത്തിക്കു ന്ന 5 സംസ്കൃതശ്ലോകങ്ങളോടെയാണ് ലിഖിതം അവസാനിക്കുന്നത്.

സ്ഥലനാമങ്ങൾഃ-

സൂവിപാക്കം കൊല്ലിപാക്കവിഷയത്തിലാണ്. പാക്കം എന്ന പേരുള്ള നിരവധി സ്ഥലങ്ങൾ ഇപ്പോഴും കരിംന ഗറിലുണ്ട്. (ഇത് തമിഴ്നാട്ടിലും കാണാമെന്ന് ഓർക്കു ക) ഉദാ കുതിരപ്പാക്കം, മാർപ്പാക്കം, രായിപ്പാക്കം, രേപ്പാക്കം, പട്ടിപ്പാക്കം, ജൂപാക്കം. കരിംനഗർജില്ല യിലെ ഹുസൂർബാഗം താലൂക്കിലെ ജൂപാക്ക് ആണ് പഴയ സുവിപാക്കം. എഡി 1034ലെ നൽഗൊണ്ട ജില്ല ബോംഗിർ താലൂക്കിലെ സൈദാപുരം ലിഖിതത്തിൽ ജൂവിപാക്കപ്പെടി എന്നും , എഡി 1050ലെ കോലാനുപാ ക്കലിഖിതം സൂവിപാക്കമെന്നും ഇതിനെ പറയുന്നു.

ആതുക്കൂറു 70 എഡി 966ൽ രേപാക്ക ലിഖിതത്തിലു ണ്ട്, ഈ ലിഖിതം വെമുലവാഡ ചാലൂക്യരാജാവ് അരികേസരി 2ന്റെ കാലത്താണ്. ആതുക്കൂറു 70, പമ്മി 12 ഇവിടങ്ങളിലെ ജൈനശിഷ്യന്മാരുടെ ദാനമാണ് വിഷയം.. കരിംനഗറിലെ മെത്പ്പള്ളിതാലൂക്കിലെ അത്മക്കൂറെന്ന ഗ്രാമത്തെ പറയുന്നു. ഇതാണോ ആതുക്കൂറു 70 എന്ന് നിശ്ചയിക്കപ്പെട്ടിട്ടില്ല.

അരംഗലൂരു. ഇപ്പോഴത്തെ അരുഗുലൂരു. കരിംനഗർ ജില്ല കരിംനഗർ താലൂക്ക് ,കരിംനഗറിൽനിന്ന് 5 കിമീ മാറി ഹൈദരാബാദ് റോഡിലാണ്.

വച്ചനൂരു ഇപ്പോഴത്തെ വർച്ചനൂരാണ്.കരിംനഗർ ജില്ല നുസ്തുലപൂർ താലൂക്ക് .ഇപ്പോൾ ഇത് ലോവർ മാനേർ റിസർവോയറിൽ മുങ്ങിക്കിടക്കയാണ്.

സബ്ബി 1000. അകാലവർഷ കൃഷ്ണ 3ന്റെ കാലത്ത് രാഷ്ട്രകൂട ഭരണരേഖകളിൽ ആദ്യമായി പ്രത്യക്ഷപ്പെട ടുന്നതാണ് സബ്ബി 1000. സബ്ബിയിലെ രേപാക്ക 12ലെ ഉള്ള വെങ്കടപ്പുലു ഗ്രാമം അരികേസരി ദാനം ചെയ്തു. എഡി 966 വ്യയസംവത്സരം വൈശാഖശുക്ലപഞ്ചദശി യിലാണ് ലിഖിതം. പിന്നീട് സബ്ബി പ്രത്യക്ഷപ്പെടുന്നത് കന്നഡകവി പമ്പന്റെ സഹോദരൻ ജിനവല്ലഭന്റെ കുർക്ക്യാല ലിഖിതത്തിലാണ്.

സപ്തമാളവം ഇപ്പോഴത്തെ മദ്ധ്യമാളവസമതലം ആണ്. ഇതിൽ രാജ്ഘട്, ഉജ്ജയിനി ,ഷജപൂർ, ദേവാ സ്, ഇൻഡോർ, ധർ ജില്ലകളാണ് പെടുന്നത്.

ശിലാരേഖമേൽ ക്ഷേത്രത്തിന്റെ രേഖീയ ചിത്രം

കുർണ്ണൂൽ ജില്ല കുർണ്ണൂർ താലൂക്കിലെ പുസുലൂരു ഗ്രാമത്തിൽ ഹംദ്രി നദീതീരത്തെ രാമലിംഗേശ്വരക്ഷേ ത്രത്തിലെ മിനുക്കിയ കറുത്ത ബാസാൾട്ട് സ്ലാബിലാണ് ഇത്.

സംസ്കൃതവും കന്നഡയും ചേർന്ന ദ്വിഭാഷയാണ്. ലിപി തെലുഗുകന്നഡ. അപൂർണ്ണലിഖിതമാണ്. നെലവീഡു കന്ധനവോല ഭരിക്കുന്ന ചേരക്കു ബോല യറെഡ്ഡിയുടേതാണ് ഈ ലിഖിതം മഹാമണ്ഡലേശ്വര, സകലസൈന്യാധിപതി ,വീരറാണസിംഹ, ഗാനമിസ രഗന്ധ, നാനാദാനവിനോദ മുതലായ ബിരുദങ്ങളാണ് അദ്ദേഹത്തിന്റെ വിശേഷണങ്ങൾ. ഇതിൽ ഒടയാദിത്യ ദേവനേയും ത്രിപുരാന്തകദേവമഹാരാജനേയും പരാമർശിക്കുന്നുണ്ട്.

വാറങ്കലിലെ കാകതീയസാമ്രാജ്യചരിത്രത്തിൽ പങ്കു വഹിച്ചവരാണ് ചേരക്കു മുഖ്യന്മാർ. ഏരുവദേശത്ത് 12 ഗ്രാമങ്ങൾ കൂടിയതാണ് ചേരക്കു. നൽഗൊണ്ട, പ്രകാശം ജില്ലകളിൽ കൃഷ്ണാനദിക്ക് ഇരുകരകളിലും ആയി ഇത് സ്ഥിതി ചെയ്യുന്നു. ചേരക്കുമുഖ്യന്മാരുടെ ജമ്മുലൂരു എപ്പിഗ്രാഫിൽ , കണ്ടൂരുവിലെ തെലുഗു ചോഡമുഖ്യൻ എറുവ ഭീമൻ ചേരക്കുവിന്റേയും എരുവമണ്ഡലത്തിലെ 12 ഗ്രാമങ്ങളുടേയും പ്രഭുത്വം പൂർവ്വീകനായ കാടന് കൊടുത്തശേഷമാണ് അവരുടെ കുടുംബം ചേരക്കു എന്ന് വിളിക്കപ്പെട്ടത്. പുസുലൂരുലിഖിതം രുദ്രമാതേവി മരിക്കുന്നതിന് ഒരു വർഷത്തിനു മുമ്പാണ്. (എഡി 1288) ബൊല്ലയ്യ റെഡ്ഡി കാകതീയരുമായി സന്ധി അവസാനിപ്പിച്ച് അവരുടെ ശത്രുവായ കായസ്ഥമുഖ്യൻ അംബദേവനോട് ചേർന്നവനാണ്. അംബദേവനോട് തന്റെ വാർദ്ധക്യത്തിലും യുദ്ധം ചെയ്ത രുദ്രമാതേവി തന്റെ സൈന്യാധിപൻ

മല്ലികാർജ്ജുനനായകനുമൊത്ത് വീരമൃത്യു വരിച്ചത് ആ യുദ്ധത്തിലാണ്. ബൊല്ലയറെഡ്്ിയുടെ മകൻ രാജരുദ്രന്റെ ഗോരവങ്കി താമ്രപ്ലേറ്റിൽ, 1293ന് മുമ്പ് ബോല്ലയ്യറെഡ്ഡി മരിച്ചിട്ടുണ്ട്.

ഈ രേഖയുടെ പ്രത്യേകത അതിന്റെ തുടക്കത്തിൽത്ത ന്നെ ക്ഷേത്രത്തിന്റെ രേഖീയചിത്രം ഉണ്ടെന്നതാണ്. ആദിമ, മദ്ധ്യകാലങ്ങളിലെ ആന്ധ്രലിഖിതങ്ങളിൽ ഇത് കാണാറില്ല. അതിനാൽ ഈ എപ്പിഗ്രാഫ് അമൂല്യമാണ്. രേഖാചിത്രം ഒരു ശിവക്ഷേത്രത്തിന്റേതാണ്. ഗർഭഗൃ ഹവും അന്തരാളവുമുണ്ട്. ഉള്ളിൽ മനോഹരമായി ഡിസൈൻ ചെയ്ത ശിവലിംഗം. അതിനെ അഭിമുഖീക രിച്ച് അന്തരാളത്തിന്റെ നടുവിൽ വാഹനമായ നന്ദി. പൂഞ്ഞയുണ്ട്. ആഭരണ്ങളാൽ അലങ്കരിച്ചിട്ടുണ്ട്. ഗർഭഗൃഹത്തിനു മുകളിലെ വിമാനം സ്റ്റെപ്പ് പിരമിഡ് പോലെയാണ്. നാലുനിലയുള്ള അതിന് പരന്ന വൃത്താ കാരമായ വേദിയും കലശവും. വിമാനത്തിനിരുവ ശവും ലിഖിതവും സൂര്യനും ചന്ദ്രക്കലയും. ഗർഭ ഗൃഹത്തിന് ഇടത്തുവശം പശുവും കുട്ടിയും. നിൽക്കു ന്ന പശു വലത്തോട്ട് നോക്കുന്നു. പശുവിന് മുന്നിൽ ഗർഭഗൃഹത്തിനു പിന്നിലായി ഒരു വാൾ ഉണ്ട്. ഋജുവായ പിടിയും വളഞ്ഞ അലകുമാണ്. 13ആം നൂറ്റാണ്ടിന്റെ ആദ്യത്തിലെ ലിഖിതമാണ്.

10ആം നൂറ്റാണ്ടു മുതൽ 14ആം നൂറ്റാണ്ടുവരെ ആന്ധ്ര ഭരിച്ചത് കാകതീയരാണ്. അവർ പണിത ക്ഷേത്രങ്ങൾ ആന്ധ്ര മുഴുവനും കാണാം. സൌന്ദര്യവും ഗാംഭീര്യ വും

വർദ്ധിപ്പിക്കുന്ന സമുന്നതങ്ങളായ ശിഖരങ്ങൾ പണിയുന്നതിൽ കാകതീയശിൽപ്പികൾ ജാഗരൂകരായി രുന്നു. സ്റ്റെപ്പ്ഡ് പിരമിഡ് ശൈലിയിലുള്ള ഈ രേഖാ ചിത്രത്തിലെ വിമാനത്തിനു സദൃശമായ നിരവധി കാകതീയക്ഷേത്രങ്ങളുണ്ട്. ശ്രീശൈലത്തെ മല്ലികാർജ്ജു നസ്വാമിക്ഷേത്രം, പാനുഗലിലെ ഛായാസോമേശ്വര ക്ഷേത്രം, വാറങ്കൽ കോട്ടയിലെ ജംഗമേശ്വരക്ഷേത്രവും വിഷ്ണുക്ഷേത്രവും, നഗുനൂർ കുന്നിൻചോട്ടിലെ ക്ഷേത്രം, കൊണ്ടിപർത്തിയിലും വിലാസാഗറിലുമു ള്ള ത്രികൂടാലയങ്ങൾ, പാലെംപേട്ട്, രാമകൃഷ്ണപു രം,ചന്ദ്രവല്ലി ക്ഷേത്രങ്ങൾ ഇവയെല്ലാം ഇതുപോലെ യാണ് പണിതിരിക്കുന്നത്.

ഇവയിൽനിന്നെല്ലാം വ്യത്യസ്തമായ ശൈലിയാണ് രേഖാചിത്രത്തിലുള്ളത്.

കാകതീയപ്രതാപരുദ്രകാലത്തെ കണ്ടു ക്കൂരു എപ്പിഗ്രാഫ്.

നൽഗൊണ്ട ജില്ല ദേവർകൊണ്ട താലൂക്ക് കണ്ടുക്കുരു ഗ്രാമത്തിലെ പഴയ ശിവക്ഷേത്രത്തിനടുത്ത് കിടക്കുന്ന കൽത്തൂണിന്റെ മൂന്നുവശവും ലിഖിതം. തെലുഗു ലിപി തെലുഗു ഗദ്യം ആദ്യശ്ലോകം മാത്രം സംസ്കൃത പദ്യം. രേഫത്തിനു ശേഷം വരുന്ന വ്യഞ്ജനം ഇരട്ടി ച്ചിട്ടുണ്ട്. വിസർഗ്ഗം രണ്ട് ബിന്ദുക്കളാണ്. ചിന്നം എന്ന തിനു പകരം ചിഹ്നം എന്നാണ്. സ്വയംഭൂദേവന്റെ പാദഭക്തനായ അനുമക്കൊണ്ടപ്രഭു കാകതീയപ്രതാപ രുദ്രമഹാരാജാ ഒരുഗല്ലു

(മൊദലിപട്ടണം)തലസ്ഥാന മാക്കി ഭരിക്കുന്നു. ശകം 1238 അനലസംവത്സരം ജ്യേ ഷ്ഠമാസം ശുക്ലപ്രഥമക്ക് വ്യാഴാഴ്ച്ച. അഷ്ടാദശപ്രജ കൾ (18 ഗ്രാമത്തിലെ ജനത) കണ്ടുക്കുരു ഗ്രാമത്തിലെ കരണക്കാർ, എന്നിവർ രാജാവിന്റെ അനുമതിയോടെ തങ്ങളുടെ പന്നു (നികുതികൾ) അംഗരംഗഭോഗമായി കണ്ടുക്കുരുവിലെ രാമനാഥേശ്വരന് സമ്മാനിച്ചു. ഇവ,

1. കണ്ടുക്കുരുഗ്രാമക്കുളത്തിനു പിന്നിലെ നീർത്തട വയലിന് ഓരോ മരുതൂരുവിനും ഓരോ ചിന്നം. ഇത് സ്ഥാനമാന്യം ഉൾപ്പെടെയാണ്.
2. ദേവബ്രഹ്മവൃത്തി ഓരോ മരുതൂരിനും ഓരോ ചിന്നം
3. ഓരോ മഗ്ഗക്കും (തറി) ഓരോ ചിന്നം
4. ഓരോ മാലമഗ്ഗക്കും ഓരോ അഡ്ഡുഗു
5. ഓരോ ദാംതു(ആട്ടിൻകൂട്ടം)വിനും ഒരു ചിന്നം. ഇത് ആട്ടിടയർക്കാണ്.
6. ഓരോ ബന്ധുവിനും (യോദ്ധാവ്) അവരുടെ ശമ്പളത്തിൽനിന്ന് (ജീതം) ഒരു ചിന്നം
7. കോമട്ടികൾക്ക് (കച്ചവടക്കാർ) ഒരു വീടിന് ഒരു ചിന്നം
8. എണ്ണമില്ലുള്ളവർ ഓരോ എണ്ണമില്ലിനും ഓരോ ചിന്നം. ക്ഷേത്രത്തിന്റെ എണ്ണമില്ലിന് (ദേവഗാനുഗ) നികുതി ഇളവ് കൊടുക്കുന്നു
9. അലക്കുകാർക്ക് ഓരോ വീടിന് 2 ചിന്നവും അഡ്ഡു കയും.
10. കമ്മാരഓജസ്സുകൾക്ക് ഒരു വീടിന് 2 ചിന്നം
11. വഡ്ഡഗഓജസ്സുകൾക്ക് (ശില മുറിക്കുന്നവർ) ഓരോ വീടിന് 2 ചിന്നം

12. മംഗലോജസ്സുകൾക്ക് (ബാർബർ) ഒരു വീടിന് 2 ചിന്നം
13. കുശവന്മാർക്ക് ഒരു ചക്രത്തിന് 1 ചിന്നം
14. കൃഷിക്ക് ജലം തേവി എടുക്കുന്നവർക്ക് (ജലസേചനപദ്ധതി ഉപയോഗിക്കുന്നവർ) നീരുവി ധിയായി ഓരോ വീട്ടിന് 2 ചിന്നം 1 അഡ്ഡുഗ
15. മാഡിഗർക്ക് (ചെരിപ്പുകുത്തി) ഓരോ വീടി നും 2 ചിന്നം 1 അഡ്ഡുഗ
16. ഈഡകർക്ക് (കള്ള് എടുക്കുന്നവർ)ഓരോ വീട്ടിനും 2 ചിന്നം 1 അഡ്ഡുക
17. ഒരു പെനമു ഉപ്പിന് ഒരു ചിന്നം (ഉപ്പുപണ്ണ യാവണം ഉപ്പുപെനമു)
18. വ്യവഹാരികളുടെ വിൽപ്പനക്ക് തൂർണുനാ യത്തിന് 1 മാടു 3 അഡ്ഡ
19. അഡ്ഡവട്ടചുങ്കം കൊണ്ട് 2 മാട
20. തൂമുനായംവാണി കൊണ്ട് 1 മട, 3 അഡ്ഡ
21. ചോപ്പണിക്ക് 2 ചിന്നം അഡ്ഡുക
22. രുദ്രസമുദ്രതടാകത്തിനു പിന്നിലുള്ള വർഷം 2 പൂവലിന് തേവുന്ന വയലിന് ഒരു മരുതൂരുവിന് 1 വൃത്തി. ഇത് ഒരു ഭൂമിയാണ്. 24ൽ പറയുന്ന 1 തൂമു വിളവിന്റെ ഒരു ഭാഗം അളവും.
23. അരിവരവിന് ഒരു മാടക്ക് 1 വീശം വീതം
24. വരണ്ട നിലത്തിനുള്ള രാജാവിന്റെ ഭാഗത്തിന് ഒരു തൂമു (ഇത് പണമായി വേണ്ട വിളവായി)
25. അഗശാലികൾ(തട്ടാൻ) ഒരു കുമ്പടിക്ക് (ഫർണസ്) 1 ചിന്നം.

പിന്നെ 6 സംസ്കൃതപദ്യം . വീരരുദ്രനൃപതി, രാമേശ്വ രദേവൻ(ക്ഷേത്രത്തിലെ) ഇവരെ സ്തുതിക്കുന്നു. ഈ നികുതിയെല്ലാം ക്ഷേത്രത്തിലെ ദേവനുള്ള നിത്യച്ചെല വിനാണ്. എഡി 1289-1323 വരെ വീരരുദ്ര(പ്രതാപരു ദ്ര)നാണ് കാകതീയരാജാവ്. 1316 മേയ് 23നാണ് ലിഖി തം. അഷ്ടദശപ്രജകളും നികുതി പിരിക്കുന്ന കരണത്താ രും ചേർന്നാണ് പ്രാദേശികക്ഷേത്രത്തിന്റെ ദൈനന്ദിന നടത്തിപ്പിനായി ഇത്രയും ദേവന് കൊടുക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നത്. രാജാവും ഒരു ഭാഗം കൊടുക്കു ന്നുണ്ട്. ഇതിന് രാജാവ് (സ്വാമി) അനുമതി കൊടുക്കു ന്നതേ ഉള്ളു എന്നത് അന്നത്തെ ഭരണരീതിയിലേക്ക് വെളിച്ചം വീശുന്നു. ക്ഷേത്രം ഒരു പബ്ലിക്ക് സ്ഥാപന മാണ്. അതിന് പ്രജകൾ മനസ്സറിഞ്ഞ് കൊടുക്കുന്ന നികുതിയാണ് അതിനെ നിലനിർത്തുന്നത്. പഞ്ചായ ത്തിരാജ് സിസ്റ്റം ആണ് അന്നും പ്രാവർത്തികമാക്കിയി രുന്നത്.

22, 24 ഇവ ഒഴികെ മറ്റെല്ലാം (ചിന്നമു, അഡ്ഡുഗു, മാട, വീശം) നാണ്യങ്ങളാണ്. ഇതിൽ ഏറ്റവും വലിയ മാടയെ നിഷ്കം എന്നും ഗഡ്യാണം എന്നും പറയുന്നു. 10 രൂക വെള്ളിനാണ്യം 1 ഗഡ്യാണം അഥവാ മാട സ്വർണ്ണനാണ്യമാണ്. രൂകയുടെ പതിനാറിലൊന്നാണ് വീശം. കാകതീയകാലത്ത് 4 കുന്നിക്കുരുത്തൂക്കം (ഗുഞ്ജം) വരുന്ന ചെറിയ സ്വർണ്ണനാണ്യമാണ് ചിന്നം. 10 ഗുഞ്ജം ഒരു ഗഡ്യാണമാണ്. ചിലപ്പോൾ 12 ചിന്നം 1 ഗഡ്യാണമായി ഉപയോഗിക്കുന്നു. (തൂക്കം 48 രതി അഥവാ ഗുഞ്ജം)

മരുത്തൂരു തെലുഗ് കന്നഡ ഭാഷയിൽ ഉപയോഗിക്കു ന്ന ഭൂമിഅളവാണ്. സംസ്കൃതത്തിൽ നിവർത്തനം. ഇത് നീര്ത്തടവയലിനെ മാത്രം അളക്കുന്നതാണ്. സ്ഥാനമാന്യം ദേവാലയങ്ങൾക്ക് ഉള്ളതാണ്. അതിന് കരം ഒഴിവുണ്ട്. ദേവവൃത്തി, ബ്രഹ്മവൃത്തി ഇവ ദേവാലയത്തിനും ബ്രാഹ്മണനും വിദ്യാഭ്യാസത്തിനും പൂജാദികൾക്കും അനുവദിക്കുന്നതാണ്. മാലമഗ്ഗ കമ്പിളിത്തുണി നെയ്യുന്ന തറിയാണ്. ഗൊല്ലഅഥവാ ഇടയരുടെ ശാഖയായ കുറുമരാണ് ഇത് ചെയ്തിരു ന്നത്. ദാംതു ഒരു ഗ്രൂപ്പ് എന്നതിനുള്ള തെലുഗുപദ മാണ്. (ഒരു ഗ്രൂപ്പ് അഥവാ മാണ്ടു ആട്). പ്രൊഫഷൻ ടാക്സ് 2 ചിന്നമാണ്. കാരുക്കളുടെ ഒരു വീടിനാണ് ആളെണ്ണിയല്ല നികുതി. ഇത് അവരുടെ കൂട്ടുകുടുംബ വ്യവസ്ഥയെ സഹായിച്ചു. കുശവന്മാർക്ക് ഒരു ചക്രത്തിനാണ് നികുതി. ചേർവ്വ നീരു വിഡ്ഡല എന്നത് തടാകങ്ങളെ സംരക്ഷിക്കയും ആവശ്യമുള്ളപ്പോൾ ജലം തുറന്നുവിട്ട് കൊടുക്കയും ചെയ്യുന്നവരുടെ പേരാണ്. ഇവർക്ക് ദശവന്ധമാന്യം എന്ന ഭൂമി വിട്ടുകൊടുക്കും. അല്ലെങ്കിൽ ഭൂമിയിൽനിന്ന് ലഭി ക്കുന്ന വിളവിന്റെ ഒരു ഭാഗം.

പരാന്തകചോളന്റെ ബെസവാഡ ശിലാ ലിഖിതം

പരാന്തകചോളന്റെ 5ആം ഭരണവർഷം പെർമാനടി കളുടെ 46ആം വർഷം ആണ് ലിഖിതം. കുലോത്തുംഗ 1നും രാഡേന്ദ്രചോഡിക്കും ജനിച്ച പുത്രനാണ് പരാന്തകചോളൻ. കുലോത്തുംഗ 1നു കീഴില്

ദീർഘകാലം ആന്ധ്രനാട് ഭരിച്ചു(ആദ്യത്തെ ചാലൂക്യചോളരാ ജാവ്). ദ്രാക്കാരാമത്തിലും ഭീമാവരത്തും ഇവിടേ യുമാണ് പരാന്തകന്റെ സിലാലിഖിതം കാണുന്നത്. കൃഷ്ണജില്ലയിലെ ബെസവാഡയിൽ ഇന്ദ്രകീലപ ർവ്വതത്തിനു താഴെ ജീർണ്ണിച്ച കനകദുർഗ്ഗമണ്ഡപ ത്തിലെ തൂണിലാണ് ലിഖിതം. 33 വരിയുണ്ട്. 12ആം നൂറ്റാണ്ടിലെ തെലുഗുകന്നഡ ലിപി. ഭാഷ തെലുഗു ഗദ്യവും പദ്യവും. കന്ത, വൃത്ത, ഗീത ഇവയാണ് ഉപയോഗിച്ച വൃത്തങ്ങൾ. ഇതിൽ ദാനമൊന്നും പറയുന്നില്ല. മറ്റൊരു രീതിയിലാണ് ഇതിന്ന് മൂല്യം. തെലുഗുപല്ലവികകുടുംബത്തിലെ മാണ്ഡലികമുഖ്യന്മാ ർക്ക് റാഡ്ഢികം ബിരുദം നൽകുന്നു. ശ്രീപരാന്തകദേവ ന്റെ കിഴക്കൻ ചാലൂക്യബിരുദങ്ങളായ ശ്രീസർവ്വലോ കാശ്രയ ശ്രീവിഷ്ണുവർദ്ധന മഹാരാജുലു ത്രിഭുവ നചക്രവർത്തിൻ എന്ന നാമത്തിലാണ് ലിഖിതാരംഭം. പരാന്തകന്റെ 5ആം ഭരണവർഷം ശകം 1037 മന്മഥം. മാണ്ഡലികമുഖ്യൻ ബെട്ടക്കുശേഷം ബൊദ്ദണ്ണൻ ബെസ വാഡ റാഡ്ഢിക്കം രാജേന്ദ്രചോഡദേവന്റെ മകനിൽനിന്ന് സ്വീകരിച്ചു. തെലുഗുപല്ലവരുടെ നീണ്ട പ്രശസ്തിയു ണ്ട്. സകലപരമവംശോത്ഭവ ഭാരദ്വാജഗോത്ര ഖട്വാം ഗധ്വജ വൃഷഭലാഞ്ഛന കാഞ്ചീപുരവര ,പല്ലവകുല തിലക പാദാംബുജസേവിത അന്നുവകാമകുല സാഹസാർജ്ജുന സംഗ്രാമരാമ ചാലൂക്യാനംകാകാര പരമണ്ഡലശൂരകാര ഇവയാണ് ബിരുദങ്ങൾ. ബൊദ്ദന ന്റെ ഇളയ സഹോദരൻ മഹാമാണ്ഡലികഭീമൻ വീര

ത്തിൽ മാന്ധാതാവിനും യയാതിക്കും സമനാണ്.

ലിഖിതത്തിന്റെ രണ്ടാംഭാഗം ശകം 1046 ദേവരദിവ്യ സഹസ്രസവർഷംബുലു 46 ഗു സ്രാഹി (എഡി 1124) രാജാധിരാജ രാജപരമേശ്വര പരമഭട്ടാരക രവികുല തിലക സത്യാശ്രയ വംശ്യ ചാലൂക്യാഭരണ ശ്രീത്രിഭു വനചക്രവർത്തിൻ , മഹാമാണ്ഡലികഭീമന്റെ വീരം കണ്ട് സന്തുഷ്ടനായി ബെസവാഡറാഡ്ഡിക്കം അദ്ദേഹ ത്തിന് കൊടുത്തു. അവസാനഭാഗത്ത് രാസോദധി വായുപഥേന്ദു (ശകം 1046 എഡി 1124) എന്ന് കാണാം. ത്രിഭുവനചക്രവർത്തി, രാജസർവ്വജ്ഞ എന്നീ ബിരു ദങ്ങൾ ഈ ലിഖിതത്തിനു ശേഷമാണ് പരാന്തകചോ ളൻ സ്വീകരിച്ചത്. . മറ്റ് വെങ്കി വൈസ്രോയിമാർക്ക് ഇത്തരം ബിരുദമില്ലാത്തതിനാലും അവർക്ക് സ്വന്തമ ഭരണവർഷത്തിൽ ലിഖിതമില്ലാത്തതിനാലും ചാലൂക്യ ചോളസിംഹാസനത്തിന് പരാന്തകചോളനാണ് അവ കാശി എന്ന് മനസ്സിലാക്കാം. റാഡിക്കം ബിരുദം നൽകി യ ചോളൻ രാജേന്ദ്രചോള 2 വിന്റെ (1052-64) പുത്രനാ യ രാജമഹേന്ദ്രനാണ് (1060-63) എന്ന് ഡോ യശോദാ ദേവി. എന്നാല് കുലോത്തുംഗ 1ന് രാജേന്ദ്രചോളനെന്ന നാമം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ പരാന്തക ചോളൻ വെങ്കി വൈസ്രോയിയായിരുന്ന 1115 എഡി, 1124 എഡിയിലെയാണ് രേഖകൾ. മാത്രമല്ല ജനനാഥപു രത്ത് നിന്ന് ഭരിക്കുന്ന പരാന്തകനാണ് രാജസർവ്വജ്ഞ ബിരുദം, യശോദാദേവി പറയുന്നപോലെ വിക്രമചോ ളനല്ല.

ആയിരത്തിു ശേഷം 46 ശകവർഷം (1046)കുലോത്തും ഗ 1ന്റെ ഭരണവർഷമെന്ന് യശോദാദേവി. ഗവർമ്മെന്റ് എപ്പിഗ്രാഫിസ്റ്റ് ഇത് വിക്രമാദിത്യ 6 എന്ന് സത്യാശ്രയ വംശനാമം നോക്കി പറയുന്നു. എന്നാൽ പെർമാനടി ദേവൻ ചാലൂക്യരാജാവ് (എഡി 1118-1135) വിക്രമ ചോളനാണെന്ന് ഒരു പക്ഷം. 1118 മുതൽ 1126 വരെ ആന്ധ്രയിൽ അദ്ദേഹത്തിന്റെ രേഖകളുണ്ട്. അക്കാല ത്തെ ശിലാരേഖകളെല്ലാം ചാലൂക്യവിക്രമവർഷത്തി ലെയാണ്. വിക്രമചോളകാലത്ത് ആന്ധ്രയുടെ ചില ഭാഗങ്ങൾ കല്യാണിലെ ചാലൂക്യരാണ് ഭരിച്ചിരുന്നത്. സത്യാശ്രയ, രവികുലതിലക മുതലായവ കിഴക്കൻ ചാലൂക്യവംശജനും ചാലൂക്യചോളസാമ്രാജ്യത്തിലെ ഭരണാധികാരിയും ആയ വിക്രമചോളനാണ് (കുലോ ത്തുംഗ 1ന്റെ പുത്രൻ) ചേരുക. വിക്രമാദിത്യ 6 തന്നെ രവികുലതിലകനെന്ന് ഒരിക്കലും വിശേഷിപ്പിച്ചിട്ടില്ല. പെർമാനടിദേവനെന്നത് വിക്രമചോളനെ ബഹുമാന പൂർവ്വം വിളിച്ചതാവാമെന്ന് ഈ പക്ഷക്കാർ വിചാരി ക്കുന്നു. മല്ലപ്പദേവന്റെ പിത്താപുരം സ്തംഭലിഖിത ത്തിൽ (എഡി 1202)വിക്രമചോളനെ ത്യാഗസമുദ്രമെ ന്നാണ് വിളിക്കുന്നത്. യെനമലക്കുഡൂരു (കൃഷ്ണ ജില്ല) ശിലാലിഖിതം പല്ലവരുടെ വംശാവലി തരുന്നു. മൂന്ന് മണ്ഡലികമുഖ്യന്മാരുടെ നാമമാണ് തരുന്നത്. ബെട്ട, ബൊദ്ദണ്ണ, ഇളയ സഹോദരൻ ഭീമ. എഡി 1115ൽ പിതൃസഹോദരനായ ബെട്ട(കെട്ട) മരിച്ചപ്പോളാണ് ബെസവാഡ മഹാമണ്ഡലത്തിലെ റഡ്ഡികം ബൊഡ്ഡണ്ണന് പരാന്തകദേവൻ സമ്മാനിച്ചത്. പിന്നീട് ഇത്

ഭീമന് പെർമാനടികൾ സമ്മാനിച്ചു. (എഡി 1124) കുലോ ത്തുംഗ 1ന്റെ ഭരണാവസാനകാലത്തും വിക്രമചോള ന്റെ ഭരണാരംഭത്തിലുമുള്ള രാഷ്ട്രീയസംഭവങ്ങളാണ് ഈ രേഖയിൽനിന്ന് ഗ്രഹിക്കാനാവുക. ആന്ധ്രയിൽ വിക്രമചോളന്റെ ആദ്യത്തെ രേഖയാണിത്. എഡി 1124ൽ കല്യാണചാലൂക്യരിൽനിന്ന് ആന്ധ്രയെ നേടിയ ശേഷമാണിത്. അഛൻ കുലോത്തുംഗ 1ന്റെ വൈസ്രോ യിയായി പരാന്തകൻ ആന്ധ്രദേശത്ത് ഭരിച്ചതിന്റെ തെളിവുമാണ്. പരാന്തകന്റെ ഭരണവർഷം മാത്രമാണ് ഈ രേഖയിലുള്ളത്.

പിത്തഗഡ്ഡയിൽനിന്ന് 2 ലിഖിതം

വിശാഖപട്ടണം ജില്ല ചോഡാവരം താലൂക്ക് പിത്തഗ ഡ്ഡ ഗ്രാമം. ഭീമേശ്വരം ക്ഷേത്രത്തിനടുത്ത് ഖനനം ചെയ്യു ന്നവർക്ക് തൂണിൽ കൊത്തിയ ലിഖിതം കിട്ടി. 11-12 നൂറ്റാണ്ടിലെ തെലുഗുകന്നഡ ലിപി. ആദ്യത്തെ മംഗള ശ്ലോകം സംസ്കൃതം. ബാക്കി തെലുഗു ഗദ്യം.ആദ്യലി ഖിതം ശകം 1003 ഉത്തരായനസംക്രാന്തി (എഡി 1081 ഡിസംബർ 24 വെള്ളി. രണ്ടാമത്തേത് ഗന്ധരാജപുത്രൻ ഗന്ധപ്പരാജന്റെ നാലാം ഭരണവർഷം . ആദ്യത്തേതിൽ അങ്ങാടിയിലെ ചന്തസ്ഥലത്ത് കണ്ടേശ്വരദേവന് 2 വിളക്ക് തെളിയിക്കാനുള്ള പണം മേദവ അങ്ങാടി മാവേനസെട്ടിയുടെ മകൻ ഭീമിസെട്ടി കണ്ടരാജന്റെ പുണ്യത്തിനായി സമ്മാനിച്ചു. ബീമിസെട്ടിയുടെ കീഴിലുള്ള നഗരത്താരുടെ കംമ്പുവിലാണ് ഈ തുക സംരക്ഷിക്കേണ്ടത്. ചന്തസ്ഥലത്തെ അങ്ങാടിയിൽനിന്ന് കിട്ടുന്ന

അർത്ഥമാണ് യഥാർത്ഥസമ്മാനം. നെയ്യ് കൊടുക്കാനാണ് ചോഡന്നവ്രോലു ഗ്രാമത്തിലെ പോലമു (ഭൂമി) കൊടുത്തത്. നിയമം തെറ്റിച്ചാൽ കഴുതയായി 12 ജന്മം പന്നിയായി 60 ജന്മം നായയായി 300 ജന്മം കഴുകനായി 1 കോടി ജന്മം ജനിക്കണം. രണ്ടാം ലിഖി തത്തിൽ വേറെയും ശിക്ഷയുണ്ട്. വാരാണസി, ഗയ, വിരജ മുതലായ സ്ഥലം അശുദ്ധമാക്കിയ പാപവും പശുഹത്യാപാപവും മൂത്ത മകന്റെ തലയോട്ടിൽ ഭക്ഷണം കഴിച്ച പാപവും കിട്ടും. ലിപികന്മാർ കണ്ണമാചാര്യയും ബെട്ടനാചാര്യയും. മത്സ്യമുഖ്യന്മാ രുടെ ഏറ്റവും പഴയ ലിഖിതങ്ങളാണിവ. ദ്രാക്ഷാരാ മം (1252 എഡി) അർജ്ജുനന്റെ ദിബ്ബിഡ ഗ്രാന്റ് (1269 എഡി) ഇവയേക്കാൾ മുമ്പാണ്. ദിബ്ബിഡ ഗ്രാന്റിൽ അർജ്ജുനന് ബിരുദങ്ങളില്ല. കശ്യപഗോത്രമെന്നും നാരംഗമഹർഷിവംശജനെന്നും മാത്രമേ ഉള്ളു ദ്രാക്ഷാരാമ, ഈ ലിഖിതങ്ങൾ എന്നിവയിൽ സാമ്യ മുള്ള ബിരുദങ്ങളുണ്ട്. മന്ധാസിതനാഥ, തിമിരപര ഘോഷണ, പല്ലവത്രിനേത്ര, ശരണാഗതവജ്രപഞ്ജര, സമസ്തരാജാശ്രയ, സത്യമാർത്താണ്ഡ, കലികാലധ ർമ്മരണരംഗരാഘവ ശ്രീമന്മഹാമാണ്ഡലിക ശ്രീമന്മ ഹാമണ്ഡലേശ്വര . എന്തുകൊണ്ടാണ് ദിബ്ബിഡ ഗ്രാന്റിൽ ഇവ കാണാത്തതെന്ന് വ്യക്തമല്ല. കണ്ഡ്യരാജന് പല്ലവ ത്രിനേത്ര എന്ന ത്രിലോചനപല്ലവനാമം ഉണ്ടെന്നത് ശ്രദ്ധേയമാണ്. രണ്ടാം ലിഖിതത്തിലെ ഗണ്ഡപരാജനും ഈ നാമം ഉണ്ട്. കൊണ്ടവീടു റെഡ്ഡിമാരും ഈ നാമം ഉപയോഗിക്കുന്നുണ്ട്. പല തെലുഗുരാജകുടുംബങ്ങ ൾക്കും

ത്രിലോചനപല്ലവ, ത്രിനയനപല്ലവ, പല്ലവ ത്രിനേത്ര മുതലായ ബിരുദമുണ്ട്. 11ആം നൂറ്റാണ്ട് മുതൽ ഇത് കാണുന്നു. മത്സ്യമുഖ്യരും തെലുഗു പല്ല വരും ഒരേ കുടുംബമായിരുന്നു എന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. എന്നാൽ അർജ്ജുനന്റെ വംശാവലി തരുന്ന ദിബ്ബിഡ ഗ്രാന്റ് എന്തുകൊണ്ട് ആ ചരിത്രം പറ യുന്നില്ല. പിത്തപുരം ചാലൂക്യശാഖയിൽ മല്ലപ്പനെന്ന് 3 രാജാക്കന്മാരുണ്ട്. മല്ലപത്രിനേത്രനെന്നാണ് ചിലർ വായിക്കുന്നത്. (പല്ലവത്രിനേത്രനെന്നല്ല) മല്ലപന്റെ പിത്താപുരം സ്തംഭലിഖിതപ്രകാരം (മല്ലപ 3) സിംഹാസനസ്ഥനായത് 1202 എഡിയിലാണ് . മല്ലപ 3യുടെ പിതാവ് വിജയാദിത്യ3 യാണ്. 11ആം നൂറ്റാണ്ട് കാലം.

ദിബ്ബിഡ ഗ്രാന്റിലെ 20 പൂർവ്വീകരുടെ ലിസ്റ്റിൽ ആദ്യലി ഖിതത്തിലെ കണ്ട്യരാജനും രണ്ടാം ലിഖിതത്തിലെ ഗന്ധരാജനും ഗന്ധപരാജനും ഉണ്ട്. കുലദേവനായ കണ്ടേശ്വരനാമം പ്രാധാന്യമുള്ളതാണ്.

മത്സ്യവംശത്തിലെ വംശാവലി

1. ഭീമന്റെ ഇളയ അനുജൻ ഗംഗൻ
2. വല്ലഭൻ
3. യുദ്ധമല്ലൻ
4. ഗോനഘ
5. ഭീമൻ
6. രേവണൻ
7. കോക്കിലൻ
8. ഗുഡ്ഡ
9. ആദിത്യ
10. കണ്ടി 1
11. കണ്ടിയുടെ 2 മക്കൾ ഭീമ 2 രേവണ 2

12. രേവണ 2 വിന്റെ മക്കൾ ഗോനംഗ2 , ഗുഡ്ഡ2
13. ഗുഡ്ഡ 2വിന്റെ മകൻ കണ്ടി 2
14. പരഗണ്ട
15. മക്കൾ ഗുഡ്ഡ 3, ഭീമ 3
16. ഭീമന്റെ മകൻ നൃസിംഹൻ
17. മാങ്കാദിത്യൻ
18. ഭീമൻ 4 ,ജയന്തൻ 2 മക്കൾ
19. ജയന്തപുത്രൻ അർജ്ജുനൻ.

കണ്ടി 2 മുതൽ അർജ്ജുനൻ വരെ 188 വർഷമുണ്ട്. (7 തലമുറ) ഇവിടത്തെ ലിഖിതത്തിലെ കണ്ട്യരാജൻ കണ്ടി 1 ആണ്. (10 ദിബ്ബിഡ ഗ്രാന്റിലെ) കണ്ടി 2വിന് 4 തലമുറ മുമ്പ്. ഗുഡ്ഡ എന്നപേരിൽ 3 പേരും പരഗന്ധ എന്ന് ഒരാളും ലിസ്റ്റിലുണ്ട്. ഗുഡ്ഡ ഗന്ധയുടെ തദ്ഭവ മെന്ന് വിചാരിക്കുന്ന പക്ഷം ഗന്ധരാജനും ഗന്ധപരാ ജനും , പരഗന്ധനും ഗന്ധ 3യും ആവാം. ഭീമിസെട്ടിലി ഖിതം ഗന്ധ, ഗന്ധപരാജ ഇവർ കണ്ട്യരാജനോട് അതീ വബന്ധം പുലർത്തുന്നവരായി കാണിക്കുന്നു. കണ്ടി 2 വിനെ കണ്ട്യരാജനായി വിചാരിക്കുന്നു. കണ്ടേശ്വര .ക്ഷേത്രത്തിലെ ശിവലിംഗം കണ്ടി 2 പ്രതിഷ്ഠിച്ചതാണ്. ദ്രാക്ഷാരാമത്തിലെ ഭീമേശ്വരക്ഷേത്രത്തിൽ വെച്ച് ഒഡ്ഡാവാഡിയിലെ ചോഡയ്യൻ പരാന്തകനെയല്ലാതെ മറ്റാരേയും രാജാവായി സ്വീകരിക്കില്ലെന്ന് സത്യപ്ര തിജ്ഞ ചെയ്യുന്നുണ്ട്. പരാന്തകകാലത്ത് ഇത്തരം സത്യപ്രതിജ്ഞകൾ നിരവധി ഉണ്ട്. കുലോത്തുംഗ 1 ന്റെ കാലത്ത് വെങ്കി വൈസ്രോയായി പരാന്തകൻ ഭരിച്ച കാലം 1107-1118. എഡി. 1081ൽ കണ്ടി 2 ഭരിച്ചു വെങ്കിൽ,

ചോഡയ്യ അദ്ദേഹത്തിന്റെ പിൻഗാമിയാവ ണം. ദിബ്ബിഡ പ്ലേറ്റിൽ ചോഡയ്യനെന്ന പേരില്ലതാനും .ദ്രാക്,ാരാമലിഖിതം അദ്ദേഹത്തെ മത്സ്യരാജാവായി പറയുന്നുമില്ല.

ആലൂരിലെ ഖേമിദേവലിഖിതം

കുർണൂൽജില്ലയിലെ ആലൂർ കോട്ട സ്ഥലത്ത് സിദ്ധ രാമേശ്വരമഠത്തിനടുത്ത് സാന്റ്സ്റ്റോൺ സ്ലാബിലാണ് ലിഖിതം.. കന്നഡലിപി, 16ആം നൂറ്റാണ്ടിലെ ഭാഷ. ശകം 1449 (എഡി 1527 ഒക്ടോബർ 9.) സർവ്വജിത്ത് സംവത്സരം അശ്വായുജം ശുക്ലപഞ്ചദശി ബുധൻ. ആദവാനിഗ്രാമത്തിലെ 3 മാനം നിലം സിദ്ധദേവന്റെ നിത്യപൂജക്ക് കൊടുക്കുന്നു. ആധവാനിയിലെ ബാവി(ബാലി)ലിംഗമണ്ണ വൊഡയാരു ദായകൻ. കൊടുക്കുന്നത് ശൈവാചാര്യ സിദ്ധഭൈക്ഷാവൃത്തി അയ്യനാവാരുടെ ശിഷ്യനായ ഖേമിദേവന്റെ സേവന ത്തിനാണ്.

ശാന്തയ്യലിംഗന്റെ ശ്രീശൈലം പ്ലേറ്റിൽ ഒരു ഖേമിദേവ പരാമർശം ഉണ്ട്. ഈ ഗ്രാന്റ് നൽകിയ കുമാരലിംഗന്റെ മുതുമുത്തശ്ശനാണ് ഖേമിദേവനെന്ന് പറയുന്നുണ്ട്. അത് ശകം 1428ലും ആലൂരിലേത് 1449ലേതുമാണ്. കുമാരലിംഗയ്യയുടെ മകനും പിൻഗാമിയുമാകാം ഈ രേഖയിലെ (ആലൂർ) ഖേമിദേവനെന്ന് വിചാരിക്കു ന്നു. ശ്രീശൈലത്തെ വീരശൈവമഠത്തിലെ സിദ്ധഭിക്ഷാ വൃത്തി അയ്യനാരുവിന്റെ പാരമ്പര്യആജ്ഞാധികാരി കളു ഖേമിദേവന്റെ

പരമ്പരയാണ്. വേമിദേവപരമ്പര വീരശൈവപരമ്പരയാണ്. ആളൂർപ്ലേറ്റിലെ വേമിദേവ 1, അഛൻ കുമാരലിംഗയ്യ, അദ്ദേഹത്തിന്റെ അഛൻ ശാന്തയ്യലിംഗ, മുതുമുത്തശ്ശൻ വീരയ്യ, മുതുമുത്തശ്ശൻ വേമിദേവ എന്നാണ് പരമ്പര. ഈ കുടുംബം വിജയ നഗരകാലത്തും വീരശൈവമഠത്തിന്റെ ഭരണാധികാരി കളായിരുന്നു.   ആലൂരിലെ സിദ്ധിദേവനെ സിദ്ധരാമേ ശ്വര എന്നാണ് വിളിക്കുന്നത്. ലിഖിതത്തിൽ രാമദേവ നുക്ക് എന്നാണ് പറയുന്നതും.

വെങ്കടപതിരായന്റെ തിരുമലരായ സമുദ്രം ഗ്രാന്റ് (ശകം 1513)

5 പ്ലേറ്റ്. സീലിൽ വരാഹചിഹ്നം. (ലാഞ്ഛന). അക്കാ ലത്തെ നന്ദിനാഗരിലിപി. സൈൻമാന്വൽ ശ്രീവെങ്കടേശ മാത്രം തെലുഗുകന്നഡ ലിപിയാണ്. ഭാഷ സംസ്കൃതം. ബിരുദങ്ങൾ മാത്രം കന്നഡഭാഷയിലാണ്. 51 സംസ്കൃ തശ്ലോകം. 182 വരി. പല വൃത്തങ്ങളിലാണ്. ഓരോ പ്ലേറ്റിനു മുകളിലും തെലുഗു സംഖ്യ ഉണ്ട്. ലിഖിതാരം ഭം ശ്രീവെങ്കടേശ, രാമപാദങ്ങളേയും വിഷ്വക്സേനനേ യും വരാഹത്തേയും ചന്ദ്രനേയും പുകഴ്ത്തിയാണ്. ആദ്യഭാഗത്ത് തന്നെ 5 ശ്ലോകം അറവീടുരാജവംശ ത്തിന്റെ ചന്ദ്രൻ മുതൽ പരീക്ഷിത്ത് വരെയുള്ള വംശാ വലി തരുന്നു. പിന്നെ 6 ശ്ലോകം പരീക്ഷിത്തിനു ശേഷം എട്ടാമത് സിംഹാസനത്തിലിരുന്ന നന്ദൻ, അദ്ദേഹത്തി ൽനിന്ന് 9ആമത് ചാലിക്കൻ ,ചാലിക്കനിൽനിന്ന് ഏഴാ മൻ രാജനരേന്ദ്രൻ, ബിജ്ജലേന്ദ്രൻ, വീരഹെമ്മാലിരാ യൻ, ഏഴാം

ശ്ലോകം താതപിന്നമ്മപുത്രൻ സോമിദേ വൻ ശത്രുക്കളിൽനിന്ന് കോട്ടയും ഒരേ ദിവസം പിടി ച്ചടക്കി എന്ന് പറയുന്നു. അദ്ദേഹത്തിന്റെ മകൻ രാഘവദേവൻ. അറവീടു രാജാവ് പിന്നമയുടെ മകൻ ബുക്കൻ സാളുവനരസിംഹനെ സിംഹാസനത്തിൽ പ്രതിഷ്ഠിച്ചു. ബുക്കന്റെ പത്നി ബാലാംബിക. മകൻ രാമരാജൻ വിഷ്ണുഭക്തനായിരുന്നു. അദ്ദേഹം സപാദനെ തോൽപ്പിച്ച് അവനിഗിരിദുർഗ്ഗം കയ്യിലാ ക്കി. കണ്ടനോലിദുർഗ്ഗത്തിൽവെച്ച് ബന്ധുക്കൾ അദ്ദേ ഹത്തെ വിഷം കൊടുത്ത് കൊല്ലാൻ നോക്കി. വിഷ്ണു കടാക്ഷം കൊണ്ട് രക്ഷപ്പെട്ടു. രാമരാജന്റെ പത്നി ലളിതാംബിക. അവരുടെ മകനായി ശ്രീരംഗരായൻ ജനിച്ചു. അദ്ദേഹത്തിന് തിരുമലാംബികയിൽ , വെങ്കടാദ്രിമലരായൻ വെങ്കടാദ്രി എന്ന് 2 മക്കളു ണ്ടായി. ശ്ലോകം 16, 17 രാമരാജന്റെ യുദ്ധവൈഭവ ത്തിൽ ഒരു സകലകണ്ടകനെ വധിച്ചത് പറയുന്നുണ്ട്. 18, 19 ശ്ലോകം വെങ്കടാദ്രിയുടേയും 20 തിരുമലരാ യന്റേയും പ്രശസ്തിയാണ്. ശ്ലോകം 21 ,22 രംഗരായന്റെ തീർത്ഥയാത്രകളും പുണ്യകർമ്മങ്ങളും പറയുന്നു. ശ്ലേകം 23,24 തിരുമലരായന്റേയും വെങ്കലാംബയു ടേയും പുത്രൻ ശ്രീരംഗം 2, പെനുഗൊണ്ടതലസ്ഥാനമാ ക്കി, ഉദയഗിരിയിലിരുന്നുകൊണ്ട്, ചന്ദ്രഗിരി, കൊണ്ട വീട്, വിനുക്കൊണ്ട എന്നീ കോട്ടകൾ പിടിച്ചത് പറയു ന്നു. ശ്ലോകം 25 രങ്കരായന്റെ പട്ടാഭിഷേകവും പ്രശ സ്തിയും. . ശ്ലോകം 26 ശ്രീരംഗ 2വിന്റെ മരണം.2,28 ശ്രീവെങ്കടാപതി ശ്രീദേവരായന്റെ അഭിഷേകം ഗുരു താതാചാര്യ

നിർവ്വഹിക്കുന്നതും, അദ്ദേഹം യവനരെ (മൊഹമ്മദരെ) തോൽപ്പിച്ചതും. ശ്ലോകം 30 അദ്ദേഹ ത്തിന്റെ രാജ്ഞിമാരെ പറയുന്നു. വെങ്കടാംബ, രാഘവാംബ, പെദ്ദ ഓബമാംബ, കൃഷ്ണമാംബ. മാലിക്ക് ഇബ്രാമുവിന്റെ മകൻ മഹമ്മദസാഹുവിനെ തോൽപ്പിച്ചത് ശ്ലോകം 30ൽ.

ലിഖിതത്തിലെ ദായകനായ വെങ്കടപതിരായന്റെ ബിരുദങ്ങൾ 31-42 ശ്ലോകം. ശകം 1499ലെ അരി വില്ലമംഗലം ഗ്രാന്റിൽ സഹോദരനായ ശ്രീരംഗരായ 2 ടെ ബിരുദങ്ങളും ഇവയാണ്. വെങ്കടപതിരായൻ രാജാവായപ്പോൾ, പന്നഗമണ്ഡലത്തിന്റെ ഭാരം ഒഴി വായി, തന്മൂലം അതിന് വൃഷശൈലരൂപം കൈവന്നു, വെങ്കടാദ്രീശ്വരനായ വെങ്കടാചലപതിയുടെ കാരുണ്യ ത്താൽ ദീർഘകാലം ഭരിക്കാനായി. ജ്ഞാനസമുദ്രമായ അദ്ദേഹം മാത്രമാണ് ചൌരാസിദുർഗ്ഗത്തെ കീഴടക്കി യത്. ശാർങ്ഗധരന്റെ പ്രിയനായ അദ്ദേഹം ശത്രുക്കളെ വിറപ്പിച്ചു. ചണ്ഡിമസാലി, ഗന്ധരഗൂലി, മന്യരഗണ്ഡ ഇവ കീഴടക്കി, മന്യരഗണ്ഡ എന്നപേരും നേടി.

തലസ്ഥാനമായ ആറവീടുപുരം മാലയിലെ പതക്കം പോലെയെന്ന് ലിഖിതം പറയുന്നു. ആജാനബാഹു വായ രാജാവ് ഭൂമിക്ക് വരാഹം പോലെയായിരുന്നു. യുദ്ധത്തിൽ രാമചന്ദ്രനായ അദ്ദേഹം നാനാവർണ്ണശ്രീ മാണ്ഡലികഗന്ധനായിരുന്നു. അത്രിവെശരാജാക്ക ന്മാരിൽ മുമ്പനും, രായരാഹുത്ത വേശ്യൈകഭുജം ഗനും ഒഡ്ഡീയരാജാധീശപട്ടനും ആണ്. കവിളുകൾ ചന്ദ്രസദൃശം.

ഭാഷാഗേതപ്പുവരായരഗണ്ഡനെന്ന് അദ്ദേഹം അറിയപ്പെട്ടു. രാജാധിരാജനെന്നും മൂരു രായരഗണ്ഡ എന്നും അറിയപ്പെട്ടു. സാധുരക്ഷകനും ദുഷ്ടശിക്ഷകനും മറ്റുള്ളവരുടെ ഭാര്യമാരിൽ ഉദാ സീനനും ആയിരുന്നു. കാംബോജ, ഭോജ, കലിംഗ,കര ഹാതരാജാക്കന്മാർ അദ്ദേഹത്തെ തൊഴുകൈയോടെ കാത്തുനിന്നു. കരഹാതരാജാവിന്റെ സിംഹാസനം സ്വന്തം ഭുജബലത്താൽ അപഹരിച്ച അദ്ദേഹം സേതു മുതൽ ഹിമാദ്രി വരെ ഭരിച്ചു. ഗുണഇന്ദുബാണഭൂ (ശകം 1513) ഖരസംവത്സരം ജ്യേഷ്ഠദ്വിതീയവാര ത്തിലാണ് ലിഖിതം. (14. മേയ് 1591 എഡി).

വിജയനഗരത്തിലെ നാലാം രാജവംശമാണ് വെങ്കട പതിരായ 2വിന്റേത്. കാഞ്ചി വേഗവതീതീരത്തു നിന്നാണ് ശാസനം പുറപ്പെടുവിച്ചത്. ഉദയാചല ഗിരിരാജ്യത്തെ പൊണ്ടപിന്തസംസ്ഥാനത്തിലുള്ള ശൃംഗിമല അഥവാ തിരുമലരാജസമുദ്രം സർവ്വമാ ന്യഅഗ്രഹാരമായി, യതിരാജ്യയ്യഗുരുവിന് കൊടു ക്കുന്നതാണ് രേഖ. യതിരാജഗുരു ഭരദ്വാജഗോത്രം യജുശ്ശാഖ തിരുമലാര്യന്റെ പേരക്കുട്ടിയും കൊണ്ട യാര്യന്റെ മകനുമാണ്. കശ്യപഗോത്രത്തിലെ താരാനാഥന്റെ നിർദ്ദേശപ്രകാരം യല്ലമഹീകാന്തപു ത്രൻ മട്ടിലി അനന്തനാണ് ദാനം ചെയ്തത്. വൈ ഷ്ണവാചാര്യ രാമാനുജന്റെ അദ്വൈതരഹസ്യത്തിൽ പണ്ഡിതനാണ് യതിരാജയ്യ. അഗ്രഹാരത്തിനു ചുറ്റും ഓബില്ലി, സിങ്കറെഡ്ഡിപ്പള്ളി, വെർളച്ചേർള, പൊൽദലൂർ എന്നീ ഗ്രാമങ്ങളുണ്ട്.

തിരുമലരായന്റെ വംശാവലി ഈ രേഖയിലും കൊണ്ട്യാത,കല്ലക്കുറിച്ചി, കുനിയൂർ, വിലപാക്കം

ദലവായി അഗ്രഹാരം ഗ്രാന്റുകളിലും ഉണ്ട്. അവസാനം പറഞ്ഞ 2 ഗ്രാന്റിലും ഈ ലിഖിത ത്തിലും തിരുമലരായപുത്രന്മാരായി രംഗ 2, വെങ്കടാചലപതി ഇവരെ മാത്രമാണ് കാണുന്നത്. കൊണ്ട്യായത ഗ്രാന്റിൽ രാമ 3 , രഘുനാഥ ഇവ രും കൂടി ഉണ്ട്. ശകം 1523ലെ വിലാപാക്കം ഗ്രാന്റിൽ വെങ്കടപതിദേവന് 5 ഭാര്യമാരുണ്ട്. കൊണ്ടമാംബ എന്ന രാജ്ഞിയെ ഈ ലിഖിതം പറയുന്നില്ല. അവരെ ശകം 1523ൽ ഈ ലിഖി തത്തിനു ശേഷമാവാം രാജാവ് വിവാഹം കഴിച്ചത്.

യെല്ലപുത്രനായ മത്തിലി അനന്തനെന്ന സാമന്തരാജാവിനെ കഡപ്പജില്ലയിലെ ചില ലിഖിതങ്ങളിലും കാണുന്നുണ്ട്. ശകം 1473 പ്രമോദസംവത്സരം രാജംപേട്ട് താലൂക്ക് പൊണ്ടലൂർ ലിഖിതത്തിൽ സിദ്ധവാടി പൊട്ടാപ്പിനാടിസീമയിലെ സിങ്കമാല ഗ്രാമം വരദരാജപ്പെരുമാളിന് ദാനം ചെയ്യുന്നത്, കോന രാജയ്യചോഡമഹാരാജന്റെ പേരക്കുട്ടിയും യെല്ലമഹാരാജന്റെ മകനുമായ മട്ടിലി തിരുമലയ്യരാജതേവമഹാരാജനാണ്. കടപ്പ ഗുറംപാട് ശകം 1500 ശ്രീരംഗനാഥ 1 ഭരിക്കുമ്പോളത്തെ രേഖയിലും മത്തിലി കോനമാരാജു പേരക്കുട്ടിയും യല്ലമാരാജു പുത്രനുമായ തിരുമലരാജനെ പറയുന്നു. കടപ്പ ജില്ല, രാജംപേട്ട് താലൂക്ക്, ശിരിയവാരത്തുനിന്ന് ശകം 1504 ചിത്രഭാനുസംവത്സരം ശുക്ലആഷാഢ പഞ്ചദശി ,ദശവന്തമാന്യമായി ഉദയഗിരിരാജ്യത്തെ സിദ്ധവാടം സീമയിലെ ജലസ്രോതസ്സ് (കനാൽ) നിർമ്മിക്കുന്നതിന്, മത്തിലി അനന്തരാജ്യദേവചോഡ മഹാരാജനാണ് ദാനം ചെയ്യുന്നത്. ശകം 1527ലെ സിദ്ധാവരം ലിഖിതം എല്ലമാരാജുപുത്ര നായ മാത്തിലി അനന്തനും രംഗമാംബയും കൂടി സിദ്ദവാരം നഗരത്തിനു ചുറ്റും കോട്ട കെട്ടിച്ചതായി പറയുന്നു. കൊണ്ടരാജു തിരുപ്പതിരാജുവിനെ തോൽപ്പിച്ച് അഛൻ പിടിച്ചടക്കിയ സിദ്ധാപുരം

കോട്ടക്കാണ് ഇപ്രകാരം മതിൽ കെട്ടി സംരക്ഷിച്ച ത്. സൂര്യവംശജനായ അനന്തൻ ദേവചോഡകുടുംബമാണ്.

വംശാവലിഃ

1. കോന രാജ്യദേവചോഡ മഹാരാജു
2. യെല്ലമാരാജ പത്നി രംഗമാംബ
3. രണ്ട് മക്കൾ . തിരുമലരാജ്യദേവനും അനന്തനും . അനന്തനാണ് കാകുത്സവിജയം എഴുതിയത്.

സ്ഥലങ്ങൾഃ-

ശൃംഗിമല (സിംഗണമല)

പൊന്താപ്പി (പൊട്ടാപ്പി)

ഓബില്ലി (ഓബിലി)

സിങ്കാരെഡ്ഡിപ്പള്ളി (സിങ്കറെഡ്ഡിപ്പള്ളി)

വെർളച്ചേർള(വെലഗച്ചേർള)

പൊൽഡലൂരു (പൊന്തലൂരു)

ഉദയഗിരി ഇപ്പോഴും അതേനാമം.

സഭാപതിയുടെ പേരക്കുട്ടിയും കാമകോടിയുടെ മകനുമായ കൃഷ്ണകവിയാണ് ലിഖിതം എഴു തിയത്. വീരനമഹാചാര്യപുത്രനായ ഗണപയ്യ ലിഖിതം കൊത്തിവെച്ചു.

ഈ അഗ്രഹാരത്തിലേക്ക് ദാനം ചെയ്തവരുടെ ലിസ്റ്റിൽ 31ആം നാമം നമ്മാൾവാരുടേതാണ്.

ആളൂർലിഖിതത്തിന് ഒരു കുറിപ്പ്

പരിധാവി സംവത്സരം ആശ്വിജം സിദ്ധഭിക്ഷാവൃത്തി അയ്യങ്കാരുവിന്റെ ആജ്ഞാധാരി കേമിദേ

വനി ശാന്തയ്യയെ പരാമർശിക്കുന്ന താഡിപതി ലിഖിതം. താഡിപർത്തി രാമയ്യലിംഗദേവ ക്ഷേത്രത്തിലേക്കാണ് ദാനം. ദേവന്റെ നിത്യനിദാനത്തിനുള്ളതാണ്.ശകം 1449ലെ ലിഖിതം കേമിദേവന്മാരുടെ വംശാവലി തരുന്നു. . ആലൂരു, താഡിപ ർത്തി, ശ്രീശൈലം എന്നീ പ്ലേറ്റുകളനുസരിച്ച് വം ശാവലി ഇപ്രകാരം. 1,2,3 ശ്രീശൈലം പ്ലേറ്റ്.

1. സിദ്ധഭിക്ഷാവൃത്തി അയ്യങ്കാരുവിന്റെ ആജ്ഞാവർത്തി ഖേമിദേവൻ
2. വീരയ്യൻ
3. ശാന്തയ്യൻ 1
4. രണ്ട് മക്കൾ. ആളൂർ പ്ലേറ്റിലെ കേമിദേവ 2, കുമാരലിംഗൻ
5. താഡിപർത്തി ലിഖിതത്തിലെ ശാന്തയ്യൻ 2.

References

Epigraphica Andhrica Vol 4

Epigraphica Andhrica vol 6